
വരിസംഖ്യ 3 ക.

ഒറ്റപ്രതി 25 പൈ.

എ. കെ. സി. സി. ബുള്ളറ്റിൻ



ഷെവ. ഐ. സി. ചാക്കോ

Vol. 15 DECEMBER–JANUARY 1964–65 No. 11–12

ഈ ലക്കത്തിൽ

പേജ്

പത്രാധിപക്കുറിപ്പുകൾ 3
ഏ. കെ. സി. സി. എസ്റ്റേറ്റു് വാങ്ങണം 4
(തോമസ്സു് സെബാസ്റ്റ്യൻ കൺവീനർ)
കത്തോലിക്കാകോൺഗ്രസ്സിനു്
സമുദായത്തിന്റെ പിന്തുണ 5
(പ്രാദേശിക ലേഖകന്മാർ)
സ്നേഹത്തിന്റെ കൈത്തിരി 8
റോസക്കുട്ടി കാപ്പൻ)
ഭാരതീയസംസ്കാരം വർത്തിക്കാൻ സൂനഹദോസിൽ 11
(സി. എം. സെബാസ്റ്റ്യൻ, അതിരമ്പുഴ)
വിജയരഹസ്യങ്ങൾ 11
(ഡോക്ടർ ജോസഫ്, ഏറ്റുമാനൂക്കാരൻ)
പറുദീസാ! (ജി. സി. ടീലാർ) 12
നമ്മുടെ സാഹിത്യം (സി. കാലായിൽ, ഇൻഡോർ) 15
കുഞ്ഞുങ്ങളും ഹോമിയോപ്പതിയും 16
എന്തിനായ് ജനിച്ചു ഞാൻ (കവിത) 17
(സി. മേരി ബനീഞ്ഞാ, സി. ഡി.)
കേരളസംസ്കാരവും കത്തോലിക്കാസാഹിത്യകാരന്മാരും 18
(ചെറിയാൻ കൊച്ചുപുരയ്ക്കൽ)
പ്രലോഭനങ്ങളെ അഭിമുഖീകരിക്കാം
By Smiley Blanton, M. D. 19
(വിവർത്തകൻ— ഏ. എസ്. തോമസ്, മാരാരിക്കുളം)
കയ്യെത്താത്ത പൂവു് 20
(ജോസ് വാക്കയിൽപറമ്പിൽ, ബി. എ. ബി. എൽ.)
ഏ. കെ. സി. സി. യും
ഇതര സമുദായസംഘടനകളും 24
(അറയ്ക്കൽ ജെ. ആൻറണി)
സംഘടനാക്കാര്യം 25
രണ്ടു ദീപങ്ങൾ (ആർ. സി. വരിക്കയിൽ) 29
ഏ. കെ. സി. സി. മൂന്നുലക്ഷം ഫണ്ടു് 30
ബഡ്ജറ്റു പ്രസംഗം 32
(ഖജാൻജി—എം. സി. ചാക്കോ മാന്തുരുത്തിൽ)

G. E. C.

റേഡിയോകൾ

ദീർഘകാലം കേടുകൂടാതെ ഉപയോഗിക്കാം.

ശബ്ദമാധുര്യത്തിനു് ജി. ഇ. സി. റേഡിയോകൾ മാത്രം തിരഞ്ഞെടുക്കുക.

G. E. C. റേഡിയോകൾക്കു്:-

ഗ്ലോബു് റേഡിയോസു് & ഇലക്ട്രിക്സു്

(ദീപിക ആഫീസിനു സമീപം)

കോളേജു് റോഡു്, കോട്ടയം

(കോട്ടയം, ആലപ്പുഴ ജില്ലകളിലെ അംഗീകൃതവ്യാപാരികൾ)

എ. കെ. സി. സി. ബുള്ളറ്റിൻ

Vol. 15 | ഡിസംബർ–ജനുവരി 1964–65 | No. 11–12

പത്രാധിപക്കുറിപ്പുകൾ

സംഘടനാപ്രവർത്തനവും ഫണ്ടുപിരിവും

അഖിലകേരളകത്തോലിക്കാ കോൺഗ്രസ്സിനുള്ള പത്തു പൈസാപ്പിരിവ് 1964 ഡിസംബർ 25–ാംനു- ആരംഭിച്ചിരിക്കുകയാണു്. 1965 ജനുവരി 25 വരെയുള്ള ഒരു മാസക്കാലം കൊണ്ടു് കുറഞ്ഞതു് 3 ലക്ഷം രൂപയെങ്കിലും സമുദായാംഗങ്ങളിൽ നിന്നും സംഭാവനയായി പിരിച്ചെടുക്കുകയെന്നതാണു് മുഖ്യലക്ഷ്യം.

കുബേര കുചേല ഭേദമെന്യേ ആബാലവൃദ്ധം ജനങ്ങളും ഈ പരിപാടിയിൽ സഹകരിക്കുമെന്നു ഞങ്ങൾ പ്രതീക്ഷിക്കുന്നു. സമുദായത്തിലെ സ്ത്രീപുരുഷന്മാരുടെ ഒരു സെൻസ്സസ്സു് കൂടി ഈ ഫണ്ടുപിരിവിനോടൊപ്പം നടക്കുന്നതാണു്. ഈ സെൻസ്സസ്സു് പ്രയോജനകരമാകണമെങ്കിൽ സംഭാവന നൽകുവാൻ കഴിവില്ലാത്തവരെയും നിസ്സഹകരിക്കുന്നവരെയും കൂടി കണക്കിൽ ഉൾപ്പെടുത്തേണ്ടതാണു്.

ഫണ്ടുപിരിവിനും സംഘടനാപ്രവർത്തനങ്ങൾക്കും വേണ്ടി എ. കെ. സി. സി. ഒരു സംഘടനാമാസം പ്രഖ്യാപിച്ചിരിക്കുകയാണു്. ഇക്കാലയളവിൽ കേരളത്തിലെ എല്ലാ കത്തോലിക്കാ ഇടവകകളിലും ക. കോൺഗ്രസ്സിന്റെ ശാഖകൾ സ്ഥാപിക്കണം. കേരള കത്തോലിക്കരെ ഒറ്റക്കെട്ടായി എ. കെ. സി. സി. യുടെ കൊടിക്കീഴിൽ അണിനിരത്തുന്നതായിരിക്കണം നമ്മുടെ ലക്ഷ്യം. ''ഒത്തു പിടിച്ചാൽ മലയും പൊങ്ങും'' എന്ന കാര്യം നാം വിസ്മരിക്കരുതു്. ഏതാദ്ദശമായ ഒരു ശക്തി എ. കെ. സി. സി. യിലൂടെ നാം കൈവരിക്കണം. ഫണ്ടുപിരിവുകൊണ്ടു് സംഘടനയുടെ സാമ്പത്തികവൈഷമ്യങ്ങൾ പരിഹരിക്കുകയും എല്ലാ കത്തോലിക്കരും അംഗങ്ങളായി ചേർന്നു് സംഘടനയ്ക്കു് ശക്തിയും കെട്ടുറപ്പും ഉണ്ടാക്കുകയും ചെയ്താൽ ഈ ലക്ഷ്യം അപ്രാപ്യമല്ല.

''ഒന്നിച്ചാൽ നമ്മൾ നിലനിൽപ്പും, ഭിന്നിച്ചാൽ നമ്മൾ നശിക്കും'' എന്ന മുദ്രാവാക്യം മനസ്സിലിരുത്തി സ്ത്രീപുരുഷഭേദമെന്യേ എല്ലാവരും ക. കോൺഗ്രസ്സിൽ അംഗങ്ങളായി ചേരുകയും ഉദാരമായ സംഭാവനകൾ നൽകി ഫണ്ടുപിരിവു് വിജയിപ്പിക്കുകയും ചെയ്യുമെന്നു ഞങ്ങൾ പ്രതീക്ഷിക്കുന്നു. 1965 ജനുവരി 31–നകം ശാഖകളില്ലാത്ത സ്ഥലങ്ങളിൽ അംഗങ്ങളെ ചേർത്തും തെരഞ്ഞെടുപ്പുകൾ നടത്തിയും ശാഖകൾ രജിസ്റ്റർ ചെയ്യണം. പ്രവർത്തനരഹിതമായി കിടക്കുന്ന ശാഖകൾ പുനരുദ്ധരിച്ചു് ഹെഡ്ഓഫീസ്സിൽ എത്രയുംവേഗം അറിയിക്കണം. ഇക്കാര്യങ്ങളിലെല്ലാം ബ: വൈദികരുടെയും എല്ലാ സഹോദരീസഹോദരന്മാരുടെയും നിർല്ലോഭമായ സഹായസഹകരണങ്ങൾ ഉണ്ടാകണമെന്നഭ്യർത്ഥിക്കുന്നു.

ശ്രീ ഐ. സി ചാക്കോ

പണ്ഡിതനും സമുദായസ്നേഹിയുമായ ശ്രീ. ഐ. സി. ചാക്കോ കേരളത്തിന്റെ മാത്രമല്ല ഭാരതത്തിന്റെ തന്നെ ഒരനുഗ്രഹീത സന്താനമാണു്. ക്രിസ്തുമസ്സു് ദിവസമായ ഡിസംബർ 25–ാംനു- അദ്ദേഹം തൊണ്ണൂറാം വയസ്സിൽ പ്രവേശിച്ചു. ഏഴെട്ടു ഭാഷകളിൽ പ്രാവീണ്യം നേടിയിട്ടുള്ള ചുരുക്കം ചില മലയാളികളിലൊരാളാണു് ശ്രീ. ഐ. സി. സാഹിത്യ, സാമുദായിക, രാഷ്ട്രീയരംഗങ്ങളിൽ ഒരുപോലെ അദ്ദേഹം ശോഭിച്ചിരുന്നു. നാനാവിഷയങ്ങളിൽ ശ്രീ. ഐ. സി. യെപ്പോലെ വ്യക്തിമുദ്ര പതിച്ചിട്ടുള്ളവർ കേരളത്തിൽ ഉണ്ടായിട്ടില്ലെന്നതന്നെ പറയാം.

കഴിഞ്ഞ അരനൂറ്റാണ്ടു കാലത്തു കേരളത്തിലുണ്ടായ സാമുദായികവും, രാഷ്ട്രീയവുമായ എല്ലാ സംരംഭങ്ങളുടെ പിന്നിൽ ശ്രീ. ഐ. സി. യുടേ പാണ്ഡിത്യവും ദീർഘദൃഷ്ടിയും ബുദ്ധികൂർമ്മതയും പ്രവർത്തിച്ചിരുന്നു എന്നതു് ആർക്കും വിസ്മരിക്കാവുന്നതല്ല. നിവർത്തനപ്രസ്ഥാനത്തിനു് ബീജാവാപം ചെയ്തതു് ശ്രീ. ഐ. സി. യാണു്. ലോകത്തിലുള്ള സമസ്തയാളുകളും ദൈവത്തിന്റെ മക്കളാണെന്നുള്ള ബോദ്ധ്യത്തോടുകൂടി എല്ലാ ആളുകളെയും അദ്ദേഹം സ്നേഹിക്കുന്നു. അതുകൊണ്ടാണു് ജാതിമതഭേദമെന്യേ കൂടുതലാളുകളും ഐ. സി. യെ സ്നേഹിക്കുന്നതു്. വിനീതമായ പെരുമാറ്റവും ക്ലേശമില്ലാത്ത ജീവിതവും കൊണ്ടു് ഒരുത്തമ കത്തോലിക്കനായി അദ്ദേഹം ജീവിക്കുന്നു. സർവ്വശക്തൻ അനുഗ്രഹിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നതോടൊപ്പം സകല ഭാവുകങ്ങളും ഞങ്ങൾ നേർന്നുകൊള്ളുകയും ചെയ്യുന്നു.

ജനലക്ഷങ്ങളുടെ ഹൃദയം കവർന്ന തിരുമേനി

1964 നവംബർ 28–ാംനു- മുതൽ ഡിസംബർ 6–ാം തീയതി വരെ ബോംബെയിൽവച്ചു് നടന്ന ദിവ്യകാരുണ്യകോൺഗ്രസ്സു് കത്തോലിക്കരുടെ ആദ്ധ്യാത്മികപ്രബുദ്ധതയുടെ ഒരു പ്രകടനമായിരുന്നു. ഒരു തീർത്ഥാടകനായി അതിൽ സംബന്ധിക്കുവാൻ സമാഗതനായ തിരുമേനി സമാധാനത്തിന്റെയും സ്നേഹത്തിന്റെയും സന്ദേശവാഹകനായിട്ടാണു് ഭാരതത്തിലേയ്ക്കു പുറപ്പെട്ടതു്. പ. പിതാവിനു നൽകിയ മാതിരിയൊരു സ്വീ

കരണം ഇതിനു മുമ്പു ഭാരതം ദർശിച്ചിട്ടില്ല. തിരുമേനിയുടെ ഭാരതീയരീതിയിലുള്ള അഭിവാദ്യങ്ങളും ആശംസകളും, ജനലക്ഷങ്ങളുടെ ഹൃദയം കവർന്നുകളഞ്ഞു. എവിടെയെല്ലാം മാപ്പാപ്പാ ദർശനം നൽകിട്ടുണ്ടോ അവിടെയെല്ലാം ജനലക്ഷങ്ങളാണു തടിച്ചുകൂടി. ഭാരതം വിട്ടുന്ന സമയത്തു് തിരുമേനി പറയുകയുണ്ടായി: ‘‘നമ്മുടെ ഹൃദയം ഇവിടെ വിട്ടിട്ടാണു് പോകുന്നതെന്നു്’’ മാപ്പാപ്പാ ഭാരതത്തെയും, ഭാരതീയരെയും, ഭരണത്തലവന്മാരെയും എത്രകണ്ടു് സ്നേഹിച്ചുവെന്നു് ഇതിൽ നിന്നും മനസ്സിലാക്കുവാൻ നമുക്കു കഴിയും. അദ്ദേഹത്തിന്റെ സാന്നിദ്ധ്യവും പ്രഭാഷണവുമെല്ലാം ഭാരതീയർ ഒരിക്കലും മറക്കുകയില്ല. തന്റെ സാന്നിദ്ധ്യവും, ഉപദേശവും കൊണ്ടു് നമ്മെ ധന്യരാക്കിത്തീർത്തപോലെ ആറാമൻ മാപ്പാപ്പാ തിരുമേനിയോടു് ഭാരതത്തിലെ കത്തോലിക്കർ എക്കാലവും കടപ്പെട്ടവരായിരിക്കും.

പത്രാധിപക്കുള്ള കത്തു്

അല്പം ത്യാഗവും സമുദായസ്നേഹവുമുണ്ടെങ്കിൽ ഏ. കെ. സി. സി. സ്സു് മൂന്നു ലക്ഷമല്ല അതിൽ കൂടുതൽ ശ്രുപാ ഉണ്ടാക്കാം

ഏ. കെ. സി സി. മൂന്നു ലക്ഷം ഫണ്ടു് പിരിവു നടത്തിക്കൊണ്ടിരിക്കുകയാണല്ലോ. ഇത്തരുണത്തിൽ കത്തോലിക്കർ മനസ്സാകുന്നുവെങ്കിൽ താഴെ പറയുന്ന സംഗതി നടപ്പിലാക്കിയാൽ മൂന്നു ലക്ഷമല്ല, അതിൽ കൂടുതൽ തുക സംഭരിക്കുവാൻ കഴിയും.

കേരളകത്തോലിക്കരിൽസ്വന്തമായിട്ടു റബ്ബർ ഉള്ളവർ സർവ്വ ചെലവും എടുത്തശേഷം ഈ ആവശ്യത്തിലേയ്ക്കു് ഏല്പിക്കുന്നതായാൽ ആവശ്യമായ തുക നിഷ്പ്രയാസം ഉണ്ടാകുമെന്നുള്ളതിൽ യാതൊരു സംശയവുമില്ല. ആയതുകൊണ്ടു് ബന്ധപ്പെട്ടവർ, കേരള കത്തോലിക്കരുടെ ശ്രദ്ധ ഈ വിഷയത്തിലേയ്ക്കു് ക്ഷണിച്ചു കാണുവാൻ ആഗ്രഹിക്കുന്നു.

വി ജെ. ജോസഫ്,
പൂവരണി
24–12–’64

ഏ. കെ. സി. സി. എസ്റ്റേറ്റു് ഉടനെ വാങ്ങണം

പത്തുപൈസാപിരിവു് നിർദ്ദിഷ്ടതീയതിക്കകം പൂർത്തിയാക്കാൻ ആഹ്വാനം.

(തോമസ്സു് സെബാസ്റ്റ്യൻ കൺവീനർ)

കേരളത്തിലെ മുപ്പതു ലക്ഷം കത്തോലിക്കർക്കും ക്രിസ്തുമസ്സിന്റെയും നവവത്സരത്തിന്റെയും ഭാവുകങ്ങൾ.

ഏ. കെ. സി. സി. എസ്റ്റേറ്റു് നമ്പർ 1

ഫണ്ടു പിരിവു് പൂർത്തിയാകുമ്പോഴേക്കും അതായതു ജനുവരി 25കഴിഞ്ഞു് പിരിഞ്ഞുകിട്ടുന്ന മൊത്തം തുകയ്ക്കു് ഏ. കെ. സി. സി. എസ്റ്റേറ്റു് നമ്പർ 1 വാങ്ങണമെന്നുദ്ദേശിക്കുന്നു. ദൈവത്തിന്റെയും സമുദായത്തിന്റെയും നാമത്തിൽ ഞാനപേക്ഷിക്കുന്നു, എന്നെ ആരും നിരാശപ്പെടുത്തരുതേ, എന്നു്.

പത്തു പൈസാ പിരിവു സംബന്ധിച്ചുള്ള വാഴ്പോസ്റ്റുകളും വിജ്ഞാപനവും രസീതുബുക്കും പോസ്റ്റുവഴിയും ആംവശ്യവും കേരളത്തിലെ എല്ലാ ഇടവകകളിലേയ്ക്കും അയച്ചിട്ടുണ്ടു്. എവിടെയെങ്കിലും കിട്ടിയിട്ടില്ലെങ്കിൽ ഏ. കെ. സി. സി. നാഗമ്പടം കോട്ടയം എന്ന വിലാസത്തിൽ എഴുതിയാൽ ഉടൻ അയച്ചുതരുന്നതാണു്.

ആളൊന്നുക്കു പത്തു പൈസ

ചില സംശയങ്ങൾ ചിലർ ചോദിക്കുന്നുണ്ടു്. അവയ്ക്കുള്ളവും മറുപടി താഴെ ചേർക്കുന്നു. ഓരോ കുടുംബവുമല്ല പത്തു പൈസ സംഭാവന ചെയ്യേണ്ടതു്. ഓരോ കത്തോലിക്കനുമാണു്. കത്തോലിക്കന്റെ എന്നു പറയുമ്പോൾ വയ:ക്രമമില്ല, മൈനർ മേജർ വ്യത്യാസമില്ല. സ്ത്രീപുരുഷഭേദമില്ല. ഒരു കുടുംബത്തിൽ എത്ര അംഗങ്ങളുണ്ടോ അത്രയും പത്തു പൈസ സംഭാവന ചെയ്യണമെന്നു സാരം. ഏറ്റവും നിർദ്ധനർക്കുപോലും ഏ. കെ. സി. സി. യുമായി ബന്ധപ്പെടുവാനും അവകാശപ്പെടുവാനുമായിട്ടാണു് ഈ നിസ്സാരമായ ഒരു മിനിമം വച്ചിരിക്കുന്നതു്. ദൈവം സാമ്പത്തികമായ കൂടുതൽ അനുഗ്രഹിച്ചിട്ടുള്ളവർ കഴിവനുസരിച്ചു കൂടുതൽ കൊടുക്കണമെന്നു സാരം. രസീതു കൊടുക്കുന്നതു് ഓരോ പത്തു പൈസസ്സുമല്ല, ഒരു കുടുംബത്തിൽനിന്നു സംഭാവന ചെയ്യുന്ന മൊത്തം തുകയ്ക്കാണു്. തുക കേന്ദ്രത്തിൽ ലഭിച്ചാലുടനെ ഇടവകയിൽ നിന്നു ലഭിച്ച മൊത്തം തുകയ്ക്കു ഏ.കെ.സി.സി.യുടെ ട്രഷറർ ഒപ്പിട്ട രസീതു കൊടുക്കുന്നതാണു്.

തോട്ടങ്ങളെ സംബന്ധിച്ചു ചിലർ എഴുതുന്നുണ്ടു്. അതു സ്വാഗതാർഹമാണു്. ഏതു തരം തോട്ടം, എത്ര ഏക്കർ, എത്ര തുകയ്ക്കു് എന്നൊന്നും നിശ്ചയിക്കാറായില്ലെങ്കിലും സമുദായസ്നേഹികൾ അന്വേഷിച്ച ലഭിക്കുന്ന വിവരങ്ങൾ അറിയിച്ചുകൊണ്ടിരിക്കുന്നതു നന്നായിരിക്കും.

ഏ. കെ. സി. സി. ബുള്ളറിൻ

ലേഖകന്മാർക്കും, വായനക്കാർക്കും, ബന്ധുക്കൾക്കും
ഏ. കെ. സി സി. ബുള്ളറിന്റെ
ക്രിസ്തുമസ്സിന്റെയും നവവത്സരത്തിന്റെയും
ആശംസകൾ

ജനുവരി 25–നകമായിഎല്ലാ ഇടവകകളിലും പൊതുയോഗങ്ങ ളും ചേർന്നു് ശാഖകളും സ്ഥാപിക്ക കയും, കൂടുതൽ അംഗങ്ങളെ ചേർക്ക കയും നമ്മുടെ ചുരുങ്ങിയ ലക്ഷ്യ മായ ‹‹2500 ഇടവകകൾക്കു് 2500 ശാഖകളും'' സ്ഥാപിക്കുകയും ചെ യ്യണമേ.

മൂന്നലക്ഷം ഫണ്ടു്

ഇടവകകളിലും ശാഖകളിലും നി ന്നുമുള്ളപിരിവുതുകകൾകേന്ദ്രത്തി ലെത്തിക്കുന്നതു സംബന്ധിച്ചുള്ള നടപടിക്രമം.

(തോമസു് സെബാസ്റ്റ്യൻ)

ഓരോ ഇടവകയിലെയും ഫ ണ്ടിന്റെ പിരിവു സംബന്ധിച്ചു ള്ള റിപ്പോർട്ടുകൾ കിട്ടിക്കൊണ്ടി രിക്കുന്നു. ചില ഇടവകകളിൽ ഫ ണ്ടുപിരിവു് പൂർത്തിയായി. ചില സ്ഥലങ്ങളിൽ പിരിവു് തുടങ്ങി. പല ഇടവകകളിലും കമ്മിറ്റി രൂ പീകരണം കഴിഞ്ഞു.

പണം കേന്ദ്രത്തിൽ വന്നു തു ടങ്ങിയിരിക്കുന്നു ഈ അവസര ത്തിൽ താഴെ പറയുന്ന കാര്യങ്ങ ൾ ബഹുജനങ്ങളെ അറിയിക്കാൻ ആഗ്രഹിക്കുന്നു.

പിരിവു പൂർത്തിയാകുന്ന ഇട വകകളിൽനിന്നും ബ: വികാരി യുടെയോ ശാഖാ പ്രസിഡണ്ടി ന്റെയോവിശ്വസ്തനായ ഒരു ദൂതൻ വശം പണംഹെഡാഫീസിൽ എ ത്തിക്കുന്നതുഉചിതമായിരിക്കും. ഉ പയോഗിക്കാത്ത രസീതുകളും ഉപ യോഗിച്ച രസീതുകളുടെ കുറിയും താഴെപ്പറയുന്ന വിവരങ്ങളും ഒരു കാൽഷീറ്റു കടലാസ്സിൽ ഉംക്കൊ ള്ളിച്ചുള്ളഒരു സ്റ്റേറ്റ്മെൻറും പണ ത്തോടുകൂടി ഹെഡ്ഡാഫീസിൽ എ ത്തിക്കണമെന്നു് അഭ്യർത്ഥിക്കുന്നു.

സ്റ്റേറ്റ്മെൻറ്

1. രൂപത
2. ഇടവക
3. ഇടവകയിലെ കത്തോലി ക്കാവേനങ്ങൾ
4. ഇടവകയിലെ ആകെ കത്തോലിക്കാ ജനസംഖ്യ
5. സംഭാവനത്തുക
6. ബ: വികാരി, ശാഖാപ്രസി

കത്തോലിക്കാ കോൺഗ്രസ്സിനു്
സമുദായത്തിന്റെ പിന്തുണ

ഇടവകകൾതോറും കമ്മിറ്റികൾ രൂപീകരിച്ചു് ഫണ്ടുപിരിവു് ഊർജ്ജിതപ്പെടുത്തിയിരിക്കുന്നു.

(പ്രാദേശിക ലേഖകന്മാർ)

ഏറ്റുമാനൂർ

ഏറ്റുമാനൂർ മെത്രാപ്പോലീത്താതി രുമേനിയുടെ അനുഗ്രഹാശിസ്സുകളോടും നിർദ്ദേശങ്ങളോടുംകൂടി അഖിലകേരള കത്തോലിക്കാ കോൺ. പ്രവർത്തകരായ മെ. ഒ. വി. ജോൺ, പോൾ ജെ. കൊ ണ്ടാപ്പള്ളി, എം. വി. വർക്കി, ഇ. പി. വർഗീസു്, കെ. ജെ. ജയിം സു് തുടങ്ങിയവർ അതിരൂപതയിലെ എല്ലാ ഫൊറോനാകളും സന്ദർശിച്ചു് സം ഘടനാപ്രചരണം നടത്തിയിരിക്കുന്നു. ബ. വികാരിമാരും ഇടവകാംഗങ്ങളും കോൺഗ്രസ്സിനെ ശക്തിപ്പെടുത്തുന്നതി ൽ അതിയായ താല്പര്യത്തോടുകൂടി പ്രവ ർത്തിച്ചുവരുന്നു. മൂന്നലക്ഷം ക. ഫണ്ടുപി രിവു് പല ഇടവകകളിലും ആരംഭിച്ചു ഗണ്യമായ തുകകൾ സംഭരിച്ചുകഴിഞ്ഞി രിക്കുന്നു.

കുറവിലങ്ങാട്

കുറവിലങ്ങാട് ശാഖയുടെ ഒരു യോ ഗം പ്രസിഡണ്ടു ശ്രീ പി. സി. ജോ ൺ ബി. എ. എൽ. റ്റി യുടെ അദ്ധ്യ ക്ഷതയിൽ കൂടി പത്തുപൈസ ഫണ്ടുപി രിവിനു അംഗങ്ങളെ ചേർക്കുന്നതിനുവേ ണ്ടി വാർഡടിസ്ഥാനത്തിൽ കമ്മിറ്റിക ൾരൂപീകരിച്ചു് പിരിവു ഊർജ്ജിതപ്പെ ടുത്തുന്നതിനു് തീരുമാനിക്കുകയും ഫണ്ടു പിരിവു ഉൽഘാടനം ചെയ്കയും ചെയ്തു.

വെള്ളിയാമറ്റം

ഇവിടെനടന്ന ഇടവകാംഗങ്ങളുടെ ഒരു വിശേഷാൽ യോഗത്തിൽ മൂന്നു ല ക്ഷം ക. ഫണ്ടുപിരിവിലേക്കു് ഒരു ക മ്മിറ്റിയെ തിരഞ്ഞെടുത്തു. ജനു 3–ാംതീ യതി മുതൽ പിരിവു നടത്താനും തീരുമാനി ച്ചു. യോഗത്തിൽവച്ചുതന്നെ ഒരു ഗ്രൂപ കാംക്ഷി 10രൂപാ സംഭാവനനൽകി പി രിവു് ഉൽഘാടനംചെയ്തു.

ചേറ്റുതോട്

മൂന്നലക്ഷം ക. ഫണ്ടിലേക്കുള്ളചേ റ്റുതോട്ടിടവകയിലെ പിരിവു് ഡി. 31–നു് നടന്ന പൊതുയോഗത്തിൽവച്ചു റവ. ഫാ. ജോർജ്ജു് മുളങ്ങാട്ടിൽ ഉൽ ഘാടനംചെയ്തു. ഫൊറോനാ ഓർഗനൈ സർ ശ്രീ ജോസഫു് മൈലാടി പ്രസം ഗിച്ചു. എല്ലാ ഭവനങ്ങളും സന്ദർശിച്ചു് ഫണ്ടു ശേഖരിക്കുന്നതിനും അംഗങ്ങളെചേ ർക്കുന്നതിനുംവേണ്ടി ഇടവകയെ രണ്ടു വാർഡായിത്തിരിച്ചു് ഓരോ വാർഡിനും കമ്മിറ്റിയെ നിശ്ചയിച്ചു

ചിറക്കടവു്

പത്തുപൈസാപ്പിരിവു് ഒരു യാച കകുടുംബത്തിന്റെ ആദ്യത്തെ സംഭാവ നയോടുകൂടി വികാരി റവ. ഫാ. സി റിയക്കു് കോട്ടയരുകിൽ ഉൽഘാടനം ചെയ്തിരിക്കുന്നു. സേവനനിരതരായ പ ത്തുണ്ടു കുടുംബാരാധനാസഖ്യംഗങ്ങളാണു പിരിവു നടത്തുന്നതു്.

ആലപ്പുഴ

ആലപ്പുഴ ഫൊറോനാ ഇടവകയി ൽ അഡ്വാ. വി. ജെ. കുര്യൻ വള്ളവ ന്തറയുടെ നേതൃത്വത്തിൽ ഏ. കെ. സി. സി. ഫണ്ടുപിരിവു് ഊർജ്ജിതപ്പെട്ട ത്തിവരുന്നു.

മാർസ്ലീവാപ്പള്ളി ഇടവകയിൽവി കാരി ബ. വേലക്കളത്തിൽ സഖറിയാ സച്ചൻ ഒരു തുക സംഭാവന ചെയ്തുകൊ ണ്ടു പത്തുപൈസപ്പിരിവു് ഉൽഘാടനം ചെയ്തു.

കടുത്തുരുത്തി

കടുത്തുരുത്തി പഞ്ചായത്തു് ഒന്നാം വാർഡിലെ കത്തോലിക്കകോൺഗ്രസ്സ് മൂന്നലക്ഷം ഫണ്ടിന്റെ ഉൽഘാടനം ഇ ന്നുരാവിലെ ദീപിക ഏജൻസി ഓഫീ സ്സിൽവച്ചു് ശ്രീ പി സി ലൂക്കോസ് നിർവ്വഹിച്ചിരിക്കുന്നു.

കോതമംഗലം

3ലക്ഷം ഫണ്ടുപിരിവു് ഇന്നുകാല ത്തെ കുർബാനകഴിഞ്ഞു കൂടിയ യോഗ ത്തിൽവച്ചു പെ. ബ. മാത്തേക്കൻ മത്തായി അച്ചൻ ഉൽഘാടനംചെയ്തു. യോഗ ത്തിൽ ഒരു നല്ലതുക സംഭാവനയായി പിരിഞ്ഞുകിട്ടി. വാർഡുതോറും പി രിവുനടത്തുന്നതിനു ലോക്കൽകമ്മിറ്റിക

ഡണ്ടു് (കൺവീനർ) ഇവരുടെ ഒ പ്പും തീയതിയും.

ചില വ്യക്തികൾ ഹെഡാ ഫീസിലേയ്ക്കു് പണം മണിയോർ ഡറായി അയയ്ക്കുന്നുണ്ടു്. ഇതിൽ നിന്നു ഒരു കാര്യം വ്യക്തമാണു്. ആ കുടുംബങ്ങൾ ഏതെങ്കിലും ഇ ടവകയുമായി ബന്ധപ്പെടാതെ ഒ റ്റപ്പെട്ട വസിക്കുന്നു. അല്ലെങ്കിൽ അവരുടെ ഇടവകകളിൽ ഫണ്ടുപി രിവിനുള്ള പ്രാരംഭനടപടികൾ പോലും തുടങ്ങിയിട്ടില്ല.

ം രൂപീകരിക്കയുണ്ടായി.

ഏറണാകുളം

ഏറണാകുളം അതിരൂപതയിൽ ഒരു ചെറിയ പള്ളിയിലെ ഒരു ഇടവകാംഗം തന്റെ സഹധർമ്മിണിയുടെ ഉദരത്തിൽ കിടക്കുന്ന ശിശുവിനുവേണ്ടി ഏ. കെ. സി. ഫണ്ടിലേക്ക് സംഭാവന നൽകിയിരിക്കുന്നു.

ആലുവാ

മംഗലപ്പുഴ സെമ്മിനാരിയിലെ വൈദികവിദ്യാർത്ഥികളും അവരുടെ വിഹിതമായ 33 രൂപാ, റവ. ഫാ. ജെയിംസ് ചാവേലി അവർകളും മുഖാന്തിരം മണിയോർഡായി ഏ.കെ.സി.സി. ഓഫീസ്സിലേക്ക് അയച്ചുകൊടുത്തിരിക്കുന്നു.

കോട്ടയം

ഇന്ത്യൻ അതിർത്തിയിൽ കാവൽഭടനായി ദേവനമനുഷ്ഠിക്കുന്ന ശ്രീ പി. വി. ആൻറണി പെരുമ്പാൽ പത്തുപൈസയുടെ പകരം രണ്ടുരൂപാ ഏ. കെ. സി. സി. ഫണ്ടിനുവേണ്ടി മണിയോർഡർ അയച്ചിരിക്കുന്നു.

പൂഞ്ഞാർ

പൂഞ്ഞാർ ശാഖയിലെ പിരിവ് ഉൽഘാടനം ജനുവരി 3–ാംനു പൂഞ്ഞാർ പള്ളിഅങ്കണത്തിൽചേർന്ന പൊതുയോഗത്തിൽവച്ച് വികാരി റവ. ഫാദർ മൈക്കിളം പനച്ചിക്കൽ നിർവ്വഹിച്ചിരിക്കുന്നു.

വാഴക്കുളം

ഏ.കെ.സി.സി. വാഴക്കുളം ശാഖയുടെ ഒരു യോഗം സ്ഥലം ഫൊറോനാ വികാരി റവ. ഫാ. ജേക്കബ് തേവർപാടത്തിന്റെ അദ്ധ്യക്ഷതയിൽ കൂടി. ബ. അദ്ധ്യക്ഷൻതന്നെ അഞ്ചുരൂപാകൊടുത്തു ഒരു ടിക്കറ്റു വാങ്ങി ഒരു പ്രസംഗത്തോടുകൂടി പത്തുപൈസ പിരിവ് ഉൽഘാടനംചെയ്തു. തുടർന്ന് പലരും സംഭാവനകളും നൽകുകയുണ്ടായി. ഇടവകയിൽ പിരിവു നടത്തുന്നതിനായി വിവിധ ഭാഗങ്ങളിലേക്ക് പതിനാറു കമ്മറ്റിക്കാരെ തിരഞ്ഞെടുത്തു.

മാള

കത്തോലിക്കാ കോൺഗ്രസ്സിന്റെ ആഹ്വാനമനുസരിച്ച് മാള കത്തോലിക്കാകോൺഗ്രസ്സിന്റെ നേതൃത്വത്തിൽഫണ്ടുപിരിവ് ഊർജ്ജിതമായി നടന്നുവരുന്നു.

ചെങ്കൽപള്ളി

വാഴൂർ ചെങ്കൽപള്ളി ഇടവകജനങ്ങളുടെ ഒരു യോഗം റവ. ഫാ. കുരുവിളാട്ടാശ്ശേരിയുടെ അദ്ധ്യക്ഷതയിൽ കൂടി സ്ഥലത്തു് ഏ.കെ.സി.സി. യുടെ ഒരു ശാഖ സ്ഥാപിക്കുകയും പ്രസിഡണ്ട്, സെക്രട്ടറി, ഖജാൻജി എന്നീ സ്ഥാനങ്ങളിലേക്ക് യഥാക്രമം മെ. വി. എം. മാത്യു. ബി. എ., കെ. റ്റി. ചെറിയാൻ, പി. സി. ജോസഫ് എന്നിവരെ തിരഞ്ഞെടുക്കുകയും സംഘടനയുടെ

(34–ാം പേജ് തുടർച്ച)

മൂന്നുലക്ഷം ഫണ്ട്

ഇങ്ങനെ സംഘടനാപ്രവർത്തനങ്ങൾക്കും ബുള്ളറിന്റെ പ്രസിദ്ധീകരണത്തിനും ഹെഡ്ഓഫീസ്സു പണിയുന്നതിനും വിദ്യാഭ്യാസ വേതനങ്ങൾ നൽകുന്നതിനും വ്യവസായങ്ങൾ ആരംഭിച്ചു തൊഴിലില്ലായ്മക്കു പരിഹാരം കാണുന്നതിനും ശാഖാസംഘങ്ങൾ ഏറ്റെടുത്തുനടത്തുന്ന വിവാഹശവസംസ്ക്കാരനിധികൾ, കായികകലാപരിശീലനകേന്ദ്രങ്ങൾ, വായനശാലകൾ, യുവജനമഹോത്സവങ്ങൾ മുതലായവയ്ക്കു ധനസഹായം ചെയ്യുന്നതിനും ബലിഷ്ഠമായ ഫണ്ട് അത്യാവശ്യമാണ്. ഇതിലേയ്ക്കു ചങ്ങനാശേരി രൂപതാസംഘം പ്രസിഡണ്ടു ശ്രീ തോമസ് സെബാസ്റ്റ്യൻ അവർകൾ വിഭാവനചെയ്തതും കഴിഞ്ഞ പ്രതിനിധിസഭ അംഗീകരിച്ചിട്ടുള്ളതുമായ ഓരോ കത്തോലിക്കരിൽനിന്നും പത്തു പൈസയിൽ കുറയാതെ സംഭാവനപിരിച്ചു മൂന്നുലക്ഷം രൂപായുടെ ഒരു ഫണ്ട് ശേഖരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുന്ന വിവരം സമുദായാംഗങ്ങൾ ഏവരും ഇതിനോടകം അറിഞ്ഞിരിക്കുമെന്നു വിശ്വസിക്കുന്നു. ഈ ഫണ്ടു മുഴുവൻ ഉപയോഗിച്ചു ആദ്യമുള്ള ഒരു എസ്റ്റേറ്റു വാങ്ങുന്നതും അതിന്റെ ആദായം മേൽപ്പറഞ്ഞ കാര്യങ്ങൾക്കായി ഉപയോഗിക്കുന്നതാകുന്നു. ഇതിനെ എല്ലാ രൂപതാദ്ധ്യക്ഷന്മാരും തന്നെആശീർവദിച്ചു വിജയം നേർന്നിട്ടുണ്ട്. എല്ലാ കത്തോലിക്കാപത്രങ്ങളും വിശേഷവിധിയായി അതിനു പ്രസിദ്ധീകരണം കൊടുത്തിട്ടുണ്ട്. ഈ ഫണ്ടു പിരിക്കാനും സംഘടനാപ്രവർത്തനം ഊർജ്ജിതപ്പെടുത്താനുംവേണ്ടി 1964 ഡിസംബർ25മുതൽ 1965ജനുവരി 25വരെയുള്ള ഒരുമാസക്കാലം നിശ്ചയിച്ചിരിക്കുകയാണ്.

ഒരാൾ കുറഞ്ഞതു പത്തുപൈസ കൊടുക്കുകഎന്നതു നിസ്സാരമാണ്. എന്നാൽ അതു പിരിച്ചെടുക്കുന്നതിനു വളരെയേറെ പ്രയാസങ്ങളുണ്ട്. കേരളത്തിലുള്ള 2500ഇടവകകളിലും ചുമതലക്കാർചെന്നു പിരിവുനടത്തുക സാദ്ധ്യമല്ലല്ലോ. അതിനു ബ, വികാരിമാരുടെ ആത്മാർത്ഥമായ സഹകരണവും ശ്രമവുംകൂടാതെ ഇക്കാര്യം സാദ്ധ്യമല്ലതന്നെ. അതിലേക്ക് എല്ലാ ബ. വികാരിമാർക്കും ഫണ്ടുപിരിവിനുള്ള വാഗ്പോസ്റ്ററും ലഘുലേഖകളും രസീതുബുക്കുകളും അയച്ചുകൊടുത്തിട്ടുണ്ട്. ദയവായി അവർ അതു സസന്തോഷം സ്വീകരിച്ചു ശാഖ ഉള്ളടത്തു ശാഖാകമ്മറ്റിക്കാരേയും ശാഖയില്ലാത്തിടത്തു ബ. വികാരിയച്ചനു യുക്തമെന്നുതോന്നുന്ന ഏതെങ്കിലും സംഘടനയെയൊ അല്പാത്തപക്ഷം കുറെപേരെ ഒരു കമ്മറ്റിയായി ചുമതലപ്പെടുത്തിയൊ പിരിവു നടത്തിക്കേണ്ടതാണ്. ഓരോ വീട്ടുകാർക്കും ഒരു രസീതുവീതം കൊടുക്കണം. കത്തോലിക്കാവീടിന്റെ ഒരു സ്ഥിതിവിവരകണക്കുകൂടി ഉണ്ടാക്കുന്നതിനു ഇതുപയോഗപ്പെടുത്തണമെന്നുദ്ദേശമുണ്ട്. അതുകൊണ്ടു ഒരു വീടും വിട്ടുകളയുവാൻ ഇടയാക്കരുതു്. പണംതരാത്ത വീടുകളുടെ പേരും അംഗസംഖ്യയും അടങ്ങുന്നഒരുപ്രത്യേക ലിസ്റ്റുകൂടി തയാറാക്കണം. ഇതേപ്പറ്റി എല്ലാം ബ. വികാരിയച്ചന്മാർ പള്ളിയിൽ അറിയിച്ചിട്ട് വാർഡടിസ്ഥാനത്തിനു ആളുകളെ ചുമതലപ്പെടുത്തി അയച്ചു

മൂന്നുലക്ഷം ഫണ്ട് വിജയിപ്പിക്കുന്നതിനു് നിശ്ചയിച്ചു് ഇടവകയെ പല വാർഡുകളായി തിരിച്ചു് ഫണ്ടുശേഖരണം ആരംഭിക്കുകയും ചെയ്തിരിക്കുന്നു.

കുട്ടപ്പന

കുട്ടപ്പന ഇടവകജനങ്ങളുടെ സമ്മേളനം വികാരി റവ. ഫാ. ജോസഫ് മേപ്രക്കാരോട്ടിന്റെ അദ്ധ്യക്ഷതയിൽ സമ്മേളിച്ചു. തോലിക്കാകോൺഗ്രസ് ഫണ്ടുപിരിവു് ഉൽഘാടനം ചെയ്കയും സ്ഥലത്തു് കത്തോലിക്കാകോമ്പഗ്രസ്സിന്റെ ശാഖ സ്ഥാപിച്ചു് പ്രവർത്തനങ്ങൾ നടത്തുവാൻ വേണ്ടനേടപടികളും സ്വീകരിക്കുകയും ചെയ്തു.

വൈക

റവ. ഫാ. ജോബ് എളമ്പാശേരിയുടെ അദ്ധ്യക്ഷതയിൽകൂടിയ യോഗത്തിൽവച്ചു് എ.കെ.സി.സി.യുടെ മൂന്നുലക്ഷം ഫണ്ടു ഊർജ്ജിതമായ രീതിയിൽനടത്തുന്നതിനുവേണ്ടി ഒരു കമ്മറ്റിയെ തെരഞ്ഞെടുക്കുകയും ഫണ്ടുപിരിവു ഉൽഘാടനം ചെയ്കയും ചെയ്തിരിക്കുന്നു.

പിരിവു നടത്തിക്കണമെന്നു പ്രത്യാശിക്കുന്നു. രസീതുകളും പോരാതെ വരുന്ന പക്ഷം അവ ഇവിടെനിന്നും അയച്ചുതരാം. ഇങ്ങനെ പിരിവു പൂർത്തിയാക്കി 1965 ജനുവരി 25–ാംതീയതിക്കകമായി ബ. വികാരിമാർ പണവും രസീതുകുറ്റിയും ലിസ്റ്റുംകൂടി കേന്ദ്രകാര്യാലയത്തിലേയ്ക്കു അയച്ചുതരണമെന്നും അപേക്ഷിക്കുന്നു. ഇങ്ങനെ നമ്മുടെ സമുദായോദ്ധാരണത്തിനു സവ്പ്രധാനമായ ഇക്കാര്യം കുറെ ത്യാഗം സഹിച്ചു സാധിച്ചുതരണമേ എന്നു ഞാൻ സമുദായത്തിന്റെ നാമത്തിൽ എല്ലാ ബ. വികാരിമാരോടും വിനയപുരസ്സരം അഭ്യർത്ഥിക്കുന്നു. അതുകൊണ്ടു ഇവിടെനിന്നും അയച്ചിരിക്കുന്ന രസീതുബുക്കുകളും ലഘുലേഖകളും താജ്യകോടിയിൽ തള്ളിക്കളയാതെ മുൻപു പ്രസിദ്ധണ്ടു വളരെ വ്യയം ചെയ്ത ബ. വികാരിമാക്കയച്ച സ്ഥിതിവിവരക്കണക്കിന്റെ കാര്യത്തിൽ നേരിട്ട പരാജയംപോലെ വരാതെ— വേണ്ടതു ആത്മാർത്ഥമായിചെയ്ത ഈ സംരംഭത്തെ അങ്ങേ അറ്റം വിജയിപ്പിക്കണമെന്നു ഞാൻ വീണ്ടുംവീണ്ടും അപേക്ഷിക്കുകയാണു്. അതുപോലെ ഇന്നിവിടെ സന്നിഹിതരായിരിക്കുന്ന പ്രതിനിധികളും കത്തോലിക്കാകോൺഗ്രസ്സംഗങ്ങളും അംഗങ്ങളായിട്ടുള്ള എല്ലാ കത്തോലിക്കരും ഇതു വിജയിപ്പിക്കുന്നതിനായി അങ്ങേഅറ്റം ശ്രമിക്കണമെന്നു ഞാൻ അപേക്ഷിക്കുകയാണു്. ബ. വികാരിയച്ചന്മാരെ സമീപിച്ചു അവരോടു സഹകരിച്ചു അവരുടെ നിർദ്ദേശാനുസരണം വേണ്ടതു ചെയ്തു ഈ സംരംഭത്തെ എല്ലാ പ്രകാരത്തിലും വിജയപ്പിക്കുന്നതിനാവശ്യമായ ത്യാഗം സഹിക്കുന്നതിനുവേണ്ട പ്രതിജ്ഞ ചെയ്തു മുന്നോട്ടുപോകുക. ത്യാഗം കൂടാതെ ഒരു കാര്യവും വിജയിക്കുകയില്ലതന്നെ. N. S. S, നേയും S. N. D. P. യേയും ഉപമിക്കുന്നവർ അവരുടെ പ്രവർത്തനങ്ങളെപ്പറ്റികൂടി ചിന്തിക്കണം. അവരുടെ വിഷുപ്പിരിവു്, ജന്മനക്ഷത്രപ്പിരിവു്, ഉല്പന്നപ്പിരിവു് അഞ്ചുലക്ഷംഫണ്ടുപിരിവു്, പത്തുലക്ഷം ഫണ്ടുപിരിവു് ഇവയെല്ലാം കണക്കിലെടുത്തു അതുപോലെ നമുക്കും ഫണ്ടശേഖരിക്കുന്നതിനു വേണ്ട ശ്രമം ചെയ്യുകയല്ലാതെ വെറും വിമർശനങ്ങൾകൊണ്ടു യാതൊരു നേട്ടവും ഉണ്ടാകാൻ പോകുന്നില്ല. ഓരോരുത്തരും ഇതൊരത്യാവശ്യകാര്യമെന്നു കരുതി കഴിവുള്ള സംഭാവന സ്വയമേവ കൊടുക്കുകയും മറ്റുള്ളവർകൊടുക്കുന്നതിനു പ്രേരിപ്പിക്കുകയും ചെയ്യുകയാണു വേണ്ടതു്.

എല്ലാവരും കോൺഗ്രസ്സിനു വേണ്ടി വളരെ ഒന്നും പ്രവർത്തിക്കുവാനുള്ള സൗകര്യമോ സമയമോ ഇല്ലെന്നുള്ള പരമാർത്ഥമാണു്. പക്ഷെ അങ്ങനെയുള്ളവർ കഴിവുള്ള സംഭാവനകൊടുക്കുകയും സൃഷ്ടിപരമായ നിർദ്ദേശങ്ങൾ നല്കുകയുമല്ലാതെ Destructive Criticism– നാശകരമായ വിമർശനങ്ങൾകൊണ്ടു പ്രവർത്തകരെ ശ്വാസംമുട്ടിക്കുന്നതിനും കോൺഗ്രസ്സ്പ്രവർത്തനത്തിൽതന്നെ ചിന്താക്കുഴപ്പം സൃഷ്ടിക്കുന്നതിനും ഒരിക്കലും ശ്രമിക്കരുതെ എന്നും സ്നേഹബുദ്ധ്യാ ഞാൻ ഓരോരുത്തരോടും അഭ്യർത്ഥിക്കുകയാണു്.

കഴിഞ്ഞ ബഡ്ജറ്റുസമ്മേളനത്തിൽ പ്രതിനിധികളും ഓരോരുത്തരും കുറഞ്ഞപക്ഷം രണ്ടു ആയുഷ്കാലസാമാജികരെയും മൂന്നു ബുള്ളറ്റിൻ വരിക്കാരെയും എങ്കിലും ചേർത്തുതരണമെന്നു ഞാൻ അഭ്യർത്ഥിച്ചിരുന്നു. അതനുസരിച്ചു ആരെല്ലാം പ്രവർത്തിച്ചു എന്നു നിങ്ങൾതന്നെ സ്വയംആലോചിച്ചുനോക്കുക. ഓരോരുത്തരും കഴിവതു ശ്രമിച്ചെങ്കിലേ സംഘടനശക്തിപ്പെടുകയുള്ളു. കത്തോലിക്കാ കോൺഗ്രസ്സു എന്തുചെയ്തു എന്നു ചോദിക്കുന്നതിനു പകരം ഞാൻ കത്തോലിക്കാകോൺഗ്രസ്സിനു അഥവാ സമുദായത്തിനുവേണ്ടി എന്തു ചെയ്തു എന്നു നിങ്ങൾ നിങ്ങളോടുതന്നെ ചോദിക്കുക.

കീരിത്തോടുപ്രദേശങ്ങളിലെ കുടിയിറക്കുപ്രദേശങ്ങൾ കത്തോലിക്കാകോൺഗ്രസ്" നേതാക്കന്മാർ സന്ദർശിക്കുകയും ഗവണ്മെൻറിലേക്കു് മെമ്മോറാണ്ടം കൊടുക്കുകയും ചെയ്തിട്ടുണ്ടു്. കീരിത്തോടു മർദ്ദനത്തിൽ പ്രതിഷേധിക്കുന്നതിനു കോൺഗ്രസ് പ്രസിഡണ്ടും ജനറൽ സെക്രട്ടറിയും ഏതാനും വർക്കിംഗ്കമ്മറ്റി അംഗങ്ങളും കൂടി പരിഹാരപ്രക്ഷേപണം നയിച്ചു് അവർക്കായി 531 രൂപാ പിരിച്ചു കൊടുത്തു. തൈക്കലിലെ സിമിറ്റി വഴക്കിലും കത്തോലിക്കാ കോൺഗ്രസ് നേതൃത്വം കഴിവുള്ളതെല്ലാം ചെയ്തിട്ടുണ്ടു്. ദേവാലയധ്വംസനത്തെ പ്രതിഷേധിക്കുന്നതിനു കത്തോലിക്കാകോൺഗ്രസ്സിന്റെ ആഭിമുഖ്യത്തിൽ ചങ്ങനാശ്ശേരി രൂപതാസംഘം ഗംഭീരമായ ഒരു പ്രതിഷേധമഹായോഗം നടത്തുകയും 12 സഭാദ്ധ്യക്ഷന്മാർ സന്നിഹിതരാകുകയുംചെയ്ത സംഭവം മറക്കാനാവുന്നതല്ല. അതിരമ്പുഴ ശാഖാസംഘത്തിന്റെ ചുമതലയിലും ഒരു വലിയ പ്രതിഷേധയോഗം നടത്തി. ഇതിനായി ഇവരെ അഭിനന്ദിക്കുകയും അവരുടെ നേർക്കുള്ള കൃതജ്ഞത രേഖപ്പെടുത്തുകയും ചെയ്തുകൊള്ളുന്നു. കുനാനായ കത്തോലിക്കാ മഹാജനസഭയും ലത്തീൻ മഹാജനസഭയും കത്തോലിക്കാകോൺഗ്രസ്സുമായി അഫിലിയേറ്റുചെയ്യുന്നതിനുള്ള നടപടികളും പുരോഗമിച്ചുവരികയാണു്.

അഞ്ചുവർഷം മുൻപു ആഫീസിൽ സ്റ്റാമ്പുവാങ്ങിക്കുന്നതിനുപോലും നിവൃത്തിയില്ലാഞ്ഞിട്ടു വർക്കിംഗ്കമ്മറ്റി അംഗങ്ങൾ അയ്യഞ്ചു രൂപാവീതം എടുത്തു കാര്യം ഞാൻ ഓർമ്മിക്കുകയാണു്. ഇങ്ങനെ കോൺഗ്രസുപ്രവർത്തനം അന്നു വല്ലാതെ ശ്രുഷ്ടിച്ചുപന്നിരുന്നു. എന്നാൽ ഇപ്പോഴത്തെ പ്രസിഡൻറു ഭരണമേറ്റതിൽപിന്നെ താരതമ്യേന വളരെ അധികം പുരോഗതി പ്രാപിച്ചിട്ടുണ്ടു്. ഈ വർഷംതന്നെ വളരെ ബുള്ളറ്റിന്റെ അച്ചടിച്ചെലവു കൊടുക്കുന്നതിനു ആയിരം രൂപായും ഈ ഫണ്ടുപിരിവിന്റെ വായ്പോസ്റ്റും ലഘുലേഖകളും രസീതുകുറ്റിയും അച്ചടിപ്പിക്കുന്നതിനുവേണ്ടിവന്ന രണ്ടായിരം രൂപായും പ്രസിഡണ്ടു സംഭാവനയായി നൽകിയിട്ടുണ്ടു്. ഇങ്ങനെ അത്യാവശ്യത്തിനു പ്രസിഡണ്ടു

സ്നേഹത്തിന്റെ കൈത്തിരി

(റോസക്കുട്ടി കാപ്പൻ)

അന്നു്!

ആ കനത്ത കൂരിരുട്ടിൽ മിന്നാമിനുങ്ങുകളും വെട്ടിത്തിളങ്ങി. പാതിരാപ്പക്ഷികളും ചിറകിട്ടടിച്ചു. കാട്ടരുവികളും കണങ്ങി നൃത്തംവച്ചു് പൊട്ടിച്ചിരിച്ചു. ഒരു ശോകഗാനം!

അതു് ചക്രവാളസീമയിൽ വേദനയുടെ തീനാളങ്ങളും കൊളുത്തിവച്ചു. പ്രപഞ്ചഭിത്തിയിൽ അതിന്റെ ശബ്ദതരംഗങ്ങൾ പ്രതിധ്വനിച്ചു. കരളലിയിക്കുന്ന ശബ്ദം. എന്റെ ഹൃദയത്തിന്റെ ഏകാന്തതയിലേക്കു് അതു കടന്നുവന്നു. മനസ്സാക്ഷിയുള്ളവർക്കു് പരിചിന്തനത്തിനു പ്രചോദനം കൊടുത്തുകൊണ്ടു് ആഗാനവീചി അന്തരീക്ഷത്തിൽ മുഴങ്ങിക്കേട്ടു. ആ ഈരടികളും സ്വർഗ്ഗമണ്ഡലംവരെ ഉയർന്നു.

അതാ,

ഏകനായി പരിക്ഷീണിതനായി ഒരാൾ മന്ദം മന്ദം നടന്നകലുന്നു. ചിന്നിച്ചിതറിയ തലമുടി ആന്ധകാരത്തിന്റെ കൈപ്പത്തിയിൽ അമരുകയാണു്. അഗ്നിജ്വാലകളും— ദൈവസ്നേഹത്തിന്റെ അഗ്നിജ്വാലകളും— വിശാലനയനങ്ങളിൽ തത്തിക്കളിക്കുന്നു. കൺകോണുകളിൽ നിന്നു് ഉരുകിത്തിളയ്ക്കുന്ന കണ്ണുനീർ ഉതിർന്നു വീഴുന്നു. സാഹോദര്യത്തിന്റെ പടച്ചട്ടയുമണിഞ്ഞു് ആ തേജോരൂപം നടന്നകലുന്നു. അദ്ദേഹത്തിന്റെ കണ്ണുകൾ വട്ടമിട്ടു നോക്കുന്നു. കൺമിഴികളും ചുറ്റിത്തിരിയുന്നു. ഇരുൾക്കുമ്പാരത്തിലേക്കു് തുറിച്ചുനോക്കുന്നു. തരുനിരകളിൽത്തട്ടി അദ്ദേഹത്തിന്റെ സുന്ദരവദനം മുറിപ്പെടുകയാണു്. കരുത്തേറിയ കാട്ടുവള്ളികളും ചുറ്റിപ്പിണഞ്ഞു്, കൂർത്തമുള്ളുകളുമുളച്ചുകയറി, കൈത്തലങ്ങളിൽനിന്നു രക്തം ഉതിർന്നുവീഴുന്നു. എന്നിട്ടും...എന്നിട്ടും...!

ശാന്തഗംഭീരനായി, അലൗകികചൈതന്യം ചുറ്റും പ്രസരിപ്പിച്ചുകൊണ്ടു് ആ മഹാവ്യക്തി— ഒരു ദേവൻ— നടന്നകലുകയാണു്. പ്രതീക്ഷകളും പൊതിഞ്ഞുകൊണ്ടു് ക്ഷീണിതനെങ്കിലും ആവേശഭരിതനായി, കൂരിരുളും നിരുകളേ ഭേദിച്ചുകൊണ്ടു് ആ സൗന്ദര്യധാമം മുമ്പോട്ടു നീങ്ങുകയാണു്.

ഹൃദയമേ, അസ്വസ്ഥയാകാതിരിക്കൂ!

ഞാൻ മന്ത്രിച്ചു, എന്റെ ഹൃദയത്തോടു്. നിന്റെ കണ്ണുകളും അദ്ദേഹത്തിൽനിന്നു പിൻതിരിക്കൂ. ഞാൻ വീണ്ടും അതിനെ താക്കീതു നൽകി, ഹൃദയത്തുടിപ്പുകളെ— അവയിൽക്കുടികൊതിച്ചുചാടുവാൻ കാത്തിരുന്ന അഭിലാഷങ്ങളെ ഞാൻ അമർത്തിപ്പിടിച്ചു. ശക്തിയുറ്റ ദൃഷ്ടികളും മുറുക്കിയടച്ചു.

എന്തിനു്?

എനിക്കുറങ്ങണം. എന്റെ പട്ടമെത്തയിൽ ക്കിടന്നു്, സ്വപ്നമണ്ഡലത്തിൽ പാടിക്കളിക്കണം. അതായിരുന്നു. എനിക്കിഷ്ടം. വിയത്തോലിച്ച വിവശനായ, ഓടിക്കിതച്ച പരിശ്രാന്തനായ, വിശപ്പും ദാഹവും സഹിക്കുന്ന ആ പാവനാത്മാവിനെ സഹായിക്കുവാൻ ഞാൻ സന്നദ്ധയല്ലായിരുന്നു. വാരിപ്പുണരാൻ പൊൻകിനാവുകളും വേണ്ടെന്നുവച്ചു്, ത്യാഗവീഥിയിൽക്കൂടി ക്കടന്നുചെന്നു് ആ ദേവനെ നമസ്കരിക്കുവാൻ ഞാൻ തുനിഞ്ഞില്ല. ആനന്ദത്തിന്റെ മണിമെത്തയിൽ ഉല്ലസിച്ചുറങ്ങി, പരിലാളനയിൽ പുളകമണിഞ്ഞു് പൂക്കളും പുഞ്ചിരിയും തേടിനടന്നു് ഒഴുകിപ്പോകുന്ന നീർച്ചാലുകളിൽ മുങ്ങിക്കുളിച്ചു്, അവയിലെ മിനുമിനുത്ത പാറക്ഷണങ്ങളും പെറുക്കിയെടുത്തു് അമ്മാനമാടി അങ്ങനെ സുഖസമൃദ്ധിയിൽ ലയിക്കുവാൻ ഞാൻ ആഗ്രഹിച്ചു. മനസ്സാക്ഷിയുടെ സ്വരം!

അതെനിക്കു സുവ്യക്തമായി കേൾക്കാമായിരുന്നു. ഞാൻ കൊതിച്ചു എന്തിനു്? ഓടിയെത്തി അദ്ദേഹത്തിന്റെ രക്തമൂറുന്ന കവിൾത്തടങ്ങളും തുടച്ചുവൃത്തിയാക്കുവാൻ ആ സ്നേഹത്തിന്റെ മാധുര്യം മതിവരെ ആസ്വദിക്കുവാൻ, അദ്ദേഹത്തിന്റെ നിറഞ്ഞ കണ്ണുകളിലേക്കെത്തിനോക്കി അവിടെ മിന്നിത്തിളങ്ങുന്ന സ്നേഹത്തിന്റെ പൊൻപതക്കങ്ങളും വാരിപ്പിടിക്കുവാൻ, അദ്ദേഹം തള്ളിനീക്കുന്ന കാലടിപ്പാടുകളും ചുംബനം ചെയ്യുവാൻ, അങ്ങനെ പരിശാന്തി പ്രാപിക്കുവാൻ.

പക്ഷെ, എന്റെ ഹൃദയം!

അതു കട്ടുത്തുപോയിരുന്നു, അതിൽ പാപത്തിന്റെ കറകളും പറ്റിപ്പിടിച്ചിരുന്നു. ആ ദേവന്റെ പുറകെ ഓടിയെത്തുവാൻ തക്ക മനക്കരുത്തു് അതിനില്ലാതെ പോയി. മനസ്സാക്ഷിയുടെ സ്വരത്തെ അവഗണിച്ചുകൊണ്ടു് വീണ്ടും സുന്ദരസ്വപ്നങ്ങളിലേക്കു് ഞാൻ പിൻതിരിഞ്ഞു.

ഞാൻ ശ്രമിച്ചു,

എല്ലാം മറക്കുവാൻ. അനന്തതയിൽ തങ്ങിനിൽക്കുന്നശോകഗാനത രംഗങ്ങളും, സ്നേഹജ്വാലയിൽ ഉരുകിത്തിളയ്ക്കുന്ന ആ യാത്രികന്റെ കണ്ണുനീർ. എല്ലാം..എല്ലാം... ഞാൻ മറന്നു. ആ ഗായകന്റെ വസ്ത്രച്ചുരുളുകളും മിഴിനീരുകടിച്ചു വീർത്തുകഴിഞ്ഞു. നഗ്നപാദങ്ങളും വ്രണിതങ്ങളായി. നെടുവീർപ്പുകളും കൊടുങ്കാറ്റായി പരിവർത്തനം ചെയ്തു, അതെനിക്കു മനസ്സിലായി.

പക്ഷെ, അതു ഞാൻ വിസ്മരിച്ച അദ്ദേഹത്തിന്റെ രൂപം!

അതെന്റെ സ്വപ്നമണ്ഡലത്തിലേക്കും കടന്നുവന്നു. ഇരുണ്ട മേഘപടലങ്ങളും ആഴിയുടെ അടിപ്പരപ്പിലേക്കു് എത്തിനോക്കി. കൊടുങ്കാറ്റു് ആഞ്ഞടി

സഹായിക്കുന്നതുകൊണ്ടാണു് കോൺഗ്രസ്സു് പ്രവർത്തനം ഇത്രയും പുരോഗമിച്ചുകൊണ്ടിരിക്കുന്നതു്. പ്രസിഡണ്ടിന്റെ നിർല്ലോഭമായ ഈ സംഭാവനകൾക്കു വീണ്ടും വീണ്ടും ഞാൻ അകമഴിഞ്ഞ നന്ദി രേഖപ്പെടുത്തുവാൻ ഈ അവസരം വിനിയോഗിച്ചുകൊള്ളട്ടെ.

പേരും പെരുമയും സ്വാധീനശക്തിയുമുള്ള സമുദായാംഗങ്ങൾ കോൺഗ്രസ്സുപ്രവർത്തനത്തിനു തങ്ങളർഹതേതായ പങ്കുവഹിക്കുന്നതിനായി മുന്നോട്ടു വരണം. സമുദായപ്രാതിനിദ്ധ്യാടിസ്ഥാനത്തിൽ ഉദ്യോഗംകിട്ടിയവൻ അവർ കിട്ടിയവർ ചെയ്യാശേഷമെങ്കിലും സമുദായത്തോടുള്ള തങ്ങളുടെ കടമനിറവേറ്റുന്നതിനുവേണ്ടി സംഘടനാപ്രവർത്തനങ്ങളിൽ ത്യാഗപൂർവ്വം പ്രവർത്തിക്കണം. ദൈവം വളരെയധികം പണംകൊടുത്തനുഗ്രഹിച്ചിട്ടുള്ളവർ അവക്കു കിട്ടിയിരിക്കുന്ന ധനം സ്വന്താവശ്യത്തിനുമാത്രം ഉപയോഗിക്കാനല്ലെന്നുള്ള യാഥാർത്ഥ്യം മനസ്സിലാക്കി വളരെയധികം സംഭാവനകളും ചെയ്യണം.

ഇങ്ങനെ കോൺഗ്രസ്സു പ്രവർത്തനം നാനാപ്രകാരേണയും അഭിവൃദ്ധിയിൽനിന്നു അഭിവൃദ്ധിയിലേക്കുയരുവാൻ സമുദായാംഗങ്ങളും ഓരോരുത്തരും അവനവന്റെതായ പങ്കു ത്യാഗപൂർവ്വം നിർവ്വഹിക്കണമെന്നഭ്യർത്ഥിച്ചുകൊണ്ടും സൃഷ്ടിപരമായ നിർദ്ദേശങ്ങളും നിർഭയണങ്ങളും ക്ഷണിച്ചുകൊണ്ടും 1965 ലേയ്ക്കുള്ള ബഡ്ജറ്റു നിങ്ങളുടെ അംഗീകരണത്തിനായി സമർപ്പിച്ചുകൊള്ളുന്നു.

നിങ്ങൾക്കെല്ലാവർക്കും

എന്റെ വിനീത കൂപ്പുകൈ.

ജയ് ഹിന്ദ്.

നവതിയിലെ മംഗളപത്രം

(റവ. ഡോ. ജോജ്ജ് പാലത്തുമ്പാട്ട്)

വയോവൃദ്ധനെന്നതിനേക്കാൾ ജ്ഞാനവൃദ്ധനായ ഷെ. ഐ. സി. ചാക്കോയുടെ നവതി ആഘോഷത്തോടനുബന്ധിച്ച്, ഏതാനും സാഹിത്യകാരന്മാരും സുഹൃത്തുക്കളും ചേർന്ന് അദ്ദേഹത്തിനു നൽകിയ മംഗളപത്രത്തെപ്പറ്റി കെ.എൽ. അൽഫോസിന്റെ ഒരു വിമർശനം പത്രത്തിൽ കാണുകയുണ്ടായി.

കത്തോലിക്കാസഭയുടെ സന്താനമാകാനുള്ളസൗഭാഗ്യമുണ്ടായതിൽ അങ്ങേഅറ്റം അഭിമാനിക്കുകയും അതിൽ അനുഷ്ഠിച്ചിട്ടുള്ള വീരസേവനങ്ങളുടെ ഔദ്യോഗിക അംഗീകാരമുദ്രയായ ഷെവലിയർ സ്ഥാനം മാർപ്പാപ്പായിൽനിന്നും പ്രാപിച്ച് ധന്യനായിരിക്കുകയും ചെയ്യുന്ന ഐ. സി.യുടെ അപദാനങ്ങളെ പ്രകീർത്തിക്കുവാൻ കൂടിയവർ തന്റെ ജീവന്റെ ജീവനും സമാരാധ്യമായ കത്തോലിക്കാസഭയെ അവഹേളിക്കുന്ന പരാമർശങ്ങളും അദ്ദേഹത്തിനു നൽകിയ മംഗളപത്രത്തിൽ കടത്തിവിട്ടതു് ആ സഭാധികൃതനോടുചെയ്ത ഒരുപരാധം കൂടിയാണെന്നു് പറയേണ്ടിയിരിക്കുന്നു. അലൌകികപ്രഭാവവും അനശ്വരകാന്തിയുമുള്ള കത്തോലിക്കാസഭയുടെ അവകാശങ്ങളെ തൊട്ടുകളിക്കാൻ വ്യാമോഹിച്ച കിഞ്ചിജ്ഞന്മാരെ കറകളഞ്ഞ വിജ്ഞാനത്തിന്റെ മൂർച്ചയേറിയ പടവാളാൽ അരിഞ്ഞരിഞ്ഞു വീഴ്ത്തിയ ധിഷണാശാലിയും ക്രാന്തദർശിയാണു് ശ്രീ. ഐ.സി. യെന്നു് നമുക്കെല്ലാവർക്കുമറിയാം. അതിനാൽ തനിക്കു് സമർപ്പിച്ച മംഗളപത്രത്തിലെ അബദ്ധജഡിലവും ധിക്കാരപരവുമായ ജല്പനങ്ങളുടെ നേരെ അദ്ദേഹത്തിന്റെ പ്രതികരണമെന്തായിരിക്കുമെന്നു് നാം സംശയിച്ചിട്ടു കാര്യമില്ല. വേണ്ടതു വേണ്ടപ്പോഴും ചെയ്യാൻ അദ്ദേഹത്തിന്റെ പ്രായാധിക്യംഇന്നും അദ്ദേഹത്തെ തടയുമെന്നു് ശ്രീ. ഐ. സി യെക്കുറിച്ചു് അറിയാവുന്നവരാരും പറയുകയില്ല.

ആ മംഗളപത്രത്തിന്റെ പൂർണ്ണരൂപം

ച്ചു പരക്കംപാഞ്ഞു. നീണ്ടയാമിനിയുടെ പുറകോട്ടു മാറിക്കൊട്ടക്കുന്ന മണിക്കൂറുകളും അദ്ദേഹത്തിന്റെ രക്തത്തുടികളും പതിച്ചു് ചെമന്നു തുടുക്കുന്നതുപോലെ തോന്നി. അവിടത്തെഹൃദയവീണയിൽ നിന്നു് അനന്തസ്നേഹത്തിന്റെ തേൻതുള്ളികളും ഇറ്റുവീഴുകയാണെന്നു് ഞാൻ കരുതി.

അതാ, ഒരു നീണ്ടചൂടുനിശ്വാസം!

അതു് വേദനകൊണ്ടു കാർന്നുതിന്ന ശൂന്യം പ്രാപിച്ച ഹൃദയത്തിന്റെ ശ്വാസം മുട്ടലായിരുന്നു. ഘോരവനാന്തരങ്ങളിൽ ചൂറ്റിക്കറങ്ങി തന്റെ കണ്ണിലുണ്ണിയെക്കണ്ടെടുത്തു് തിരുതിരെ ചുംബിക്കുവാൻ വെമ്പൽ കൊള്ളുന്നഒരു സ്നേഹപിതാവിന്റെനീറുന്നനിലവിളിയായിരുന്നതു.

ഞാൻ ചിന്താമൂകയായി.

എനിക്കും പാടണമെന്നു തോന്നി. ഹൃദയഗതികൊണ്ടു നിയന്ത്രിച്ചുകൊണ്ടു് കണ്ണുകൊണ്ടു തിരുമ്മിത്തുറന്നുകൊണ്ടു് അങ്ങു വിദൂരത്തിലേക്കുഞാൻ എത്തിനോക്കി.

അതാ, ആ ഗായകൻ!

അദ്ദേഹം സംതൃപ്തനായിട്ടില്ല. ആരുംഅദ്ദേഹത്തെ സമാശ്വസിപ്പിക്കുന്നില്ല. ഹൃദയം തൃസിക്കുകയാണു് ആരെയോ പ്രതീക്ഷിച്ചു്, ആരെയോ സമാശ്ലേഷിക്കുവാൻ വെമ്പൽകൊണ്ടു്, ആരുടെയോ സ്നേഹത്തിലമരുവാൻ കാത്തുകാത്തു്.

അങ്ങനെ,

കാലംമുമ്പോട്ടുപോയി. എന്നും— — എന്നും നൂറുനൂറു രാത്രികളിൽ പൂനിലാവിലും കൂരിരുട്ടിലും ആ ശോകഗാനം ഞാൻ കേൾക്കുന്നുണ്ടായിരുന്നു. വിനാഴികകളും മണിക്കൂറുകളായി, ദിവസങ്ങളായി, വത്സരങ്ങളായി കടന്നുകൊണ്ടിരുന്നു.

എന്റെ പൊൻകിനാവുകളും!

അവയും കടന്നുപോയി. അവയുടെ പൂപ്പുഞ്ചി കടന്നുപോയി. ലോകസുഖത്തിന്റെ പുറകെ പ്രയാണം ചെയ്ത എന്റെ പാദങ്ങളും തളർന്നു. എന്റെ അപരാധത്തിനു്. ആ ദേവന്റെ തൃപ്പാദങ്ങളിൽ വീണു ചുംബനം ചെയ്യാത്തഅപരാധത്തിനു് പ്രപഞ്ചശക്തികളും എന്നോടു പ്രതികാരം ചെയ്യുന്നതായി എനിക്കു തോന്നി. കരിമേഘങ്ങളും ഗർജ്ജനം മുഴക്കി. തിരമാലകളും ആഞ്ഞിരമ്പി. കട്ടയുള്ള ഹൃദയത്തിൽ കാർക്കശ്യത്തിന്റെ കാരിരുമ്പാറകളും അടർന്നുവീണു. തരുനിരകളും അവയുടെ കരുന്നിലകളും പോലും എന്റെ നേർക്കു് വലിച്ചെറിഞ്ഞു. അങ്ങനെ എങ്ങും... എങ്ങും... കനത്ത പ്രതികാരത്തിന്റെ കൊടുമ്പിരി എനിക്കു ദൃശ്യമായി മിന്നൽപ്പിണരുകളും എന്നെ പരിഹസിക്കുകയായിരുന്നു. ആദ്യത്തെ പുലരിക്കാറ്റ് അപ്രത്യക്ഷമായി അന്നത്തെ മലർവാടികളും ശൂന്യങ്ങളായി. അന്നത്തെ മന്ദഹാസത്തിന്റെ മധുരധ്വനികളും വിഷജ്വാലകളായി മാറിക്കഴിഞ്ഞു ഞാൻ നിശ്ചയിച്ചു.

ആ നിശാഗായകന്റെ, എന്റെ ദേവന്റെ വിരിച്ചുപിടിച്ചിരിക്കുന്ന കരങ്ങളിൽ അഭയം തേടണമെന്നു. ഇപ്പോഴും യാത്രതുടർന്നുകൊണ്ടിരിക്കുന്ന ആ സ്നേഹഭിക്ഷുവിന്റെ പാദങ്ങളിൽ കെട്ടിപ്പിടിച്ചു് എന്റെ അവിശ്വാസ്യതകളും ക്ഷമാപ്പുചോദിക്കണമെന്നു്.എന്റെനന്ദിഹീനകൃത്യങ്ങൾക്കു പരിഹാരമർപ്പിക്കണമെങ്കിലും ലോകത്തിന്റെസ്നേഹബന്ധനം, അതു് എന്റെ ഹൃദയതന്ത്രികളെ വരിഞ്ഞുമുറുക്കി. ''പോകരുതു് പോകരുതു്'' എന്നു് എന്നെവിലക്കി. പലരും പരിഹസിച്ചു. പലരും കൈകൊട്ടിച്ചിരിച്ചു. വിരോധികളും എറിയുവാൻ ഉരുണ്ട കൽക്ഷണങ്ങളും കയ്യിലെടുത്തു. എന്റെജീവിതനൗകലക്ഷ്യമില്ലാതെഅന്ധകാരത്തിൽചുറ്റിക്കറങ്ങി ഏകയായി,

എന്റെ ഹൃദയത്തിന്റെ മണിയറയിലേക്കു് ഞാൻ പരിഭ്രമിച്ചു് എത്തിനോക്കി. അവിടെ സ്നേഹത്തിന്റെ കൈത്തിരി മങ്ങിമങ്ങിക്കത്തിക്കൊണ്ടിരുന്നു. ആ ദൈവികവെളിച്ചത്തിൽ എനിക്കു മനസ്സിലായി, നിശയുടെ നിശ്ശബ്ദതയിലെ ആ പ്രേമഗായകൻ അന്വേഷിക്കുന്നതു് എന്നെയാണു്. എന്റെ ഹൃദയവാതിലുൽ സ്നേഹദാഹത്തോടെ ആ ദേവൻ മുട്ടിവിളിക്കുകയാണെന്നെനിക്കു ബോദ്ധ്യമായി.

ഒന്നും ചിന്തിക്കാതെ,

ഞാൻ ഇറങ്ങിയോടി. അദ്ദേഹത്തിന്റെ പാദങ്ങളിൽ ഞാൻ കെട്ടിപ്പിടിച്ചു. ഒരു പ്രകാശധോരണി! അതിന്റെ പൊൻ വെളിച്ചത്തിൽ പാപത്തിന്റെ കരി പുരണ്ട ''നൂലാമാലകളും'' പൊട്ടിത്തെറിച്ചു് കന്മഷമാറി.

എന്റെ മലർവാടിയിൽ,

ഹൃദയത്തിന്റെ ശ്രീകോവിലിൽ ഇന്നും സ്നേഹത്തിന്റെ കൈത്തിരി നാഥനുവേണ്ടി മാത്രം ജ്വലിക്കുന്ന സ്നേഹത്തിന്റെ കൈത്തിരി— എന്നും— — എന്നും— — മിന്നിത്തിളങ്ങും. അതാണു് എന്റെ ജീവിതപാതയിലെ വെളിച്ചം തുകുന്ന വെള്ളിനക്ഷത്രം.

വെള്ളവെളിച്ചം പ്രദാനം ചെയ്യട്ടെ.

സർ,

നാടിന്റെ ഹൃദയത്തുടിപ്പുകളും ആ ലേഖനം ചെയ്തുകൊണ്ടു് പുരോഗതിയുടെ സുവർണ്ണപന്ഥാവിൽകൂടി നമ്മുടെ ബുള്ളറിന്റെ പ്രയാണം ചെയ്യുന്നതിൽ ഞാൻ ആനന്ദം കൊള്ളുകയാണു്. ആയിരമായിരങ്ങളിൽ ബുള്ളറിന്റെ വെള്ളിവെളിച്ചം പ്രദാനം ചെയ്യട്ടെയെന്നു ഞാൻ ആശ്രഹിക്കുകയാണു്.

യുവകലാകാരന്മാരെ പ്രോത്സാഹിപ്പിക്കുന്നതിൽ ബുള്ളറിൻകൈക്കൊള്ളുന്ന നിലപാടു് തികച്ചും അനുമോദനാർഹമാണു്. കലാമത്സരങ്ങളും സംഘടിപ്പിക്കുന്നതു സാഹിത്യരംഗത്തും മറ്റു പ്രവർത്തനമണ്ഡലങ്ങളിലും ഉണർവ്വും ഉന്മേഷവും സംജാതമാകുവാൻ സഹായകമായിരിക്കും.

പക്ഷെ, ഒരു ന്യൂനത. ബുള്ളറിന്റെ പേജുകളിൽ വളരെ കുറവായി മാത്രമാണു് സ്ത്രീകളുടെ കരവിരുതു് പ്രസ്പഷ്ടമാകുന്നതു്. സ്ത്രീകൾക്കു ബുള്ളറിനിൽ പങ്കില്ലേ എന്നുപോലും ഞാൻ ഓർത്തുപോവുകയാണു്. ആദ്യമാദ്യം അരങ്ങത്തിറങ്ങിയ വനിതാപംക്തിയും രാജമ്മയും മറ്റും എവിടെപ്പോയെന്നറിഞ്ഞുകൂടാ!

(റോസക്കുട്ടി കാപ്പൻ)

വായിക്കാനുള്ള ഭാഗ്യമോ നിർഭാഗ്യമോ ഇന്നുവരെ എനിക്കു കൈവന്നിട്ടില്ല. മംഗളപത്രത്തിലേതായി ശ്രീ. കെ. എൽ. അൽഫോൻസ് ഉദ്ധരിച്ച് വീമർശിച്ച ഒന്നുരണ്ടു വാക്യങ്ങളും, കത്തോലിക്കാസഭയെപ്പറ്റി സാമാന്യജ്ഞാനമുള്ള ഒരുവനും സഹിക്കാനൊക്കാത്തവയാണു്. അവയിൽ ഒന്നിനെമാത്രം അല്പം പരാമർശിക്കാനേ ഞാനാഗ്രഹിക്കുള്ളു. ''കത്തോലിക്കാനായി ജനിച്ചിട്ടും, കത്തോലിക്കനായി ജീവിച്ചിട്ടും, അങ്ങേക്കു് പഠിക്കാൻകഴിയാത്ത വിഷയങ്ങളില്ല, ചിന്തിക്കാൻകഴിയാത്ത കാര്യങ്ങളില്ല, പറയാൻ കഴിയാത്ത അഭിപ്രായങ്ങളില്ല, ഇടപെടാൻ കഴിയാത്ത സംഭവങ്ങളില്ല.''! അജ്ഞാനനിബിഡമായ ഈ ജല്പനത്തെപ്പറ്റി ശ്രീ. അൽഫോൻസ് സമഗ്രമായി വിമർശിച്ചിട്ടുണ്ടെങ്കിലും അത്രമാത്രംകൊണ്ടു് തൃപ്തിപ്പെടത്തക്കവണ്ണം അതിലഘുവായ ഒരു ആരോപണമല്ലിതു്.

അന്ധന്മാർ ആനയെക്കണ്ടിട്ടു് അഭിപ്രായം പറയുന്ന പ്രതീതിയാണു് ഏതെങ്കിലും വിജ്ഞാനശാഖയുടെ ഒരുവശത്തേയ്ക്കുമാത്രം ഒന്നെത്തിനോക്കിയിട്ടു് സർവ്വജ്ഞരെന്നഭാവേന എന്തിനേയും ഏതിനേയുംപറ്റി അഭിപ്രായം വിസർജ്ജിക്കുന്ന ഇവർ സൃഷ്ടിക്കുന്നതു്. നിറകുടങ്ങളല്ലാത്ത കുറെ ''കേരളീയ സഹൃദയ''ർക്കു് ഈ ഓളംതുള്ളാൻ ഒരു ആവർത്തനയോഗ്യമായി ത്തീർന്നിരിക്കുകയാണു്. ഒരു വിശ്രുതമെത്രാനും പണ്ഡിതാഗ്രേസരനുമായ ഫ്റാൻസിസ് സെയിൽസ് അഹങ്കാരികളെപ്പറ്റി പറഞ്ഞിരിക്കുന്ന ഒരുപമയാണു് പ്രകൃതത്തിൽ ഓർത്തുപോകുന്നതു്. മയിൽ തന്റെ പീലികളുടെ അഴകിൽ അമിതമായി ലഹരിപിടിച്ചു് അവ വിടർത്തി അഹങ്കാരനൃത്തം ചെയ്യുമ്പോഴും പുറുഷഭാഗം നഗ്നമാകുന്നതു്. അതറിയുന്നില്ല.! ഇതുപോലെതന്നെ ഞങ്ങൾക്കുണ്ടെന്നഭിമാനിക്കുന്ന എന്തിന്റെ ഒക്കയോപേരിൽ കുറയോ, പുളക്കമോ തത്തുല്യങ്ങളായ മറ്റൊന്നുമോ ഇല്ലെന്നും തേജസ്വിനിയായി ക്രിസ്തുതന്നെ തനിക്കു വധുവായി സ്വകീയമാക്കി''യിരിക്കുന്ന കത്തോലിക്കാസഭയെപ്പറ്റി ഒരു പുക്കുമറിയാതെ അഭിപ്രായം പറയുന്ന ഇവരുടെ നഗ്നമായ അജ്ഞതയ്ക്കു് ഇതിനേക്കാൾ വലിയ തെളിവൊന്നും അഭിജ്ഞന്മാർക്കു് ആവശ്യമില്ല.

ശ്രീ. ഐ. സി. ചാക്കോക്കെന്നല്ല ഏതൊരു കത്തോലിക്കനും സത്യത്തേയും കൈവെടിയാതെ ഏതു വിഷയത്തെപ്പറ്റിയും പഠിക്കാനും ഏതു കാര്യത്തെപ്പറ്റി ചിന്തിക്കാനും, ഏതഭിപ്രായവും പറയാനും ഉള്ള പരിപൂർണ്ണ സ്വാതന്ത്ര്യമാണു് കത്തോലിക്കാസഭയിലുള്ളതു്. അതിൽകൂടുതലായ എന്തോ ഒരുവിധ സ്വാതന്ത്ര്യബുദ്ധി ശ്രീ. ഐ. സിക്കു് ഉള്ളതായിട്ടാണു് മംഗളപത്രക്കാർ പറയുന്നതെങ്കിൽ അതു് അദ്ദേഹത്തിന്റെ സ്വഭാവത്തിൽ കരിതേക്കുകയായിരിക്കും.

ശാസ്ത്രവും കത്തോലിക്കാസഭയും

ശാസ്ത്രമണ്ഡലത്തിൽ കത്തോലിക്കാസഭചെയ്യുന്ന ഏറ്റവും വലിയ സേവനം, അതിലേയ്ക്കു് കടന്നുചെല്ലുന്നവരുടെ ബുദ്ധിയേയും മനസ്സിനേയും അപഥ സഞ്ചാരത്തിൽനിന്നും വിടത്തി നേർവഴിയിയിലൂടെ പുരോഗമിപ്പിക്കുക എന്നുള്ളതാണു്. പ്രകൃതിയിൽ ദൈവം നിക്ഷേപിച്ച ആശ്ചര്യകരമായ ശക്തികളും, മനുഷ്യനിൽ അതേ ദൈവംതന്നെ നിക്ഷേപിച്ച അത്ഭുതാവഹമായ ബുദ്ധിയും തമ്മിലുള്ള കൂടിക്കാഴ്ചയാണല്ലോ ശാസ്ത്രം. ഈ മഹാസത്യം ഇതേവിധത്തിൽ മനസ്സിലാക്കുന്നവരുടെ മുൻപന്തിയിലാണു് കത്തോലിക്കാ ശാസ്ത്രജ്ഞന്മാർ. ഒരു ശാസ്ത്രജ്ഞൻ നിരീശ്വരനോ, അജ്ഞതാവാദിയോ ആയാൽ അയാൾക്കു വാസ്തവത്തിൽ ശാസ്ത്രജ്ഞനെന്ന പേരിനു് അർഹനല്ല. അയാളുടെ നിലപാടുതന്നെ അശാസ്ത്രീയമാണു്. വെറും അജ്ഞനെന്ന അയാളെ സംബോധനചെയ്താൽ അതായിരിക്കും അയാളെ ശാസ്ത്രജ്ഞനെന്നു വിളിക്കുന്നതിനേക്കാൾ ക്ഷന്തവ്യം.

അഹന്തയുടെ പീലി വിടത്തിപ്പിടിച്ചാടിയ നമ്മുടെ മേല്പറഞ്ഞ മംഗളപത്രാസൂത്രകരുടെ ഒരു വലിയ നഗ്നത വെളിപ്പെട്ടതു് ഒരുപക്ഷേ അവർ ഇപ്പോഴും അറിയുന്നില്ലായിരിക്കാം: അതായതു്, എല്ലാ ശാസ്ത്രമണ്ഡലങ്ങളിലും കത്തോലിക്കാസഭയ്ക്കുള്ള അതുല്യസ്ഥാനം. ശാസ്ത്രത്തിന്റെ ഏതൊരു വിഭാഗവുമെടുത്തു പരിശോധിക്കുക, ഉയർന്ന ആദ്ധ്യാത്മിക നിലവാരം പുലർത്തിയ പേരെടുത്ത ശാസ്ത്രജ്ഞന്മാരെ അവിടെ നമുക്കു കാണാം. ഉദാ— ജ്യോതിശാസ്ത്രമെടുക്കുക: ഇന്നത്തെ ബഹിരാകാശഗവേഷണങ്ങളെല്ലാം വഴിതെളിച്ച കൊപ്പർണിക്കസ് (കത്തോലിക്കാ വൈദികൻ), കെപ്ലർ, ലെവരിയർ, വി. ഗ്രിഗോറിയോസ് മാപ്പാപ്പാ എന്നിവരെ പരാമർശിക്കാതെ ജ്യോതിശാസ്ത്രം(Astronomy) ഇല്ല. അതുപോലെതന്നെ ഗലീലേയോ, മാർക്കോണി, ആംപേർ, ഗാൽവാനി എന്നിവരെ ഒഴിച്ചുനിർത്തിയുള്ള പ്രകൃതിശാസ്ത്രം (Physics) ഉണ്ടോ? തത്വശാസ്ത്രത്തിലും ദൈവശാസ്ത്രത്തിലും അനിഷേദ്ധ്യനേതൃത്വം വഹിക്കുന്നവരല്ലേ വി. തോമസ് അക്വീനാസ്, വി. അഗസ്റ്റീനോസ്, മഹാനായ വി. ആൽബർട്ട്, പീറ്റർ ലൊമ്പാർഡ്, സ്വാരസ് തുടങ്ങിയവർ? രസതന്ത്രത്തിൽ അനശ്വരയശസ്സിനു് അർഹനല്ലേ ലൂയിപാസ്റ്റർ? മൈക്കിലാ ആൻജെലോ, റാഫേൽ. ഗ്യഡോറേനി, ജ്യോട്ടോ, ഫ്റാ ആൻജെലിക്കോ, ലയൊണാർഡോ ദാവഞ്ചി തുടങ്ങിയവരെ കൂടാതെ ചിത്രകലയെപ്പറ്റി ചിന്തിക്കാമോ? വിശ്രുതനായ സർ തോമസ് മൂർ, ഒക്കോണൽ, ഹിലേർബെല്ലോക്കു്, ജോൺ ഫിറെസ് ഗെറാൾഡ് കെന്നഡി തുടങ്ങിയവർ രാഷ്ട്രമീമാംസകരുടെ ഗണത്തിൽ ഒന്നാംകിടയിൽ സ്ഥാനമുള്ളവരല്ലേ? ഇപ്പറഞ്ഞവരെല്ലാംതന്നെ ഉത്തമകത്തോലിക്കരായിരുന്നു എന്നു മാത്രമല്ല, തങ്ങളുടെ കത്തോലിക്കത്വത്തിനേക്കാൾ ശ്രേഷ്ഠമായ മറ്റൊന്നു് ഭൂമുഖത്തില്ലെന്നു തികച്ചും ബോദ്ധ്യമുള്ളവരുമായിരുന്നു. സഭ അവരുടെ ഉയർച്ചയ്ക്കു് ഒരു പ്രതിബന്ധമല്ലായിരുന്നു എന്നു മാത്രമല്ല, അറിവിന്റെ തികവിൽ ഗർവ്വിന്റെ പുഴുക്കുത്തുണ്ടാകാതെ തങ്ങളെ സമാരാധ്യരാക്കിത്തീർത്തതു് കത്തോലിക്കാസഭ മാത്രമാണെന്നു് അവർ വചനത്തിലും പ്രവർത്തിയിലും പ്രഘോഷിച്ചിരുന്നവരുമാണു്.

നവതി ആഘോഷത്തിന്റെ ദ്വിതീയഘട്ടം സമ്മേളിക്കുമ്പോഴെങ്കിലും മംഗളപത്രക്കാർ മേല്പറഞ്ഞ തങ്ങളുടെ നീതികെട്ട ജല്പനങ്ങളെപ്പറ്റി ഖേദം രേഖപ്പെടുത്തുമെന്നും, അതിനുള്ള സഹൃദയത്വമുണ്ടാകുന്നില്ലെങ്കിൽ കുറഞ്ഞതു് മേലിൽ ഇത്തരം അബദ്ധങ്ങളും ആവർത്തിക്കാതിരിക്കാനുള്ള വിവേകം പ്രകടിപ്പിക്കയെങ്കിലും ചെയ്യുമെന്നു് വിശ്വസിക്കാം.

വരിസംഖ്യ അടയ്ക്കാത്തവർ

ബുള്ളറിന്റെ വരിസംഖ്യ കുടിശികപോലും അടച്ചുതീർക്കാത്തവർ ദയവായി കുടിശികയും മുൻകൂർ പണവും ഉടനെ അയച്ചുതന്നു് നമ്മുടെ പ്രസിദ്ധീകരണത്തെ വിജയിപ്പിക്കണമെന്നഭ്യർത്ഥിക്കുന്നു.

(പത്രാധിപർ)

അഭിപ്രായത്തിനയയ്ക്കുന്ന പുസ്തകങ്ങൾ

1. ജീവിതം സ്നേഹകഥയാണു് (നാടകം) സെബാസ്റ്റ്യൻ പുല്ലോപ്പള്ളി
2. കുവപ്പിലെ കറുപ്പു് (പ്രബന്ധം) സെബാസ്റ്റ്യൻ പുല്ലോപ്പള്ളി
3. വളർന്നു വരുന്ന തലമുറയ്ക്കു് ഫാദർ ജോസഫ് പുതിയാപറമ്പിൽ ബി. എ.
4. കത്തോലിക്കർ യൂദാസ്പക്ഷത്തിൽ (ലഘുപ്രബന്ധം) G.A.B. KANDES
5. സൂക്തിരത്നമാല (പദ്യം) വിദ്വാൻ ജോസഫ് മുകളയിൽ
6. സ്മരണ (പദ്യം) ജോസഫ് പി. മാൻവട്ടം

N.B. അഭിപ്രായങ്ങളും അടുത്ത ലക്കത്തിൽ. അഭിപ്രായത്തിനയയ്ക്കുന്ന പുസ്തകങ്ങളുടെ രണ്ടു പ്രതികളും അയച്ചുതരേണ്ടതാണു്.

(പത്രാധിപർ)

ഭാരതീയസംസ്കാരം വഞ്ചിക്കാൻ സൂനഹദോസിൽ

(സി. എം. സെബാസ്റ്റ്യൻ, അതിരമ്പുഴ)

വത്തിക്കാൻ സൂനഹദോസിൽ ഭാരതീയരായ നമ്മുടെ അഭിവന്ദ്യപിതാക്കന്മാർ—കർദ്ദിനാൾ ഗ്രാഷ്യസ്സ് തിരുമേനിയും പാറേക്കാട്ടിൽ തിരുമേനിയും അട്ടിപ്പേറവിതിരുമനസ്സുകൊണ്ടും ഭാരതീയ സംസ്ക്കാരവും ക്രിസ്തുമതവും തമ്മിൽ വളരെയധികം പൊരുത്തപ്പെട്ടുപോകുന്നുണ്ടെന്നുള്ള വസ്തുത കത്തോലിക്കാലോകം ഒന്നാകെ അംഗീകരിക്കത്തക്കവിധം തങ്ങളുടെ പ്രഭാഷണങ്ങൾവഴി പ്രഖ്യാപിച്ചിരിക്കുന്നു. ഇന്ത്യയിലെ എല്ലാ പത്രങ്ങളും തന്നെ തിരുമേനിമാരുടെ പ്രസ്താവനകളെ പ്രാധാന്യം കൊടുത്തു പ്രസിദ്ധപ്പെടുത്തിയതിൽ നിന്നും സൂനഹദോസിലെ ചർച്ചകളിൽ ഭാരതീയർ ശ്രദ്ധാലുക്കളാണെന്നും ഭാരതജനതയ്ക്ക് അഭിമാനവും സംതൃപ്തിയും വളർത്തുന്നവയായിരുന്നു ആ പ്രഭാഷണങ്ങളും എന്നും നാംമനസ്സിലാക്കേണ്ടിയിരിക്കുന്നു. ക്രിസ്തുവർഷം 52—ൽ തന്നെ സെൻറ് തോമ്മസ്സ കേരളത്തിൽ ക്രിസ്തുമതംസ്ഥാപിച്ച ഹിന്ദുമത പുരോഹിതന്മാരെയും അവരുടെകുടുംബാംഗങ്ങളെയുമാണ് വി. തോമ്മാശ്ലീഹാ ജ്ഞാനസ്നാനം നൽകി. ക്രിസ്തുനാഥന്റെ വഴിത്താരയിലേയ്ക്ക് ആനയിച്ചതു്. കേരളത്തിലെ സ്നാനാഥന്മാരായി അവർ തന്നെ തെരഞ്ഞെടുക്കപ്പെട്ടു. ആ പാരമ്പര്യം ഇന്നോളം കേരളീയ സഭ പുലർത്തിവരുന്നുണ്ട്. കേരളം ക്രിസ്തുവിന്റെ പ്രകാശത്തിൽ പുലർന്നുവരവെ സെൻറ് സേവ്യർ കേരളത്തിലും തമിഴ്നാട്ടിലും ജപ്പാൻദ്വീപാന്തരങ്ങളിലും സുവിശേഷപ്രകാശം പരത്തുകയുണ്ടായി, ഇങ്ങനെ സെൻറ്തോമ്മസിന്റെയും സെൻറ്സേവ്യറുടെയും പ്രേഷകപ്രവൃത്തിയുടെ ഫലമായി ഭാരതത്തിൽ ക്രിസ്തുമതം അഭംഗം നിലനിർത്തുന്നതിനും പ്രചരിക്കുന്നതിനും സംഗതിയായി.

ക്രിസ്തുമതംപോലെ മറെറാരു മതവും ഹൈന്ദവാചാരങ്ങളോടും ഭാരതീയ സംസ്ക്കാരത്തോടും പൊരുത്തപ്പെട്ടുപോയിട്ടുള്ളതായി ചരിത്രത്തിൽ കാണുകയില്ല. ആസ്തിക്യബോധത്തിൽ മതേതരരാഷ്ട്രമായി നിലകൊള്ളുന്നുണ്ടെങ്കിലും അതാത്മതങ്ങളുടെ നിലനില്പിനും അഭിവൃദ്ധിയ്ക്കും ബാധകമല്ലാത്ത തത്വസംഹിതകളും ഭാരതീയ ഭരണസംവിധാനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളതു് ഏവർക്കും ആശ്വാസപ്രദമാണ്. എന്നാൽ ജനാധിപത്യത്തിൽ ഭൂരിപക്ഷാഭിപ്രായത്തിനു് പ്രാധാന്യവും പ്രാബല്യവും ഉള്ളതിനാൽ ജനബോധത്തെ ആശ്രയിച്ചാണു് ഭാവിനടപടികളും രൂപം പ്രാപിക്കുന്നതു്. ഏതായാലും ഭാരതീയസംസ്കാരത്തിനു് ഭംഗംവരുത്തുന്ന വ്യവസ്ഥിതിയിലേയ്ക്കു് ജനങ്ങളെ നീങ്ങാതിരിക്കണമെങ്കിൽആസ്തിക്യബോധത്തിൽഅടിയുറപ്പിച്ചിട്ടുള്ള ഭാരതീയ സംസ്കാരത്തെ എല്ലാവരും മാനിക്കുക എന്ന ഈ തത്വം അഭിവന്ദ്യതിരുമേനിമാർ ഗ്രഹിച്ചിട്ടുള്ളതിന്റെ ഫലമായിട്ടാണു് ലോകത്തിന്റെ എല്ലാഭാഗത്തുനിന്നും സന്നിഹിതരായിട്ടുള്ള സൂനഹദോസു് പിതാക്കന്മാരെ അഭിസംബോധന ചെയ്തുകൊണ്ടു് ഭാരതീയസംസ്കാരത്തെപരാമർശിക്കുവാൻ ഇടയായിട്ടുള്ളതു്. ഈ തത്വം ഭാരതീയരായ നമ്മൾ കാര്യമായി കണക്കിലെടുക്കേണ്ടതാണു്. ഭാരതീയസംസ്ക്കരവും കലകളും ഒത്തു് ക്രൈസ്തവാദർശ്ശങ്ങളും മുന്നേറേണ്ടിയിരിക്കുന്നു,

38—ാമതുദിവ്യകാരുണ്യകോൺഗ്രസ്സ് ബോംബെയിൽവച്ചു നടത്തപ്പെട്ടതിൽ സ്വീകരിച്ചിട്ടുള്ള കലാപരിപാടികളിൽ പലതും ഭാരതീയമാണു.

വിദേശികളും ധാരാളം സംബന്ധിച്ചിരുന്ന ഈ ദിവ്യോത്സവത്തിൽ പാശ്ചാത്യ പൗരസ്ത്യസംസ്ക്കാരങ്ങളുടെയും കലാപരിപാടികളുടെയും സമഞ്ജസമായ ഒരു പ്രകടനം ദൃശ്യമാവുകയുണ്ടായി. അതിനാൽ ഭാരതീയ സംസ്ക്കാരത്തോടും ക്രൈസ്തവർക്കുള്ള അചഞ്ചലമായ ബന്ധവും ആദരവും ഏവർക്കും ഗ്രഹിക്കാവുന്നതാണു്. നമ്മുടെ എല്ലാ നടപടികളിലും കത്തോലിക്കാപ്രവർത്തനങ്ങളിലും ഭാരതീയ സംസ്ക്കാരത്തെ ആവുംവിധം ആദരിച്ചു് മുന്നോട്ടു പോകേണ്ടതു് ഒരത്യാവശ്യമാണെന്ന കേരളീയകത്തോലിക്കരും സ്ഥാപനങ്ങളും മനസ്സിലാക്കുമെന്നു് വിശ്വസിക്കുന്നു.

വിജയരഹസ്യങ്ങൾ

(ഡോക്ടർ ജോസഫ്, ഏറ്റുമാനൂക്കാരൻ)

നമ്മുടെ ജീവിതം വിജയപ്രദമായി നയിക്കുന്നതിനു് നാം ആഗ്രഹിക്കുന്നു. എന്നാൽ നമ്മുടെ പ്രതീക്ഷയ്ക്കു വിരുദ്ധമായി പല പരാജയങ്ങളും നേരിടുന്നു. ചിലതൊക്കെ തടയാൻ നമുക്കു സാധിക്കുകയില്ല. തടയാൻ സാദ്ധ്യമല്ലാത്ത പരാജയങ്ങളും നമ്മെ വലയം ചെയ്യുമ്പോൾ സർവ്വശക്തനായ ദൈവത്തിന്റെ തിരുവിഷ്ടത്തിനു കീഴ്പ്പെട്ടു് അവിടുത്തെ സഹായമഭ്യർത്ഥിക്കുകയല്ലാതെ വേറെ കരണീയമില്ല. എന്നാൽ പല പരാജയങ്ങളും അനിഷ്ടസംഭവങ്ങളും നമുക്കു മാറ്റാനിനിത്താൻ സാധിക്കും. അതിനായി വിജയപ്രദമായി ജീവിതം നയിക്കുന്നതിനാവശ്യമായ ചില തത്വങ്ങൾ പഠിക്കുകയും പ്രയോഗത്തിൽ വരുത്തുകയും ചെയ്താൽ മതി.

മനുഷ്യരെ ശത്രുക്കളാക്കരുത്

ജീവിതവിജയത്തിനേറെറാമാവശ്യമായ ഒന്നു് മനുഷ്യരെ വശത്താക്കുന്നതിനു് പഠിക്കുക എന്നതാണു്. മനുഷ്യരുമായി ഇടപെടുന്നതിനുള്ള സാമർത്ഥ്യത്തെ സൂര്യനു കീഴുള്ള മറെറന്തിനേയുംകാൾ താൻ വിലമതിച്ചിരുന്നു എന്നു് സുപ്രസിദ്ധ അമേരിക്കൻ കോടീശ്വരനായിരുന്ന റോക്ക് ഫെല്ലർ പ്രസ്താവിച്ചിട്ടുണ്ടു്.

നയമില്ലായ്മമൂലം ഒന്നിനു പുറകെ വേറൊന്നായി നമുക്കു പരാജയങ്ങളുണ്ടാകും. ആരോടെങ്കിലും നാം സംസാരിക്കുമ്പോൾ അയാളുടെ അഭിപ്രായങ്ങളെ പരമാവധി സമാദരിക്കുന്നതിനു ശ്രമിക്കണം. നാം ആരെയെങ്കിലും സന്ദർശിക്കുകയോ ആരോടെങ്കിലും സംസാരിക്കുകയോ ചെയ്യുമ്പോൾ അയാളിൽ നിന്നു് എന്തെങ്കിലും പഠിക്കാൻ ശ്രമിക്കണം. പക്ഷെ പലരും ശ്രമിക്കുന്നതു് അങ്ങോട്ടു പഠിപ്പിക്കാനാണു്. നാം നടത്തുന്ന ഓരോ സംഭാഷണവും മൂലം നമ്മുടെ അറിവു വർദ്ധിക്കണം.

ഓരോ ദിവസവും എന്തെങ്കിലും പഠിക്കണമെന്ന നാം ഒരു നിശ്ചയം നടത്തണം. അലക്സാണ്ടർ ചക്രവർത്തിയുടെ സമകാലികനായിരുന്ന അപ്പെല്ലസ് എന്ന ഗ്രീക്കു് ചിത്രമെഴുത്തുകാരന്റെ മുദ്രാവാക്യം നാം ഓരോരുത്തനും നമ്മുടേതായി സ്വീകരിക്കണം. "Nulla dies sine linea" ഒരു വരയെങ്കിലും വരക്കാതെ ഒരു ദിവസമെങ്കിലും കടന്നു പോകരുതു് എന്നാണു് ഇതിന്റെ അർത്ഥം. ഇതൊരു ചിത്രമെഴുത്തുകാരന്റെ മുദ്രാവാക്യമാണു്. ദിവസവും എന്തെങ്കിലും ചെയ്യാതിരിക്കരുതു് എന്നാണു് ഇതിന്റെ സാരം. അനുദിനം കുറച്ചു ജോലി വീതം ചെയ്താൽ വൻകാര്യങ്ങളും പൂർത്തിയാക്കാൻ സാധിക്കും. ഒരു ഗ്രന്ഥകാരൻ ദിവസം അര പേജെങ്കിലും എഴുതിത്തീർത്താൽ ആണ്ടിൽ 180 പേജുള്ള ഒരു പുസ്തകമെഴുതിത്തീർക്കാം. ഇരുപതു കൊല്ലംകൊണ്ടു് ഇരുപതു പുസ്തകമെഴുതിത്തീർക്കാം. ഇരുപതു പുസ്തകങ്ങളുടെ കർത്താവായിരിക്കുക എന്നതു് ഒരു വലിയ കാര്യമാണു്.

മറ്റുള്ളവരുടെ അറിവും നമ്മുടെ ജീവിതവിജയത്തിനായി ഉപയോഗിക്കണം. തെറ്റുകളും വരുത്താതെ വിജയങ്ങളും വരിക്കാൻ അത്ര എളുപ്പമല്ല, എന്നാൽ മറ്റുള്ളവരുടെ അറിവുകളും ഉപയോഗിച്ചാൽ തെറ്റുകളിൽ വീഴാതെ സൂക്ഷിക്കാം.

ജോലികളുടെ വിവിധത്വം

ജോലികളും വിശ്രമം കൂടാതെ ചെയ്യുന്നതു് അഭിലഷണീയമല്ല. ഇടയ്ക്കിടെ പത്തും പതിനഞ്ചും മിനിട്ടു വീതം വിശ്രമിക്കുന്നതു് ഏതു ജോലിയും ക്ലേശരഹിതമായി ചെയ്യുന്നതിനു്, നമ്മെ ശക്തരാക്കും. ഒരു പ്രസിദ്ധ അമേരിക്കൻ റേഡിയോ പ്രസംഗകനായിരുന്ന ഡോ. കാഡ്മൻ അനുദിനം പല തരത്തിലുള്ള വളരെയധികം ജോലികളും തീർത്തിരുന്ന ഒരാളാണു്. അനുദിനം അദ്ദേഹം മുപ്പതു കത്തുകളിൽ കുറയാതെ രചിക്കുകയും, തന്റെ പത്രത്തിനു് 1500 വാക്കുകളുള്ള ലേഖനമെഴുതുകയും. ഒരു പുസ്തകത്തിന്റെ ഏതാനും ഭാഗങ്ങളെങ്കിലും രചിക്കുകയും, ഒരു പുസ്തകമെങ്കിലും വായിച്ചുതീർക്കുകയും ചെയ്തിരുന്നു. പല തരത്തിലുള്ള ഇരുപതിലധികം ജോലികളും ഓരോ ദിവസവും ചെയ്തുതീർക്കാൻ അദ്ദേഹത്തിനു് എങ്ങനെ സാധിച്ചിരുന്നു എന്നോർത്തു് നാം അത്ഭുതപ്പെട്ടേക്കും. എന്നാൽ ജോലികളുടെ വിവിധത്വമാണു് അദ്ദേഹത്തിന്റെ കാര്യക്ഷമതയ്ക്കു നിദാനമായിരുന്നതു്. ഒറ്റ ഇരുപ്പിൽ ഒരേ ജോലി വളരെ നേരത്തേയ്ക്കു് ചെയ്താൽ മുഷിച്ചിൽ തോന്നും. ഇടവിട്ട പല തരത്തിലുള്ള ജോലികളും ചെയ്താൽ സമയം മുഷിച്ചിൽ കൂടാതെ കടന്നുപോകും.

സുപ്രസിദ്ധ ആംഗ്ലേയരാജ്യതന്ത്രജ്ഞനായിരുന്ന ഗ്ലാഡ്സ്റ്റൺ തന്റെ ഓഫീസിൽ നാലു മേശകളുപയോഗിച്ചിരുന്നു. ഒരു മേശ സ്വകാര്യകത്തിടപാടുകൾക്കും, വേറൊന്നു് സാഹിത്യവിഷയങ്ങൾക്കും, മറ്റൊന്നു് രാഷ്ട്രീയകാര്യങ്ങൾക്കും, നാലാമത്തേതു് പ്രത്യേകപഠനവിഷയങ്ങൾക്കുമായി വിനിയോഗിച്ചിരുന്നു. ഇങ്ങനെ വിവിധ വിഷയങ്ങൾക്കായി സമയം ചെലവഴിച്ചിരുന്നതുകൊണ്ടു് ഗ്ലാഡ്സ്റ്റണു് ഒന്നിലും മുഷിച്ചിൽ തോന്നിയിരുന്നില്ല. അദ്ദേഹം ഉന്നതസ്ഥാനങ്ങളുടെ പല കാര്യങ്ങളും ചെയ്തതീർത്തിരുന്നു.

ഓരോ മനുഷ്യനും എന്തെങ്കിലും ഒരു ജോലിയിലേർപ്പെട്ടു് പാടുപോലെ സമ്പാദിക്കണം. നമ്മുടെ നിലയ്ക്കു് പറ്റിയ ജോലി കിട്ടിയില്ല എന്നു് പറഞ്ഞു വ്യർത്ഥം സമയം ചെലവഴിക്കരുതു്. നഷ്ടപ്പെട്ട പോകുന്ന സമയം ഒരിക്കലും തിരിച്ചുകിട്ടുകയില്ല. പറ്റിയ ജോലി കിട്ടുന്നതുവരെ കിട്ടുന്ന ജോലി ചെയ്യണം. തൊഴിൽ ചെയ്യുന്നതിൽ യാതൊരുപമാനവുമില്ല. അമേരിക്കൻ പ്രസിഡണ്ടായിരുന്ന ജോൺസൺ ഒരു കാലത്തു മുള്ളവരുടെ ഷൂസ് പോളീഷ് ചെയ്യുന്ന ജോലിയിൽ ഏർപ്പെട്ടിട്ടുണ്ടു്. ഒരു കാര്യവും നിസ്സാരമെന്നു പറഞ്ഞു തള്ളിക്കളയരുതു്.

കീഴെ ഉദ്ധരിക്കുന്ന കുറവുകളും ഒരു മനുഷ്യന്റെ ജീവിതവിജയത്തിനു വിലങ്ങുതടികളായിരിക്കും. 1) അഹംഭാവം, 2) മറ്റുള്ളവരോടു് അനാദരവു് 3) ദോഷ്യപ്രകൃതി, 4) മനുഷ്യസ്നേഹമില്ലായ്മ, 5) അലസത.

പ്രായം പ്രതിബന്ധമല്ല

എന്തെങ്കിലും പഠിക്കുകയോ പ്രവർത്തിക്കുകയോ ചെയ്യുന്നതിനു് പ്രായം ഒരു പ്രതിബന്ധമല്ല. ഏതു പ്രായത്തിലും മനസ്സുണ്ടെങ്കിൽ പഠിക്കുകയും, പ്രവർത്തിക്കുകയും ചെയ്യാം. മൊസ്സാർട്ടു് ആറാമത്തെ വയസ്സിൽ സംഗീതസദസ്സുകളും നടത്തിയിരുന്നു. മൈക്കലാഞ്ചലോ തനിക്കേറെമധികം കീർത്തി സമ്പാദിച്ച ചിത്രം 87–ാമത്തെ വയസ്സിലാണു് വരച്ചതു്. 80–ാമത്തെ വയസ്സിൽ കാറോ ഗ്രീക്കും, പ്ലൂട്ടാർക്കു് ലത്തീനും പഠിച്ചുതുടങ്ങി. ബഞ്ചമിൻ ഫ്രാങ്ക്ളിൻ 50–ാമത്തെ വയസ്സിലാണു് തത്വശാസ്ത്രപഠനമാരംഭിച്ചതു്. പിറ്റ് 24-ാമത്തെ വയസ്സിലും, ഗ്ലാഡ്സ്റ്റൺ 83–ാമത്തെ വയസ്സിലും ബ്രിട്ടീഷ് പ്രധാനമന്ത്രിമാരായി. ഗേഥേ പത്താമത്തെ വയസ്സിൽ ഒരു ഗ്രന്ഥകാരനായിത്തീർന്നു. എന്നാൽ അദ്ദേഹം തന്റെ പ്രധാന കൃതിയായ Faust എഴുതിയതു് 80–ാമത്തെ വയസ്സിലാണു്. ലെയൊണാർദോ ദാവീഞ്ചി അദ്ദേഹത്തിന്റെ ഭുവനപ്രസിദ്ധമായ തിരുവത്താഴത്തിന്റെ ചിത്രം വരച്ചതു് 77–ാമത്തെ വയസ്സിലാണു്. വി. ജോവാൻ ഓഫ് ആർക്കു് വെറും പതിനാറാമത്തെ വയസ്സിലാണു് ഫ്രാൻസിനെ ശത്രുഹസ്തങ്ങളിൽ നിന്നു് രക്ഷിച്ചതു്.

മേൽ പ്രസ്താവിച്ചിട്ടുള്ളവയിൽ നിന്നു് തെളിയുന്നതു് ഏതു ജോലിയും ചെയ്യുന്നതിനു് പ്രായം പ്രതിബന്ധമല്ല എന്നാണു്. മനസ്സുണ്ടായിരുന്നാൽ മാത്രം മതി. കൂടെ പരിശ്രമശീലവും ആവശ്യമാണു്. നമുക്കു ലഭിക്കുന്ന അവസരങ്ങളൊന്നും പാഴാക്കിക്കളയുകയുമരുതു്.

പറുദീസാ!

(ജി. സി. ടീലാർ)

1917–ലെ ബോൾഷെവിക്കു് വിപ്ലവം കഴിഞ്ഞു. മുള എടുക്കുവാൻ പോകുന്ന പറുദീസായെപ്പറ്റി പുരോഗമന സാഹിത്യകാരന്മാർ സ്വപ്നംകാണുവാൻ തുടങ്ങി. ജ്വലിക്കുന്ന ആശയങ്ങളും അവർ കടലാസ്സിൽ നിരത്തിവച്ചു. വായിച്ചവർക്കു് ആ പറുദീസാ ഒന്നു കണ്ടിട്ടു മരിച്ചാൽ മതിയായിരുന്നു എന്നവരെ വേലിയേറ്റംവന്നു. അതു് അവരുടെ തലമുറയിൽതന്നെ വരികയും ചെയ്തു.

''കുഞ്ഞേ, നീ എന്തെടുക്കുവാ?'' ചോദിച്ച അമ്മ തന്റെ കൊച്ചുമകളോടു്. ആ ചോദ്യത്തിൽ മകനുകു് ഈർഷ്യയാണു തോന്നിയതു് അമ്മ എന്നും മകനും എന്നും ഉള്ളവാക്കുകളും മുതലാളിമൂരാച്ചികളുടേതാണെന്നും റഷ്യയിൽ അതിനൊന്നും യാതൊരർത്ഥവുമില്ലെന്നുമാണു് അവനും സ്കൂളിൽവച്ചു പഠിച്ചതു്. അവനും സൈര്യം ചോദിച്ചു; ''നിങ്ങളും ആരാണു് എന്നോടിങ്ങനെ ചോദിക്കാൻ?'' ജൊക്കോബാത്തിന്റെ കണ്ണുകളിൽ നിന്നും കണ്ണുനീർ ധാരധാരയായി ഒഴുകി. മകനുകുവേണ്ടി അവർ കഷ്ടപ്പെട്ടിട്ടുള്ളതു കുറച്ചൊന്നുമല്ല. സാർചക്രവർത്തിയുടെ കാലത്തും അവർ കഷ്ടപ്പെട്ടാണു ജീവിച്ചതു് സ്വന്തം വയറു വരിഞ്ഞുമുറുക്കി അവർ മകനുകു തൃപ്തിയാംവണ്ണം ആഹാരം കൊടുക്കുമായിരുന്നു. മരിയയ്ക്കു സുഖക്കേടുവന്നപ്പോഴും അനേകം രാത്രികളിൽ ഉറക്കമിളച്ചിരിക്കാൻ അവനും മടിച്ചില്ല. അന്നൊക്കെ അമ്മയും മകളുമായിട്ടാണു് അവരിരുവരും കഴിഞ്ഞുകൂടിയതു്. മകളെ ഓർത്തു് ഒരു പുനർവിവാഹംപോലും വേണ്ടന്നു വച്ചതാണവർ.

എന്നാൽ പറുദീസായിൽ കാലുകുത്തിയപ്പോഴും അവർ ഞെട്ടിപ്പോയി. സ്ത്രീകും പുരുഷനും അവിടെ പരിപൂർണ്ണ സമത്വം പ്രഖ്യാപിക്കപ്പെട്ട. ജൊക്കോ

വാത്തു് മറ്റു പുരുഷന്മാരോടൊപ്പം കൂ
ടുവെട്ടു്, ഇരുമ്പുപണി, മരംകയറ്റം മു
തലായ ജോലികളെല്ലാം ചെയ്യണമെന്നു
വന്നു. ഗവണ്മെണ്ടിന്റെ ആരോഗ്യവകു
പ്പിൽനിന്നും ഒരു കല്പനകൂടി—''സ്ത്രീസ
ഹജമായ അവശതകളെ നിമിത്തം ജോ
ലിയിൽനിന്നും ഒഴിവാക്കുവാൻ സ്ത്രീക
ളെ ആരെയും അനുവദിച്ചുപോകരുതു്.!
ജൊക്കോബാത്തു് പണ്ടുതന്നെ ഒരു പട്ടി
ണിക്കോലമായിരുന്നു. പക്ഷേ അന്നെ
ങ്കിലും അവശംകിഷ്ടമില്ലാത്ത ജോലി ആ
രും അവളെക്കൊണ്ടു ചെയ്യിച്ചിരുന്നില്ല.
വേലയില്ലെങ്കിൽ കൂലിയുമില്ല എന്ന ത
ത്വമേ അവർക്കറിയാമായിരുന്നുള്ളു. പ
ക്ഷേ ദീസായിൽ അതല്ല വ്യവസ്ഥിതി. ആ
രുടെയും ഇഷ്ടാനിഷ്ടങ്ങളനുസരിച്ചല്ല
ജോലിചെയ്യേണ്ടതു്.

ലെനിനവേണ്ടി ഒരു വേനൽക്കാല
വസതിയുണ്ടാക്കുവാനുള്ള ജോലിയിൽ
ഉദ്യോഗസ്ഥവൃന്ദം വ്യാപൃതരായിരിക്കു
കയായിരുന്നു. ജൊക്കോബത്തിനു കരി
ങ്കൽ കീറുവാനുള്ള ജോലിയാണു കിട്ടി
യതു്. ജീവനെ ഭയന്നു് ആ ജോലി അ
വർ വിശ്രമംകൂടാതെ ചെയ്തുകൊണ്ടിരു
ന്നു. എങ്കിലുംക്ഷീണിച്ച ഗാത്രം മനസ്സി
ന്റെ ഭയത്തെ നിറുത്തിയില്ല. അവർ
തളർന്നു വീണുപോയി അനുകമ്പാകല
രായ ചിലർ അവരെ താങ്ങിയെടുക്കുവാ
ൻ ഓടിയെത്തി. ഗവണ്മെൻറു് കൺട്രാ
ക്ടറിനു് അതൊട്ടും ഇഷ്ടപ്പെട്ടില്ല. അനു
കമ്പകൊണ്ടു് ജോലിനിറുത്തിയവർക്കെ
ല്ലാം അയാൾ ഓരോ റൂബിൾ പിഴ ഇട്ടു:
ഒരു ചാട്ടകൊണ്ടു് ജൊക്കോബാത്തിനെ
അടിയും തുടങ്ങി. അവർ ഞെളിപിരി
കൊണ്ടു നിലവളിച്ചു. എന്നിട്ടും അടി
നിന്നില്ല. വൈകുന്നേരം 6 മണിയായി
കിടന്നിടത്തുനിന്നും അവർ എഴുന്നേറ്റി
ല്ല. മണിയടിച്ചപ്പോൾ ജോലിസ്ഥല
ത്തുനിന്നും എല്ലാവരും പിരിഞ്ഞു. തള
ർന്ന ഒരു ശരീരം കീറത്തുണിയിൽ പൊ
തിഞ്ഞു് ആ പാറക്കെട്ടിൽ ശേഷിച്ചു.
ശ്വാസോച്ഛ്വാസം നിലച്ചിട്ടില്ല.

വളരെ വൈമനസ്യത്തോടെയാണു
മറിയ അന്നു സ്ഥലംവിട്ടതു്. കൺട്രാക്ടറി
ന്റെ കണ്ണുമറച്ചു് പലപ്പോഴും അവൾ പുറ
കോട്ടു നോക്കി. ''സോവ്യറ്റ് സ്ത്രീകളെ
നിരുപയോഗമായ വീട്ടുവേലയിൽ നി
ന്നും വിമോചിക്കപ്പെട്ടിരിക്കുന്നു'' എ
ന്നെഴുതിയിട്ടുള്ള ഷബുറോവിന്റെ ഗ്രന്ഥ
മാണു് അവൾ സ്കൂളിൽവച്ചു പഠിച്ചിട്ടു
ള്ളതു്. ആ ഭാഗം വീണ്ടുംവീണ്ടും വായി
ച്ചു് അവൾ അക്കാലത്തു് അഭിമാനം
കൊണ്ടിരുന്നു. എന്നാൽ ഇന്നു് അവൾ
യാഥാർത്ഥ്യങ്ങളുമായി മല്ലിടുകയാണു്.
അവൾക്കു് അമ്മയോടു സ്നേഹമുണ്ടായി
ത്തുടങ്ങി. തന്നെപ്പറ്റി അല്പമെങ്കിലും
വിചാരമുണ്ടായിരുന്നതു് അമ്മയ്ക്കു മാത്ര
മാണെന്നു് അവൾക്കു ദൃഢബോദ്ധ്യംവന്നു.
മർദ്ദനങ്ങളെയും മരണത്തെയും തുണവൽ
ഗണിക്കുവാനുള്ള മനോധൈര്യം അവൾ
ക്കു ലഭിച്ചു.

അന്നു രാത്രി ഊട്ടുശാലയിൽ മറിയ
വന്നില്ല. സുന്ദരിയായ അവളോടു് മാ
നേജർക്കു് അല്പം വാത്സല്യമുണ്ടായിരു
ന്നു. ഡിററിനോവു് അവളെപ്പറ്റി അ
ന്വേഷണം നടത്തി. മറിയ കരഞ്ഞുകൊ
ണ്ടിരിക്കുന്ന എന്നൊരാശം അറിവുകൊടു
ത്തു. ഉടൻ അയാൾ മറിയയുടെ അടുത്തെ
ത്തി.

''മറിയാ നീ എന്താണിങ്ങനെ ക
രഞ്ഞുകൊണ്ടിരിക്കുന്നതു്?''

''എനിക്കിനി ഈ കാട്ടുമൃഗങ്ങള
ുടെ ഇടയിൽ പൊറുക്കാൻ കഴിയുല''.

''നീ എന്താണിങ്ങനെപറയുന്നതു്?
നമ്മുടെ ലെനിനും മറ്റു നേതാക്കന്മാരും
എത്ര ബുദ്ധിമുട്ടിയാണു് നമ്മെ ഈ വി
ധത്തിൽ ഉയർത്തിക്കൊണ്ടു വന്നതെന്നറി
യാമോ?,'

''എങ്ങനെ ഉയർത്തിയെന്നാണു പ
റയുന്നതു്?''

''കൊള്ളാം! സാർചക്രവർത്തിയു
ടെ കാലത്തു് നമുക്കൊരുനേരത്തെ ആ
ഹാരത്തിനു് വകയുണ്ടായിരുന്നോ? ഇന്നു
നമ്മം സുഖിക്കയല്ലെ. ആലോചിച്ചു
നോക്കു'' ''ആരു സുഖിക്കുന്നു.? എങ്ങ
നെ സുഖിക്കുന്നു? നിത്യം അടിമവേല
ചെയ്യുന്ന ഞങ്ങൾക്കെന്തോണു സുഖം! മാ
നേജരന്മാരായ നിങ്ങൾക്കു സുഖമാണെ
ന്നു ഞാൻ സമ്മതിക്കുന്നു.''

''എന്നാലും സാർചക്രവർത്തിയുടെ
കാലത്തേക്കാൾ സുഖമല്ലെ എല്ലാവർ
ക്കും?''

''ഹ്ം, സാർ ചക്രവർത്തിയുടെ കാ
ലം! അന്നു് ഞങ്ങൾക്കു് വീട്ടിലുണ്ടെ
ങ്കിൽ കഴിയാമായിരുന്നു, ഇല്ലെങ്കിൽ
മറ്റാരുടേയും ഉപദ്രവം കൂടാതെ വീട്ടിൽ
കിടന്നുറങ്ങാമായിരുന്നു.''

''ആകട്ടെ, ഇപ്പോൾ ആരാണു കി
ടത്തിയുറക്കയില്ലാത്തതു്?''

''ആരാണന്നറിയണമോ? നിങ്ങള
ല്ലെ, അവശതകൊണ്ടു വീണു ചാകാറായ
എന്റെ അമ്മയെ ചാട്ടകൊണ്ടടിച്ചുകള
ഞ്ഞതു്?''

''അയ്യോ! അതു നിന്റെ അമ്മയാ
യിരുന്നോ?''

''അതെ. അതെന്റെ അമ്മയായി
രുന്നു.

''ആ സ്ത്രീയുടെ പേരു്?''

''ജൊക്കോബാത്തു്''

ഡിററിനോവിന്റെ ഏടയെത്തിലൂ
ടെ ഒരിടിമിന്നൽ പാഞ്ഞു. സംഭ്രമത്തി
ന്റെ കൊച്ചോളങ്ങൾ വദനത്തിലേക്കു്
ഇരച്ചുകയറി. അയാളുടെ കണ്ണുകൾ നിറ
ഞ്ഞു. ശരീരം വിറയ്ക്കുവാൻ തുടങ്ങി. ഇ
തെല്ലാം കണ്ടു് മറിയയുടെ വിസ്മയം വ
ർദ്ധിച്ചു. ''ആ പേരുകേട്ടപ്പോൾ നിങ്ങ
ൾ വികാരരഹിതനായതെന്തിനു്?'' മറി
യയുടെ ചോദ്യത്തിനു് മറുപടിയൊന്നു
ണ്ടായില്ല. ഡിററിനോവു് മറിയയെ കെ
ട്ടിപ്പിടിച്ച നിലവളിച്ചുകൊണ്ടുപറഞ്ഞു
''ഞാനാണു നിന്റെ സഹോദരൻ, ഡി
ററിനോവു്.'' അത്ഭുതങ്ങളെല്ലാം കൂടി
ഒരുകെട്ടായി തലയിൽ വന്നു പതിച്ച
തുപോലെ തോന്നി മറിയയ്ക്കു്.

അവൾ സഹോദരനെ കണ്ടിട്ടുണ്ടാ
യിരുന്നില്ല. പ്രായമാകുന്നതിനു മുമ്പേ
അവൻ വീടുവിട്ടിറങ്ങി കമ്യൂണിസ്റ്റ്പാ
ർട്ടിയിൽ ചേർന്നതാണു്: വിപ്ലവം ജ
യിച്ചപ്പോഴും, ദീർഘകാലത്തെ വിശ്വ
സ്തസേവനത്തിനുള്ള സമ്മാനം അയാൾ
ക്കു ലഭിച്ചു. ആ ഉദ്യോഗമാണു് അയാൾ
നിർവ്വഹിച്ചുകൊണ്ടിരിക്കുന്നതു്. ഭര
ണത്തിൽ കമ്യൂണിസ്റ്റുദ്യോഗസ്ഥന്മാർ അ
തികർക്കശന്മാരായിക്കണമെന്നാണു് അ
യവില്ലാത്ത നിയമം. ജോലിചെയ്യുവാ
ൻ കെല്പില്ലാത്തവരെ കൊന്നുകളയുവാനും
അലസന്മാരെ അടിച്ചുപണിയെടുപ്പിക്കു
വാനും അവർക്കധികാരമുണ്ടു്. ഇതി
ലൊക്കെ ദാക്ഷിണ്യംകാണിക്കുന്ന ഉ
ദ്യോഗസ്ഥന്മാർ ആയിരുന്നാലും, അവർ
ലോകത്തിൽ നിന്നും ഒരു സുദിനത്തി
ൽ അപ്രത്യക്ഷരായെന്നുവരും.

അവർ ഇരുവരുംകൂടി ഒരു ടോർച്ചു
മായി ആ പാറക്കെട്ടിലേക്കോടി. ജൊ
ക്കോബാത്തു് അപ്പോഴും ശ്വാസോച്ഛ്വാ
സം ചെയ്യുന്നുണ്ടായിരുന്നു. അവർ അമ്മ
യെ താങ്ങി എഴുന്നേല്പിച്ചിരുത്തി; അ
ല്പം നല്ല വെള്ളം മുഖത്തു തളിച്ചു. ജൊ
ക്കോബാത്തിനു ബോധമുണ്ടായി. അ
മ്മേ എന്നു വിളിച്ചുകൊണ്ടു് ഡിററിനോ
വു് അവരുടെ ഒട്ടിയ കവിളിൽ ഒരു ചും
ബനം. അയാൾ അമ്മയുടെമ്പിൽ മുട്ടു
കുത്തി മാപ്പിരന്നു. അവർക്കൊന്നും മന
സ്സിലായില്ല. തന്നെ ചാട്ടകൊണ്ടടിച്ച
തു സ്വന്തം മകനോ! താൻ ഒരു മായാ
ലോകത്താണെന്നവർക്കു തോന്നി.

''നീ ഇപ്പോൾ എങ്ങനെ ഇവിടെ
വന്നെന്റെ മകനെ?'' ഡിററിനോവു്കൺ
ണുനീർ തുടച്ചുകൊണ്ടു പറഞ്ഞുതുടങ്ങി.
''ഞാൻ വീടുവിട്ടിറങ്ങിയ ദിവസം അ
മ്മ ഓർക്കുന്നുണ്ടല്ലോ. കമ്യൂണിസ്റ്റുപാർ
ട്ടിക്കുവേണ്ടി രാപകൽ അദ്ധ്വാനിക്കാൻ
ഞാൻ അന്നുമുതൽ നിയുക്തനായി. എ
നിക്കു നല്ല ശമ്പളം അവർ നൽകിക്കൊ
ണ്ടിരുന്നു. അമ്മയെയും മറിയയേയുംകാ
ണണമെന്നുള്ള ആഗ്രഹം പ്രകടിപ്പിച്ച
പ്പോഴും അവർ എന്നെ അപഹസിക്കയാ
ണു് ചെയ്തതു്. ഒരു യഥാർത്ഥ കമ്യൂണി
സ്റ്റുകാരനു് അമ്മ, പെങ്ങൾഭാര്യ, മക്ക
ൾമുതലായ ബന്ധങ്ങളൊന്നുംഉണ്ടാകാൻ
പാടില്ലെന്നു് അവർ പറഞ്ഞു. അവരു
ടെ ഒരു ശമ്പളക്കാരനായ ഞാൻ എങ്ങ
നെ അവരെ എതിർക്കും? ഭൗതീയമായ
ആനന്ദങ്ങൾക്കുള്ള അവസരങ്ങൾ വേണ്ട
വോളം എനിക്കവർ നൽകി. അങ്ങനെ
കുടുംബത്തെപ്പറ്റിയുള്ള ഓർമ്മ എന്നിൽ
നിന്നും പിഴുതുമാറ്റപ്പെട്ടു. വിപ്ലവം ജ
യിച്ചപ്പോൾ അവർ എനിക്കു നൽകിയ
താണു് തൊഴിലാളികളുടെ ഒരു മാനേ
ജർസ്ഥാനം.''

ഇതെല്ലാം കേട്ടുകൊണ്ടിരുന്ന മറി
യയ്ക്കു് ആനന്ദവും വിസ്മയവുമുണ്ടായി.
ചില സംശയങ്ങൾ ചോദിക്കുവാൻ അ
വൾ ധൈര്യപ്പെട്ടു. ''മാനേജരുദ്യോഗ
ത്തിലിരിക്കുന്ന ആങ്ങളയ്ക്കു് സാധാരണ
തൊഴിൽചെയ്യുന്ന ഞങ്ങളെക്കാൾ എന്തു
മെച്ചമാണുള്ളതു്?,' അല്പം ചിന്തിച്ചി
രുന്നിട്ടു് അയാൾ മറുപടി പറഞ്ഞു.''എ
ല്ലാ തൊഴിൽക്കാർക്കും ഒരേ ശമ്പളമെ

ന്നും മാനജരുദ്യോഗംതന്നെ ഓരോരുത്തരും മാറിമാറി നോക്കണമെന്നുമായിരുന്ന ആദ്യത്തെ പ്ലാൻ. പക്ഷെ അതൊക്കെ തകർന്നുപോയി. മനുഷ്യർക്കു പല വിധത്തിലാണു കഴിവുകളെന്നു സമ്മതിക്കാതിരിക്കുവാൻ പാടുണ്ടോ? ഇപ്പോഴും പാർട്ടിയിൽ പഴക്കമുള്ളവരെമാത്രമേ മാനേജരന്മാരാക്കുകയുള്ളൂ. എനിക്കു് ഇപ്പോഴും സാധാരണജോലിക്കാരന്റെ പത്തിരട്ടി ശമ്പളമുണ്ടു്'' ഇതൊന്നും അത്ര കാര്യമായി കരുതുന്ന കൂട്ടത്തിലല്ലായിരുന്ന ജൊക്കോബാത്തു്. അവർ പറഞ്ഞു: ''എന്റെ കുഞ്ഞേ, ഇതിലൊന്നും ഒരു നന്മയും ഞാൻ കാണുന്നില്ല. ഇവിടത്തെ പള്ളികളെല്ലാം പൂട്ടി, വൈദികരെയും കന്യാസ്ത്രികളെയും അവർ കൊന്നൊടുക്കി. ഇവിടെ പുരോഗതി ഉണ്ടാക്കുമെന്നല്ലേ അവർ പറഞ്ഞതു്. നിങ്ങളുടെ കൂട്ടത്തിൽ മര്യാദയും ചെമ്മാന്ത്രുവുമുള്ള ഒരൊറ്റ നേതാവിന്റെ പേരു പറയാമോ?''

''സത്യം പറയണമല്ലോ. അക്കാര്യത്തിൽ കമ്യൂണിസം പരാജയപ്പെട്ടിരിക്കുന്നുവെന്നു തീർത്തു പറയാം. ഈയ്യിടെ കീയേവ് സർവ്വകലാശാലയിലെ മെഡിക്കൽ പ്രൊഫസറന്മാർ കമ്യൂണിസ്റ്റുനേതാക്കന്മാരിൽ പലരുടേയും ആരോഗ്യനിലയൊന്നു പരിശോധിക്കുകയുണ്ടായി. ദുർമാർഗ്ഗജീവിതംകൊണ്ടുണ്ടാകുന്ന രോഗങ്ങളാണു് മിക്കവരിലും കണ്ടതു്. കൊച്ചുകുട്ടികൾപോലും ഇത്തരംരോഗങ്ങളുടെ പിടിയിലമർന്നിരിക്കുന്നു. പന്ത്രണ്ടുവയസ്സുള്ള കുട്ടികൾക്കും വധശിക്ഷ കല്പിച്ചുകൊണ്ടു് ഒരു പുതിയ നിയമം നമ്മുടെ ഗവണ്മെന്റു് ഇപ്പോഴും നടപ്പിൽ വരുത്തിയിരിക്കയാണു്. കൊച്ചുകുട്ടികളെപ്പോലും മറുവിധത്തിൽ നിയന്ത്രിക്കാൻ മേലാതായിരിക്കുന്നു.''

''എന്റെ കുഞ്ഞേ, ഈ നരകത്തിൽ ജീവിക്കുന്നതിനേക്കാൾ നല്ലതു് മറ്റെവിടെയെങ്കിലും പോയി പട്ടിണികിടന്നു ചാകയാണു്. എന്റെ മതവിശ്വാസം ഞാൻ ത്യജിച്ചിട്ടില്ല. ഞാൻ ദിവസവും നിനക്കുവേണ്ടി പ്രാർത്ഥിച്ചുകൊണ്ടിരിക്കുകയായിരുന്നു. ഇതാ നോക്കൂ'' ഒരു പഴയകൊന്തയാണു് അവർ എടുത്തു കാണിച്ചതു്.

ഡിറേറിനോവു് മൂകീഭൂതനായി നിന്നിടത്തുതന്നെ അങ്ങനെ നിന്നുപോയി. ആ ഇരുമ്പുകോട്ടയിൽ നിന്നും എങ്ങനെ പുറത്തുചാടി രക്ഷപെടും.? അതായിരുന്നു അയാളുടെ ആലോചന. റഷ്യയിലെ ഒരു വലിയ ഉദ്യോഗസ്ഥനാണു് ഡിറേറിനോവിന്റെ ഒരു സ്നേഹിതൻ. അദ്ദേഹത്തിന്റെ സഹായമപേക്ഷിച്ചാലോ എന്നയാൾക്കു് ആദ്യം തോന്നി. റഷ്യയിൽ ഏതൊരു മനുഷ്യനെയാണു വിശ്വസിക്കുക! ചെറുകുട്ടികൾപോലും മാതാപിതാക്കന്മാരെ ഒറ്റിക്കൊടുക്കുവാൻ മടിക്കുകയില്ല. കമ്യൂണിസ്റ്റുപാർട്ടിയിൽപെട്ടവർക്കേ ആ രാജ്യത്തു സ്വാതന്ത്ര്യമായി സഞ്ചരിക്കുവാൻപോലും ഒള്ളു. മറ്റുള്ളവരെയെല്ലാം മൃഗങ്ങളെപ്പോലെ കിളീയായി കൂട്ടിലിട്ടു വേലചെയ്യിക്കുകയും കുറച്ചുസമയത്തേക്കുമാത്രം അഴിച്ചു വിടുകയും ചെയ്യുകയാണു്. .ഏതായാലും അമ്മയേയും പെങ്ങളേയും കമ്യൂണിസ്റ്റുപാർട്ടിയിൽ ചേർക്കുവാൻതന്നെ അയാൾനിശ്ചയിച്ചു.

ഡിറേറിനോവിന്റെ ശമ്പളം 10 രൂബിൾസ് വർദ്ധിപ്പിക്കുവാൻ അധികാരികൾ കല്പന നൽകി. ഒരു വിശ്വസ്തപ്രവർത്തകനാണു ഡിറേറിനോവു് എന്ന സർട്ടിഫിക്കേറ്റ് അയാൾക്കു വളരെ ഗുണംചെയ്തു. പ്രചരണവേലക്കായി അയാളെയും പുറത്തേക്കുവിടണമെന്നുള്ള ശുപാർശകൂടി ശക്തി കൂട്ടിച്ചേർത്തിരുന്നു. മൂന്നു പേർക്കുള്ള പാസ്പോർട്ടു് അയാൾ കരസ്ഥമാക്കി. ഒരു രാത്രിയിൽ മൂന്നുപേരുംകൂടി ആ ഇരുമ്പുകോട്ടയുടെ പുറത്തു കടന്നു. അവർ സ്വാതന്ത്ര്യവായു ശ്വസിക്കുവാൻ തുടങ്ങി. അവർ സമയം പാഴാക്കിയില്ല. എല്ലാ രാജ്യങ്ങളിലും ചുറ്റിനടന്നു് സോവ്യറ്റു് റഷ്യയിലെ രഹസ്യങ്ങൾ അവർ പുറത്തുവിട്ടു. തെരുവുതെണ്ടികളായി നടക്കുന്ന അവിടത്തെ അനേകം അനാഥബാലന്മാർ, മുതാപിതാക്കന്മാരെ കൊലയ്ക്കുകൊടുക്കുന്ന ദുഷ്ടസന്താനങ്ങൾ, സകല മുതലും തട്ടിയെടുക്കുന്ന ഗവണ്മെന്റു്, പട്ടിണികിടന്നു മരിക്കുന്ന കർഷകജനത, സകല സുഖങ്ങളും അനുഭവിച്ചുകൊണ്ടു് കൊട്ടാരങ്ങളിൽ വസിക്കുന്ന കമ്യൂണിസ്റ്റുനേതാക്കന്മാർ, കാൽച്ചുവട്ടിൽ പതിയിരിക്കുന്ന രഹസ്യപ്പോലീസ് ഭയവിഹ്വലരായി കഴിഞ്ഞുകൂട്ടുന്ന 19 കോടി ജനങ്ങൾ. ഇതെല്ലാമായിരുന്നു അവർ കൈകാര്യംചെയ്ത വിഷയങ്ങൾ.

കമ്മ്യൂണിസത്തിനു് ആരാധകന്മാർ വർദ്ധിച്ചുകൊണ്ടിരുന്ന ഒരു കാലഘട്ടമായിരുന്നു അതു്. റഷ്യയെ പുകഴ്ത്തിപാടുവാൻ പുരോഗമനസാഹിത്യകാരന്മാർ എന്നൊരു കൂട്ടർ രംഗപ്രവേശംചെയ്തു. അവർക്കൊരു പുതിയ ജോലികൂടിയുണ്ടായി; കില്ലർജോർജ്ജും കൂട്ടരും പറയുന്നതെല്ലാം പച്ചക്കള്ളമാണെന്നും, അവർ റഷ്യ കണ്ടിട്ടേയില്ലെന്നും വിളിച്ചുകൂവുക. റഷ്യയിൽനിന്നും പണംപറ്റുന്ന കമ്മ്യൂണിസ്റ്റു ഏജന്റന്മാർ രോഷാകുലരായി. അവർ കില്ലർ ജോർജ്ജിനെപ്പറ്റി റഷ്യയിലേക്കു് എഴുതി അയച്ചു. കില്ലർ ജോർജ്ജു്! ആരതു്? അവർ മൂക്കേൽവിരലുന്നി നിന്നുപോയി. പേരുമാറ്റത്തിൽ വിദഗ്ദ്ധന്മാരാണു കമ്യൂണിസ്റ്റുനേതാക്കൾ. തങ്ങളുടെ കള്ളത്തരങ്ങൾ മറച്ചുവയ്ക്കുന്നതിനു് അവർ പുതിയ പുതിയ പേരുകൾ സ്വീകരിക്കുക പതിവാണു്. അങ്ങനെ, ഒരിക്കൽ അപ്ഫെൽബാം എന്ന പേരിൽ അറിയപ്പെട്ടിരുന്ന ഒരു യഹൂദയുവാവു് സിനോവ്യ എന്ന പേരിൽ ലെനിന്റെ സെക്രട്ടറിയായി. റോസൻഫെൽഡ് എന്ന പാതകി കമനോവു എന്ന പോരെടുത്തു് കമ്യൂണിസ്റ്റുപാർട്ടിയിലെ പ്രമാണിയായി. ഡിറേറിനോവു് കമ്യൂണിസ്റ്റുപാളയത്തിൽ പഠിച്ച ആളല്ലേ, അയാൾ തന്നെ ആയിരിക്കുമോ എന്നു ചിലർ സംശയിക്കാതിരുന്നില്ല. അന്വേഷണങ്ങൾ മുറയ്ക്കു നടന്നു. ജൊക്കോബാത്തു്, മരിയ എന്നീ രണ്ടുപേർകൂടി അപ്രത്യക്ഷരായിട്ടുണ്ടെന്നു റിപ്പോർട്ടു കിട്ടി. ഗവണ്മെന്റിനെ വഞ്ചിക്കുവാൻ ചില ഗൂഢതന്ത്രങ്ങൾ നടന്നു എന്നതിനു സംശയമില്ല. സഖാവു ലെനിന്റെ ചെവികളിൽ എത്തി ആ വാർത്ത. ഡിറേറിനോവും കുടുംബവും പുറത്തു കടക്കുവാൻ കൂട്ടുനിന്നവരെയെല്ലാം നിരത്തിനിറുത്തി വെടിവെയ്ക്കുവാനായിരുന്നു ലെനിന്റെ ഓർഡർ. ഒരു കൂട്ടക്കൊല അവിടെ നടന്നു. അനേകം നിരപരാധികളാണു് അതിൽ മരണമടഞ്ഞതു്.

ഇത്തരം കൂട്ടക്കൊലകൾ സാധാരണയാണു് റഷ്യയിൽ. അവിശ്വസ്തരെ കണ്ടുപിടിക്കാൻ ഇടയ്ക്കിടെ കുലങ്കഷമായ കക്ഷിപരിശോധനകൾ നടക്കാറുണ്ടു്. ഭയങ്കരമായ ഈ പരിശോധനകഴിയുമ്പോൾ അനേകർ ജയിലിലോ, സൈബീരിയയിലോ, തുരുമരത്തിലോ ആയിരിക്കും ചെന്നവസാനിക്കുക. രണ്ടു കൊല്ലത്തിനുള്ളിൽ 5 ലക്ഷത്തിൽപരം ആളുകൾ ഇങ്ങനെ കൊല്ലപ്പെട്ടതായി കണക്കുണ്ടു്. സ്റ്റാലിന്റെ കാലമായപ്പോഴേക്കും ശുദ്ധീകരണത്തിന്റെ മാറ്റു വർദ്ധിച്ചു. ട്രോസ്കി, കമനോവു്, സിനോവ്യ മുതലായ നേതാക്കന്മാർ വധിക്കപ്പെടുവാനുള്ള കാരണം ദൂരെയെങ്ങും അന്വേഷിക്കേണ്ടതില്ല. അവരുടെ ഭീകരനയത്തെപ്പറ്റി അവരുടെതന്നെ പത്രമായ ''റെഡ്ഗസറ്റ്'' ഇപ്രകാരമാണു് എഴുതിയിരുന്നതു്. ''ഞങ്ങൾ ഞങ്ങളുടെ ഹൃദയങ്ങൾ ഉരുക്കാക്കി പകർത്തി, സഹനമാകുന്ന അഗ്നിയിലും സ്വാതന്ത്ര്യത്തിനുവേണ്ടിപൊരുതുന്ന യോദ്ധാക്കളുടെ രക്തത്തിലും കഴുപ്പിച്ചെടുത്തിയെടുക്കും. ഞങ്ങൾ ഞങ്ങളുടെ ഹൃദയത്തെ ക്രൂരവും, ശിലാതുല്യവും, നിശ്ചലവുമാക്കും. അതിൽ ആർദ്രത ഇനിമേൽ പ്രവേശിക്കയില്ല. സമുദ്രംപോലെ ശത്രുരക്തം കണ്ടാലും അതു ചഞ്ചലിക്കയില്ല. ഞങ്ങൾ ഈ രക്തസമുദ്രത്തിന്റെ പ്രവാഹദ്വാരങ്ങൾ തുറന്നുവിടാൻപോകുന്നു. കരുണയില്ലാതെ, ദാക്ഷിണ്യമില്ലാതെ, അനേകായിരങ്ങളായി ഞങ്ങളുടെ ശത്രുക്കളെ ഞങ്ങൾ കൊന്നൊടുക്കുവാൻ പോകുന്നു. ആയിരങ്ങളായി അവർ മരിക്കട്ടെ; അവരുടെ സ്വന്തം രക്തത്തിൽ അവർ മുങ്ങിച്ചാകട്ടെ.''

ലെനിന്റെ നേരിട്ടുള്ള ഉത്തരവുകൂടാതെ ഒരു മനുഷ്യനെയും റഷ്യയിൽനിന്നും പുറത്തുവിടുവാൻ പാടില്ലെന്നുള്ള നിയമം പ്രാബല്യത്തിൽ വന്നു. വിദേശിയരെ നിർബ്ബാധം അകത്തേക്കു കടത്തിവിടുകയില്ലെന്നുമായി. അവിടെ 18 കോടി ജനങ്ങൾക്കു് ദാരിദ്ര്യവും പെറ്റുകൂട്ടിലുമാണു്. 6 ലക്ഷം കമ്യൂണിസ്റ്റുകക്ഷി മെമ്പറന്മാർക്കു് അരമനയും ആഡംബരങ്ങളും! റഷ്യയിൽ പലസ്ഥലത്തും രാജമന്ദിരങ്ങളെ തോല്പിക്കുന്ന ബ്രഹ്മാണ്ഡങ്ങളായ വിശ്രമഗേഹങ്ങളുണ്ടു്. ഓരോന്നിലും ആയിരവും രണ്ടായിരവും അതിഥികൾക്കു സുഖമായി വസിക്കാം.

നമ്മുടെ സാഹിത്യം

(സി. കാലായിൽ, ഇൻഡോർ)

വർഷങ്ങൾക്കുമുമ്പ്

വർഷങ്ങൾക്കുമുമ്പ് കേരളത്തിലെ ക്രിസ്ത്യാനിസാഹിത്യം അഭിമാനകരമായ നിലയിൽ വളർന്നുവരുന്നുണ്ടായിരുന്നു. മലയാളഭാഷ ഇന്നത്തെനിലയിൽ സംസ്കൃതമാകാൻ തുടങ്ങിയ അക്കാലത്തു ദേശീയരും വിദേശിയരുമായിരുന്ന 'പാതിരി'മാരിൽനിന്നും മലയാളസാഹിത്യത്തിനു പൊതുവിലും ക്രിസ്ത്യാനിസാഹിത്യത്തിനു പ്രത്യേകിച്ചും ലഭിച്ചിട്ടുള്ള സേവനപരിപോഷണങ്ങളെ അഭിമാനപൂർവ്വമാണു നാമിന്നു സ്മരിക്കുക. പണ്ഡിത ശിരോമണികളായിരുന്ന റവ. ഡോ. ആഞ്ചലോസും അല്ഫോൻസുപാതിരിയുമായിരുന്ന ആദ്യത്തെ മലയാളഭാഷാവിശാരദന്മാർ എന്നുള്ള വസ്തുത തികച്ചും അഭിമാനജനകമാണു്. 17—ാം നൂറ്റാണ്ടിനോടടുത്ത ഈ കാലഘട്ടത്തിൽ നമ്മുടെ സാഹിത്യം പദ്യത്തിലും ഗദ്യത്തിലും ഒട്ടും പിന്നോക്കമായിരുന്നില്ല. ഇക്കാലയളവിൽ ജീവിച്ചിരുന്ന ചാക്കോമാപ്പിള, ചാണ്ടിമാപ്പിള തുടങ്ങിയവർ മഹാകവി പട്ടക്കാരായിരുന്നില്ലെങ്കിലും കാവ്യഗുണംനിറഞ്ഞ അവരുടെ കൃതികളും ഇന്നും ശ്ലാഘനീയങ്ങളംതന്നെ. ഗദ്യസാഹിത്യത്തിൽ കരിയാറിമല്പാന്റെയും തോമ്മാക്കത്തനാരുടെയും സ്ഥാനം വിസ്മരണീയമല്ല. ഈ മഹാത്മാളുടെ കൃതികളും അന്നത്തെ ആകെപ്പാടെയുള്ള പരിതസ്ഥിതികളും കണക്കിലെടുക്കുമ്പോൾ, ഒന്നാംതരം മുതൽക്കൂട്ടുകളാണെന്നു തീർത്തുപറയാം.

എന്നാൽ

എന്നാൽ കാലം മുമ്പോട്ടു പോയതോടുകൂടി നമ്മുടെ സാഹിത്യം പൊതുസാഹിത്യത്തിന്റെ വളർച്ചക്കനുഗതമായ പുരോഗതി കാണിച്ചിട്ടില്ല. കാരണങ്ങൾ പലതാണെങ്കിലും ഒരുകാര്യം തീർച്ചയാണു്: ഇരുപതാംനൂറ്റാണ്ടിന്റെ ഉദ്ഭവത്തോടുകൂടി കേരളത്തിൽ വിദേശമിഷനറി പ്രവർത്തനം നിലച്ചുകയുണ്ടായി. കേരളീയർക്കുള്ളമൃദ്വാലനി പ്രേഷിതത്വത്തിന്റെ ആവശ്യകതാബോധം ആ മൺമറഞ്ഞ പാശ്ചാത്യഗുരുക്കന്മാർക്കുണ്ടായിരുന്നതിൽനിന്നു അല്പം കുമ്മിയാണെന്നു സമ്മതിക്കേണ്ടിയിരിക്കുന്നു. ചുരുക്കം ചില സാഹിതീസേവകന്മാരുടെ കാര്യം ഇവിടെ വിസ്മരിക്കപ്പെടുന്നില്ല. എങ്കിലും ഈ ഇടക്കാലത്തുണ്ടായപുരോഗതി ആശാസ്യവും ആവശ്യാനുസ്മരണവുമായിരുന്നെന്നു പറയാൻ തരമില്ല.

ഇപ്പോൾ

കേരളത്തിലെ ക്രിസ്ത്യാനിസാഹിത്യത്തിന്റെ നിലവാരം തികച്ചും തൃപ്തികരമാണെന്നു ആരും സമ്മതിക്കുകയില്ല. സ്വതന്ത്രകൃതികളുടെ ബാഹുല്യമാണു് ഭാഷാസാഹിത്യത്തിന്റെ ഉൽഗതിക്കു ചൂണ്ടുപലകയെങ്കിൽ മെച്ചമെന്നു പറഞ്ഞതു് പൂർണ്ണാർത്ഥത്തിലെടുക്കാനവകാശമില്ല. തർജ്ജമകളുടെ എണ്ണം പലപ്പോഴും സ്വതന്ത്രകൃതികളുടെ എണ്ണത്തെ അതിശയിക്കുന്നുണ്ടെന്നുള്ളതാണു പരമാർത്ഥം. ഇവിടെ വിവർത്തനാപ്രസ്ഥാനത്തെ ഏഴാംതരമാക്കിക്കാണിക്കാൻ തെല്ലും ഉദ്ദേശമില്ല. പക്ഷേ വിവർത്തനം ചെയ്യുന്നതിനോടൊപ്പംതന്നെ സ്വതന്ത്രമായ ഗ്രന്ഥനിർമ്മിതിയിലും ശ്രദ്ധ ചെലുത്തണമെന്നു മാത്രം.

അതുപോലെതന്നെ കത്തോലിക്കാ പദ്യസാഹിത്യത്തിന്റെ നില ഇന്നംവളരെ മെച്ചമാണെന്നു പറഞ്ഞുകൂടാ. പണ്ടത്തെ കല്യാണപ്പാട്ടുകളും പുത്തൻപാനയും മറ്റുമായി കഴിഞ്ഞുകൂടുന്നതിനു് നാം ഇന്നും സംതൃപ്തരാണു്. ഇന്നവശേഷിച്ചിട്ടുള്ള കവിനാമങ്ങളം അംഗുലീപരിമിതങ്ങളാണു്. നമ്മുടെ കവിതാസാഹിത്യത്തിന്റെ.ഇന്നത്തെ നിലകണ്ടാൽ ഇന്നും ''കാവ്യക്കു മാത്രമാണു് കാവ്യം'' എന്നു തോന്നിപ്പോകും. ഈയിടെയായി ചില ഗാനങ്ങളം കടംവാങ്ങിയ രീതികളിലാണെങ്കിലും പ്രത്യക്ഷപ്പെടാറുണ്ടു്. അവയുടെ കർത്താക്കളം അനുമോദനാർഹർ മാത്രമല്ല പ്രോത്സാഹനാർഹർ കൂടിയാണു്.

പ്രശ്നങ്ങൾ

എന്താണു് ഈ ശോച്യാവസ്ഥയ്ക്കു കാരണം? കാരണങ്ങളം ബഹുമുഖങ്ങളം നിർഭാഗ്യജനാക്ഷമങ്ങളുമാണു്. മൂലകാരണം നമ്മുടെ ആളകളം തങ്ങളുടേതായ ഉത്തമവും മറ്റുള്ളവരുടേതിനോടുകിടപിടിക്കത്തക്കതുമായ ഒരു സാഹിത്യത്തിന്റെ ആവശ്യകതയേക്കുറിച്ചു് പൂർണ്ണബോധവാന്മാരല്ലെന്നുള്ളതാണു്. ഈ വൈജ്ഞാനികയുഗത്തിൽഈടുറ്റതുംവിലയുറ്റതും ആകർഷകവുമായ ഒരു സാഹിത്യപ്രസ്ഥാനത്തിന്റെ ഒരാവശ്യകതയേക്കുറിച്ചു നമ്മുടെ ആളകളം ബോധവാന്മാരേകണ്ട സമയം അതിക്രമിച്ചിരിക്കുകയാണു്. പിന്നെയുള്ള പ്രശ്നങ്ങളിൽ പലതും സാഹിത്യകാരന്മാരേയും മറ്റു സാഹിത്യപ്രവർത്തകരേയും സംബന്ധിച്ചുള്ളവയാണു്.

പല സാഹചര്യങ്ങളം കണക്കിലെടുക്കുമ്പോൾ ക്രിസ്ത്യാനിസാഹിത്യകാരന്മാരുടെ മണ്ഡലം പലേ പരിമിതികൾക്കുമധീനമാണു്. വളരെപ്പേർ തുലികയെടുത്തു സഭാസാഹിത്യമണ്ഡലത്തിലേയ്ക്കു രംഗപ്രവേശം ചെയ്യാൻ തയ്യാറില്ല. ആ ''സാഹസത്തിനു'' മുതിർന്നവരിൽ ഗുണമുറ്റവരേയും ഗതിമുട്ടാത്തവരേയും ചുരുക്കമായേ കാണാൻ സാധിക്കൂ. ഈ സാഹിതീപ്രവർത്തക ദൗർലഭ്യത്തിനുള്ള കാരണങ്ങളം പലതാണു്.

ഇതെല്ലാം ഒരിക്കൽ കണ്ട വിസ്മയഭരിതനായ ക്ലെബ്ർലെഗേ എന്ന ഫ്രഞ്ചുസന്ദർശകൻ ചോദിച്ചു: ഇത്തരം സുഖവാസകേന്ദ്രങ്ങളം സാധാരണജനങ്ങൾക്കായിട്ടുണ്ടോ എന്നു്. അവർക്കിതൊന്നും ആവശ്യമില്ലെന്നായിരുന്ന അതിനു കിട്ടിയ മറുപടി. എങ്കിലും സന്ദർശകരെ ചൂററിക്കറക്കിക്കൊണ്ടു നടക്കുവാൻ നിയോഗിക്കപ്പെട്ട പ്രത്യേകം ആളകളുണ്ടവർക്കു്. സന്ദർശകന്മാരെ കാണിക്കാൻവേണ്ടിമാത്രംനടത്തുന്ന തൊഴിൽശാലകളം, ഊട്ടുപുരകളം, പൂങ്കാവനങ്ങളം, ശിശുസംരക്ഷണകേന്ദ്രങ്ങളം അവിടവിടെയായിസ്ഥിതിചെയ്യുന്നു. കാണിക്കുന്നതുമാത്രം കണ്ടിട്ടു് വിദേശികളായ സന്ദർശകന്മാർ അത്ഭുതകരമായിതിരിച്ചുപോരും. ഇരുമ്പുകർട്ടനു പുറകിലെ കൃത്രിമങ്ങളം കാണാൻ ആർക്കും സാദ്ധ്യമല്ല.

കില്പർ ജോർജ്ജിനെ വിശ്വസിക്കുവാൻ അധികംപേരുണ്ടായിരുന്നില്ല; ഒടുവിൽ അയാളം ഒരു വെല്ലുവിളി നടത്തി. 'റഷ്യയിലെ സൗഭാഗ്യങ്ങളെപ്പററി എഴുതിയെഴുതി പുരോഗമനസാഹിത്യകാരന്മാരുടെ കൈകഴയുന്നുണ്ടല്ലോ. ആ സൗഭാഗ്യം ഒന്നു കാണുകതന്നെ.. ഇവിടെനിന്നും ഒരു സംഘം ആളകളം എന്റെറുക്കുത്തിൽ റഷ്യയിലേക്കു പോരുവാൻ തയാറാകുക. രഹസ്യപ്പോലീസിന്റെ അകമ്പടികൂടാതെ ജനങ്ങളോടു സംസാരിക്കുവാനും, ഗ്രാമപ്രദേശങ്ങളിൽ സഞ്ചരിക്കുവാനും, നമുക്കു സ്വാതന്ത്ര്യം കിട്ടണം. അതിനുള്ള അനുവാദത്തിനുവേണ്ടി നിങ്ങളം റഷ്യൻ ഹൈകമാൻറിലേക്കു എഴുതുക.''

അതു് സ്വീകാര്യമല്ലെന്നു് ആക്കെങ്കിലും പറയാൻ ഒക്കുമോ? കമ്മ്യൂണിസ്റ്റ് ഏജൻറന്മാരും പുരോഗമനസാഹിത്യകാരന്മാരും മനസ്സില്ലാമനസ്സോടെ ആ വെല്ലുവിളി സ്വീകരിച്ചു. അവർ റഷ്യയിലേക്കു നീണ്ട ഒരെഴുത്തെഴുതി. മറു രാജ്യക്കാക്കു കാണുവാൻ വേണ്ട ആ പറുദീസാ ഒന്നു തുറന്നിട്ടു് തെററിദ്ധാരണ നീക്കണമെന്നായിരുന്ന അവരുടെ അപേക്ഷ. രണ്ടുമാസം കാത്തിരുന്നിട്ടും മറുപടിയൊന്നും കിട്ടിയില്ല. ഡിറററിനോവിനെ അന്വേഷിച്ചു് ഒരു റഷ്യൻ ചാരസംഘം പുറപ്പെട്ടിരിക്കുന്നു എന്നുമാത്രം അവർ രഹസ്യത്തിൽ അറിഞ്ഞു. ഇതാണു റഷ്യൻ പറുദീസാ.

പ്രോത്സാഹനം

ഏതൊരു പ്രസ്ഥാനത്തിന്റേയും സുഗമമായ നടത്തിപ്പിനും ഉന്മേഷഭരിതമായ നിലനില്പിനുമായിട്ടുള്ളതു് പ്രോത്സാഹനമാണു്. പ്രോത്സാഹനമെന്നു കേരളത്തിലെ ക്രിസ്തീയസാഹിത്യകാരന്മാരും മറ്റു സാഹിത്യപ്രവർത്തകരും മുമ്പോട്ടു വരികയില്ല. ഈ പ്രോത്സാഹനം പലവിധമാകാം. ഏതെങ്കിലും ഒരു പ്രസ്ഥാനത്തെ ആത്മാർത്ഥമായി ആസ്വാദിക്കുകയെന്നതാണു്—അതു ആത്മാർത്ഥത നിറഞ്ഞ വിമർശനമായിക്കൊള്ളട്ടെ—ആ പ്രസ്ഥാനത്തിനു ലഭിക്കാവുന്നതിൽ ഏറ്റവും വലിയ പ്രോത്സാഹനം. തന്റെ ഗ്രന്ഥങ്ങളും മറ്റു സംരംഭങ്ങളും ആസ്വദിക്കപ്പെട്ടുന്നെങ്കണ്ടാൽ ഒരു എഴുത്തുകാരൻ ശ്രീമോപ്പിവിശ്വാസിയായിട്ടു നൂതനമായ കാൽവയ്പിനൊരുങ്ങും. അതേസമയം യാതൊരു വിവേചനയുമില്ലാതെ വെറും തണ്പ്പൻ സ്വീകരണമാണു ലഭിക്കുന്നതെങ്കിൽ അയാൾ പേനയടച്ചുവച്ചിട്ടു് മറ്റു തൊഴിലന്വേഷിക്കും. ഇന്നത്തെ നിലയെന്താണു്? എവിടെച്ചെന്നാലും നമ്മുടെ സാഹിത്യകാരനെന്നും ''കമ്പിളിൽ കഞ്ഞിതന്നെ.''

കമ്പോളനിലവാരം

ഇത്തരുണത്തിൽ പ്രസിദ്ധീകരണക്കാരെ അധികമൊന്നും പഴിക്കാൻ സാദ്ധ്യമല്ല. കാരണം പത്രമാസികകളും പുസ്തകങ്ങളും വാങ്ങി വായിക്കുകയെന്നതു് വൈദികരുടെയും അതുപോലുള്ളവരുടേയുംമാത്രം ദൈവദത്തമായ തൊഴിലും കടമയുമാണെന്നു വിശ്വസിക്കുന്നവർ ഇക്കാലത്തും എണ്ണത്തിൽ ഒട്ടും കുറവല്ല. ധനതത്വശാസ്ത്രത്തിലെ 'ആവശ്യാനുസരണമായിരിക്കും ഉല്പാദനം'മെന്നുള്ള തത്വം സാഹിത്യപ്രവർത്തനത്തിലും അക്ഷരാർത്ഥം ശരിയാണു്. ആവശ്യക്കാരില്ലെങ്കിൽ പുസ്തകങ്ങളും പത്രമാസികകളും അച്ചടിപ്പിച്ചു് പണവും അദ്ധ്വാനവും സമയവും നഷ്ടപ്പെടുത്താൻ ആരെങ്കിലും തുനിയുമോ? കേരളത്തിലെ ഓരോ കത്തോലിക്കാകുടുംബത്തിലും ഒരു പത്രമോ മാസികയോ സ്ഥാനം പിടിച്ചിരുന്നെങ്കിൽ! ഒരിക്കൽ ഒരു അകത്തോലിക്കാ പത്രം വായിച്ചുകൊണ്ടിരുന്ന ഒരു കത്തോലിക്കാസഹോദരനോടു് എന്തുകൊണ്ടാണു് ദീപികയോ മറ്റെന്തെങ്കിലും വരുത്താനിഷ്ടപ്പെടാത്തതെന്നു ചോദിച്ചപ്പോൾ അദ്ദേഹം പ്രത്യുത്തരിച്ചു, ''ഓ! ദീപിക.... അച്ചൻപത്രം! ഒരു ന്യൂസുമില്ല(!) പിന്നെ, ഈ പത്രം വിറ്റാൽ പങ്കതി വരിസംഖ്യയുള്ള കാശൊക്കും.(!)'' ഇതാണു നമ്മുടെപ്രസിദ്ധീകരണങ്ങൾക്കുള്ളസ്ഥാനം!

മുടക്കുമുതൽ

ഒരു സാഹിത്യപ്രവർത്തകനെ തുറിച്ചുനോക്കുന്ന വേറൊരു പ്രശ്നം മുടക്കുമുതലാണു്. ഈടുറ്റതും കഴമ്പുള്ളതുമായ സാഹിത്യപരിശ്രമങ്ങൾക്കു മുടക്കുമുതൽ കൂടുതലായി ആവശ്യമാണു്. ഒരാൾ ഒരു പുസ്തകമെഴുതിയാൽ പ്രസിദ്ധീകരിക്കാൻ പണമില്ലെങ്കിൽ കൈയെഴുത്തുപ്രതി അലമാരിയിൽ (അതുണ്ടെങ്കിൽ) വച്ചുസൂക്ഷിച്ചു് ആണ്ടിലൊരിക്കലെടുത്തു സ്വയം ആസ്വദിക്കുകയല്ലാതെ അയാൾക്കു വേറെ ഗതിയില്ല.

കെ. കെ. കെ.
പ്രസിദ്ധീകരണസമിതി

ഈയവസരത്തിൽ കത്തോലിക്കാ കോൺഗ്രസിന്റെ സംരക്ഷണയിലോമറ്റോ ഒരു അഖിലകേരള കത്തോലിക്കാ പ്രസിദ്ധീകരണസമിതിയുടെ പ്രവർത്തനസാദ്ധ്യതയേക്കുറിച്ചു ചിന്തിക്കേണ്ടതാണു്. ചുരുക്കം ചില സമിതികൾ അങ്ങിങ്ങായി ഉണ്ടെങ്കിലും അവയിൽ മിക്കവയും പരിമിതികൾക്കു വശംവദങ്ങളാണു്. നമുക്കെത്ര വായനശാലകളുണ്ടെന്നും ഉള്ളവതന്നെ എത്രമാത്രം കാര്യക്ഷമമായിപ്രവർത്തിക്കുന്നുണ്ടെന്നും കണ്ടറിയേണ്ടിയിരിക്കുന്നു. ഓരോ ഇടവകയിലും എന്തുകൊണ്ടു സാമാന്യം നല്ല ഒരു വായനശാലയുണ്ടായിക്കൂടാ?

കത്തോലിക്കാ സാഹിത്യസംരംഭങ്ങൾക്കുള്ള പ്രേരണാഘടകങ്ങളിൽമുഖ്യമായതു് മതതീഷ്ണതയാണെന്നുള്ള കാര്യം ഇത്തരുണത്തിൽ വിസ്മരണീയമല്ല.

ക. കലാലയങ്ങൾ—

ഒരിക്കൽ വിദേശീയനായ ഒരു ബ. വൈദികൻ ഈ ലേഖകനോടുചോദിച്ചു, ''കത്തോലിക്കാ കേരളത്തിൽനിന്നും ന്യായാനുസൃതമായി പ്രതീക്ഷിക്കാവുന്നത്ര ഉത്തമ സമുദായനേതാക്കളും കത്തോലിക്കാ സാഹിത്യകാരന്മാരുമില്ലാത്തതെന്തുകൊണ്ടാണു്? ''ധാരാളം താണവിദ്യാഭ്യാസ സ്ഥാപനങ്ങളും കേരളസ്ഥലുണ്ടെങ്കിലും ഒരു കത്തോലിക്കാ യൂണിവേർസിറ്റിയോ അതുപോലുള്ള സ്ഥാപനങ്ങളോയില്ലെന്നുള്ളതാണു് മുഖ്യകാരണം,''—അദ്ദേഹംതന്നെ കാരണവും കണ്ടുപിടിച്ചു. ആലോചിച്ചുനോക്കിയാൽ സംഗതി ശരിയല്ലേ? നേരത്തെ പരിശ്രമിച്ചിരുന്നെങ്കിൽ ഒരു യൂണിവേർസിറ്റി സ്ഥാപിച്ചുകിട്ടാമായിരുന്നില്ലേ? വേണ്ടാ നമുക്കധാരാളം കോളേജുകളുണ്ടല്ലോ അവയിൽ എത്ര കോളേജുകളിൽ ലത്തീൻ, സംസ്കൃതം തുടങ്ങി സഭാസേവനത്തിനുതകുന്ന വിഷയങ്ങൾക്കു ഡിപ്പാർട്ടുമെന്റുകളുണ്ടു്? സൺഡേസ്കൂളിലെ നമസ്കാരം പഠിച്ചുകഴിഞ്ഞാൽ സഭയെക്കുറിച്ചു കൂടുതലായി പഠിക്കുന്നതിനു സൗകര്യമുണ്ടാകാൻ—ദൈവശാസ്ത്രവും തത്വശാസ്ത്രവുമെല്ലാം അൽമായർക്കും പഠിക്കുന്നതിനു സാദ്ധ്യതയുണ്ടാകാൻ—എന്തു പരിപാടിയാണു് നമുക്കു ആസൂത്രണം ചെയ്യാൻ കഴിഞ്ഞിട്ടുള്ളതു്. ലൗകിക വിഷയങ്ങളിൽ എന്നപോലെതന്നെ ആദ്ധ്യാത്മിക കാര്യങ്ങളിലും നമ്മുടെ സാഹിത്യകാരന്മാർ വ്യൽപ്പത്തിയുള്ളവരാകാൻ ആവശ്യമായ പരിപാടികളും ആസൂത്രണം ചെയ്യേണ്ടതു് നമ്മുടെ സാഹിത്യത്തിനേറെയും സഭയുടെതന്നേയും ഉൽക്കർഷത്തിനവശ്യാവശ്യമാണു്.

കുറ്റങ്ങളും ചോദിയോപ്പതിയും.

(ഡോ. ററി. കെ. ജോസു്)

ജീവിതത്തിനു് ആശയും ആവേശവും നൽകുന്നതു് കുഞ്ഞുങ്ങളാണു്. കുഞ്ഞുങ്ങളും ഇല്ലാത്ത കുടുംബജീവിതം ശൂന്യമാണു്. കുടുംബാന്തരീക്ഷത്തിനു് മാറ്റു കൂട്ടുന്നതു് ശിശുക്കളാണു് ഒന്നു മാത്രമാണു്. ശിശുക്കളും ഇല്ലാത്ത ജീവിതം അന്ധകാരമയമാണു്.

ശിശുക്കൾക്കു് ആരോഗ്യം ആവശ്യമാണു്. വയർ ഉന്തി, കണ്ണു കുഴിഞ്ഞു്, വികൃതമായ ശിശുക്കളെ നാം ഇഷ്ടപ്പെടുന്നില്ല. നല്ല പുഞ്ചിരിക്കുന്ന മുഖത്തോടുകൂടിയ ഓമനക്കുട്ടന്മാരെ നാം ഇഷ്ടപ്പെടുന്നു. അവരുടെ ലീലകളിൽ നാം അറിയാതെ പങ്കെടുക്കുന്നു. അങ്ങനെ സന്തുഷ്ടമായ ഒരു നല്ല ജീവിതം കൈവരുത്തു

വിഷയദാരിദ്ര്യമോ?

പലരും കത്തോലിക്കാസാഹിത്യസേവനത്തെക്കാൾ പൊതുമലയാള സാഹിത്യദേവിയുടെ ഉപാസനയാണു് ഇഷ്ടപ്പെടുന്നതു്. പലരും മുൻപ്രസ്താവിച്ച പ്രതികൂലാന്തരീക്ഷത്തിൽ വീർപ്പുമുട്ടിയിട്ടാണു് പുറത്തു ചാടുന്നതു്. എന്നാൽ ചിലരുടെ പരാതി നമ്മുടെ സാഹിത്യം വിഷയദാരിദ്ര്യമെന്ന പരിമിതിക്കുധീനമാണെന്നാണു്. സത്യാവസ്ഥയോടു വളരെ സമീപത്തല്ലാത്ത ഈ പരാതിക്കടിസ്ഥാനകാരണം മുൻപറഞ്ഞ ക. വിദ്യാഭ്യാസാഭാവമോ പോരായ്കയോ മാത്രമാണു്. ക. സാഹിത്യമെന്നു പറഞ്ഞാൽ പ. ശ്രീത്വത്തിന്റെ രഹസ്യത്തെ മാത്രം ആസ്പദമാക്കിയുള്ള സാഹിത്യമെന്ന വിചാരിക്കുന്നതു പരമാബദ്ധമാണെന്നു പറയേണ്ടതില്ലല്ലോ. ഈ വിഷയദാരിദ്ര്യമുറവിളി അവസാനിപ്പിക്കാൻ ശരിയായതും ഈടുറ്റതുമായ ക. വിദ്യാഭ്യാസ പദ്ധതികൾ ആവിഷ്ക്കരിക്കുകയാണു വേണ്ടതു്.

ഇങ്ങനെ നോക്കിയാൽ കേരളത്തിലെ കത്തോലിക്കാ സാഹിത്യത്തിന്റെ മന്ദാവസ്ഥയ്ക്കും പോരായ്മകൾക്കുമുള്ള കാരണങ്ങൾ പലതാണു്. പക്ഷേ അവയ്ക്കുള്ള പരിഹാരമാർഗങ്ങളും കുറവല്ലെന്നുമാത്രം.

ഏ. കെ. സി. സി. ബുള്ളറിൻ

എന്തിനായ് ജനിച്ചു ഞാൻ?

(സി. മേരി ബനീഞ്ഞാ, സി. ഡി.)

എന്തിനായ്ജനിച്ചുഞാൻ?
എന്തിനായ്ജനിച്ചുഞാൻ?
സന്തതംചിന്തിക്കയാ—
ണെന്തിനായ്ജനിച്ചുഞാൻ
ജോലിചെയ്തീടുമ്പോഴും
യാത്രചെയ്തീടുമ്പോഴും
നാലുപേരൊന്നിച്ചിരു—
ന്നല്പസിച്ചീടുമ്പൊഴും
ഹൃദയാഗാധത്തിൽനി—
ന്നീമഹാപ്രശ്നംതന്നേ
മൃദുവായ്ധ്വനിച്ചിട്ട—
ന്നെന്തിനായ്ജനിച്ചുഞാൻ?
കണ്ണുകൾരണ്ടുംനന്നായ്
ചേർത്തടച്ചിരുന്നാലും
കണ്ണിമയ്ക്കാതെനേരേ
വീഥിയെവീക്ഷിച്ചാലും
അന്തരംഗത്തിൽകര—
ഞ്ഞന്നതീവ്രപ്രശ്നംതന്നെ,
ചിന്തയിൽപൊന്തുന്നതീ
വിഷമപ്രശ്നംതന്നെ.
ഇളകിക്കളിക്കുമാ
വല്ലരീവിശേഷവും
വളരുംവൃക്ഷങ്ങളും
വിളയുംഫലങ്ങളും
കളഗാനങ്ങൾപാട്ടും
ശകുന്തങ്ങളുമെല്ലാം
കളിയാക്കീടുംവിധം
നോക്കിടുന്നെന്നെസ്സദാ.
നിശയിൽസ്വപ്നത്തിലും
വന്നണഞ്ഞീടുന്നെന്നെ—
യശരീരിവാക്കുപോൽ
ത്തന്നെയീമഹാപ്രശ്നം

ഉത്തരംതുടർച്ചയായ്
പലതുംതോന്നീടുന്നു—
ണ്ടൊത്തതെന്നുറപ്പിക്കാ—
നൊന്നുമേകാണുന്നില്ല.
ഇനിയുംചിന്തിക്കയാ—
ണെന്തിനായ്ജനിച്ചുഞാൻ?
കനകക്കിരീടമെൻ
ശിരസ്സിൽധരിപ്പാനോ?
അംബരംചുംബിക്കുമാ
മാളികാമട്ടുപ്പാവിൽ
തംബുരുമീട്ടിക്കളിർ
കാറ്റുമേറ്റിരിപ്പാനോ?
അഞ്ചുഭ്രഖണ്ഡങ്ങളും
കൈയടക്കുവാൻപോരും
കാഞ്ചനംസമാർജിച്ച
കണ്ടുസന്തോഷിപ്പാനോ?
ഭക്ഷ്യപാനീയങ്ങളെ
യിച്ഛപോൽകഴിച്ചെന്നും
ക്ഷിപൂരണംകൊണ്ട
ജഡത്തെപ്പോറ്റീടാനോ?
അന്യന്റെദ്രോഹിപ്പാനോ?
മാന്യമാനിതംപെടി—
ഞ്ഞുന്നതന്മാരെപ്പോലും
നിന്ദിച്ചുരസിപ്പാനോ?
"അഹ"മെന്നൊരുപെരു—
മ്പറയുംമുഴക്കിക്കൊ—
ണ്ടതിനെപ്പതാകയി—
ലുയർത്തിക്കാണിപ്പാനോ?
അല്ലല്ല,നിസ്സംശയ—
മിവയൊന്നിനുമായി—
ട്ടല്ലഞാൻജനിച്ചതെ—
ന്നറിയാം ചിന്തിക്കുമ്പോഴും

പിന്നെയെന്തിനാണെന്റെ
ജനനം?ലോകത്തിലേ
ഖിന്നതയൊന്നൊന്നായി—
ത്തുടരെസ്സഹിപ്പാനോ?
എങ്കിൽഞാൻസുഖിക്കാതെ
യെന്തിനായ്സഹിക്കണം?
സങ്കടക്കടൽനീന്തീ—
ട്ടെവിടെച്ചെന്നെത്തണം?
ആയതുംനിനയ്ക്കുമ്പോഴും
മറ്റൊരുമഹാപ്രശ്നം
യാതനാമയംജന്മം
നൽകുമോസംതൃപ്തിയേ?
വിജ്ഞരെന്തിക്കാര്യത്തിൽ
പൊൽപ്പതെന്നന്വേഷിക്കാം.
സജ്ജനാദർശംനോക്കാ—
മതിലുംതെറ്റില്ലല്ലൊ
വിജ്ഞരിൽവിജ്ഞാൻക്രിസ്തു
മർത്യരോടോതീടുന്ന
"ദുഃഖിതന്മാരേ,നിങ്ങളും
ഭാഗ്യവാന്മാരെ"ന്നേവം.
സ്നേഹപൂർവ്വകംക്ഷണി—
ച്ചീടുന്നുസ്വയംത്യജി—
ച്ചേവന്നമങ്ങേയന—
ഗമിക്കാൻകുരിശേന്തി
കുരിശോ?മരക്കുരി—
ശല്ല,പൊൻകുരിശല്ല
സഹനംതന്നേയെന്ന
ബുദ്ധിമാൻഗ്രഹിക്കണം.
ക്ഷീരവുംതേനുംസ്രവി—
ച്ചീടുമക്കനാൻനാട്ടിൽ
ചേരുവാൻധൈര്യത്തോടേ
ചെങ്കടൽകടക്കണം
കണ്ടകാകീർണ്ണംവഴി
—ഒറ്റടിപ്പാത—നമ്മെ
ക്കൊണ്ടുചെന്നെത്തിച്ചീടും
സ്വർഗ്ഗലോകത്തുമേവം
എന്തിനായ്ജനിച്ചുഞാൻ?
സഹിക്കാനായിത്തന്നേ
എന്തിനായ്സഹിക്കണം?
നിത്യസൌഭാഗ്യത്തിനായ്
ഈമഹാതത്വംഗ്രഹി—
ച്ചില്ലയോവിശ്രുതന്മാർ
ക്ഷേമവുംസൌഭാഗ്യവും
ധൂളിയായെണ്ണിപ്പോന്നു.
നിത്യസൌഭാഗ്യത്തിനായ്
കരയാംകണ്ണീർചിന്താം
നിർദ്ധനന്മാരായ്നമു—
ക്കുഴലാമീലോകത്തിൽ
ദുഷ്ടരാമീർഷ്യാലുക്കളെ
ചെയ്തിടുംദ്രോഹങ്ങളെ
സ്പഷ്ടമായ്ക്ഷമിച്ചിടാം
പകരംവീട്ടിടാതെ.
അവരെസ്നേഹിച്ചിടാം
ആരെയുംസ്നേഹിച്ചിടാം.
സഹനംസ്നേഹംകൂടാ—
തെങ്ങുമില്ലൊരിക്കലും.
എന്തിനായ്ജനിച്ചുഞാൻ?
സഹിക്കാനായിത്തന്നെ
എന്തിനായ്സഹിക്കണം?
നിത്യസൌഭാഗ്യത്തിനായ്

o — o

വാൻ കുഞ്ഞുങ്ങൾ ആരോഗ്യവാന്മാർ ആയിരിക്കുവാൻ നാം എപ്പോഴും ശ്രമിക്കണം. കുഞ്ഞുങ്ങൾക്ക് രോഗം പറയുവാൻ സാധിക്കുകയില്ല. അവർ കരയുന്നു. രോഗംമൂലവും വിശന്നിട്ടും കരയും. കാരണം അറിഞ്ഞാൽ ഉടനെ ചെറിയ ചികിത്സകൾ ചെയ്താൽ അസുഖം മാറും.

കുഞ്ഞുങ്ങൾക്ക് ഉണ്ടാകുന്ന മിക്ക രോഗങ്ങൾക്കും കാരണം വിരയാണ്. ഉറക്കത്തിൽ ഞെട്ടി ഉണരുക, പല്ലുകടിക്കുക, പിച്ചും പേയും പറയുക, വിശപ്പ് അധികം, അല്ലെങ്കിൽ ഇല്ലാതെ ആകുക എന്നിവ കാരണം. മൂത്രത്തിൽ വെളുത്ത ഊറൽ പ്രത്യക്ഷപ്പെടും. വിരശല്യം ഉള്ള കുട്ടികൾക്ക് മധുരപലഹാരങ്ങളും പഴങ്ങളും കൊടുക്കരുത്. എപ്പോഴും കൈ വൃത്തിയാക്കി ഭക്ഷണം കൊടുക്കണം.

വിരയ്ക്ക് സാധാരണ ഉപയോഗിക്കുന്ന ഔഷധങ്ങൾ

Cina 200 or 3 x ഉറക്കത്തിൽ ഞെട്ടൽ, മൂത്രത്തിൽ വെളുത്ത ഊറൽ, എക്കിൾ, ഛർദ്ദി, അതിസാരം (വെളുത്ത നിറം) വയർനോവ്, പല്ലുകടിക്കുക.

Teucrium 3 x. മലത്തിൽ കൃമി, ഉറക്കക്കുറവ് എന്നിവയ്ക്ക്.

Stannum 30 വിരയുടെ മിക്ക ലക്ഷണങ്ങൾക്കും കൊള്ളാം. സിനാ പരാജയപ്പെടുമ്പോൾ കൊടുക്കാം.

Spigelia 30 വിര ഛർദ്ദിച്ചാൽ കൊടുക്കുക.

കൂടാതെ വിരമൂലം ഉണ്ടാകുന്ന അസുഖം മാറി പോകുന്നതിനും നോവിനും മറും Sulphur 30 ഒരാഴ്ചക്കാലം കൊടുക്കുക.

അതിനുശേഷം Tyco 30 3 ദിവസം കൊടുക്കുക. Verot 12 4 ദിവസവും Thecac—6 7 ദിവസവും കൊടുത്താൽ വിരശല്യം മാറുമെന്ന് Dr. Hugher അദ്ദേഹത്തിന്റെ പുസ്തകത്തിൽ പറഞ്ഞിരിക്കുന്നു.

വിരശല്യം അധികം ഉള്ളപ്പോൾ 2 മണിക്കൂർ ഇടയിട്ട് മരുന്ന് ഉപയോഗിക്കുക. പിന്നീട് ദിവസം 3 നേരം വീതം കൊടുക്കുക.

(തുടരും)

കേരളസംസ്ക്കാരവും കത്തോലിക്കാസാഹിത്യകാരന്മാരും

(ചെറിയാൻ കൊച്ചുപുരയ്ക്കൽ)

കത്തോലിക്കാസാഹിത്യത്തെപ്പറ്റിയും അതിന്റെ പല നേട്ടങ്ങളും പരാധീനതകളും മുമ്പിൽ വച്ചുകൊണ്ട് ഇവസ്സ് കാരണഭൂതരായവരെക്കുറിച്ചും വളരെയൊക്കെ എഴുതുകയും സംസാരിക്കുകയും ചെയ്തുണ്ടിന്നു്. പലപ്പോഴും സംഭവിക്കാറുള്ളതുപോലെ മുഴുവൻ അപ്പടി അങ്ങു് എടുത്താൽ അവിവേകത്തിനു് താങ്ങു നിൽക്കുകയായിരിക്കും ചെയ്യുക. പലതും ഭാഗികമായി ശരിയായിരിക്കാം. എന്നാൽ എവിടെയൊക്കെയാണു് നമ്മുടെ മുന്നേറ്റത്തിനു് പ്രതിബന്ധങ്ങൾ വാസ്തവത്തിൽ മല്പടിച്ചുകിടക്കുന്നതു് എന്നറിഞ്ഞുകിലേ, ഊർജ്ജം അനാവശ്യമായി നഷ്ടപ്പെടുത്താതെ ലക്ഷ്യത്തിലെത്താൻ പറ്റൂ. പ്രകൃതത്തിൽ അനുഭവപ്പെടുന്ന രണ്ടു കാര്യങ്ങൾ പറഞ്ഞുകൊള്ളട്ടെ.

കത്തോലിക്കാസാഹിത്യമെന്നു് ഒന്നുണ്ടോ? ഒരു സാഹിത്യകാരന്റെ വീക്ഷണഗതികൾ കത്തോലിക്കനേതുകൂടിയാകുമ്പോൾ അതു് കത്തോലിക്കാസാഹിത്യമായി. ഇവിടെ സാഹിത്യപരമായ കഴിവുകളും, ക്രിസ്തീയമായ ജീവിതവീക്ഷണവും ഒന്നുചേരുന്നു. അപ്പോൾ മറെറാരു കൂട്ടർ പറയുന്നു മതമൂല്യങ്ങളെ ബോധപൂർവ്വം നിഷേധിക്കാത്തിടത്തോളം കാലം മതവിരുദ്ധമല്ല, കേവലനിർമ്മിതവുമല്ല. മതത്തിൽനിന്നും മുഖം തിരിക്കാതെ അതിനെതിരെ അടഞ്ഞുകൂടയാതെ നേരെ വിടർന്ന നില്പുള്ള ആ നിലതന്നെ മതാത്മകമാണു്?

ഇവയിൽ ആദ്യത്തേതിനോടു് ഭ്രരിഭാഗം യോജിക്കുമെന്നു തോന്നുന്നു. കത്തോലിക്കനായതുകൊണ്ടു് ഒരാൾ സാഹിത്യകാരനാകുന്നില്ല. അയാളും ഒരു സാഹിത്യകാരനും കത്തോലിക്കന്റെ വീക്ഷണഗതിയുള്ള ആളും ആയിരിക്കണം. പല മണ്ഡലങ്ങളിലും കേരള കത്തോലിക്കർ ശോഭിക്കുന്നുണ്ടു്. എന്നാൽ നൂതനങ്ങളായ അനുഭൂതികളെ തേടിനടക്കുവാനും പുതിയപുതിയ സത്യങ്ങളെ കണ്ടുപിടിക്കുവാനുമുള്ള തൃഷ്ണപൊതുവെ കുറവാണെന്നാണു് പറയുന്നതു്. ഇതിനൊരു കാരണം ഈവക മണ്ഡലങ്ങളിലൊന്നും നാംഇതുവരെവേണ്ടവിധം ശ്രദ്ധ ചെലുത്തിയിട്ടില്ല എന്നുള്ളതാണു്.

സഹതാപത്തിന്റെ പേരിൽ

കേരളക്രിസ്തീയസാഹിത്യത്തെപ്പറ്റി ചിലർക്കു് പറയുവാനുള്ളതു് പിതാക്കന്മാർ നേടിവച്ച മുതലിനെപ്പറ്റിയാണു്. ഈ പാരമ്പര്യപ്രഘോഷണം ഏതു പ്രശ്നങ്ങൾക്കും പരിഹാരം കണ്ടുകൊള്ളാമെന്ന വ്യാമോഹിക്കുന്നു, ഈ മോഹമാണു് നമ്മെ ഈ നിലയിൽ ആക്കിയതു്. ആ നൂറ്റാണ്ടും ഈ നൂറ്റാണ്ടും തമ്മിലുള്ള വിടവു നാം കാണുന്നില്ലേ? ഇന്നു നമുക്കു വല്ലതും കിട്ടുന്നതു് യോഗ്യതയുടെ പേരിൽ എന്നതിനേക്കാൾ സഹതാപത്തിന്റെ പേരിലാണു്.

എന്താണു് ഇങ്ങനെ ആ നിലയ്ക്കു കാരണം? മറെറാന്നുമല്ല, കുറെ നാളം മുമ്പു് ശ്രീഎം. ഒ.ജോസഫ്കത്തോലിക്കാവിദ്യാർത്ഥികളോടു പ്രസംഗിച്ചു; 'ആധുനികകാലത്തു് കത്തോലിക്കർ രാഷ്ട്രീയമായും സാമ്പത്തികമായും വളരുന്നതോടൊപ്പം ആദ്ധ്യാത്മികമായും മാനസികമായും വളരുന്നില്ല? സമുദായത്തിന്റെ ചുഴലിക്കുന്നിൽ കിടന്നു കറങ്ങാതെ കുറെ മാറിനിന്നു വീക്ഷിച്ചിട്ടുള്ള പലരും ഇതു തന്നെയാണു് പറയുന്നതു്. ഒരു കാലത്തു് നമുക്കു സാമ്പത്തികപരാധീനതയുണ്ടായിരുന്നു. ഇന്നും പൂർണ്ണമായി അധീനമായെന്നു പറയുന്നില്ല. പക്ഷെ പണ്ടത്തെപ്പോലെ ഇന്നും അവിടെത്തന്നെ കണ്ണും കരളും ഉറപ്പിച്ചാൽ കാലത്തിന്റെ സൂചനകളോടു് എതിരിടുകയായിരിക്കും ചെയ്യുക. ഈ ഡിക്രി നിലവാരത്തിൽ മികച്ചവർ വളരെയുണ്ടു് കത്തോലിക്കരുടെ ഇടയിൽ. പിന്നെ എന്ത്യേ ഈയിടെ ഒരു സമുദായസ്നേഹി ചോദിച്ചതു് മറ്റുള്ളവരുടെ കൃതികളോടൊപ്പം സാഹിത്യപരവും സാങ്കേതികവുമായി മേന്മയുള്ള ഒരു പുസ്തകം എടുത്തു വയ്ക്കുവാനുണ്ടോ എന്നു്. ഇതപ്പടി അങ്ങു വകവച്ചുകൊടുക്കുവാൻ പാടില്ലെങ്കിലും കുറെയൊക്കെ ശരിയാണന്നാണു് തോന്നുന്നതു്. എല്ലാം രംഗങ്ങളിലും ഏറെക്കുറെ ഈ പ്രവണത കാണുന്നുണ്ടു്. ഇതു വല്ലതും പറയുന്നവരെ ഞങ്ങളുടെ ചെയ്തികളെന്തെന്നു് പുറകോട്ട തിരിഞ്ഞുനോക്കാതെ തുക്കിലിടുവാനാണു് നാം കാത്തിരിക്കുന്നതെങ്കിൽ ചരിത്രത്തിലെ സങ്കടകരമായ അദ്ധ്യായങ്ങൾ ഇവടെയും ആവർത്തിച്ചേക്കാം.

പ്രശ്നം പരിഹൃതമാകണമെങ്കിൽ

ഇങ്ങനെ ഒരു പരിതസ്ഥിതിക്കു് കാരണമായി പലരും ചൂണ്ടിക്കാണിക്കുന്നതു് വേണ്ടത്ര പ്രോത്സാഹനം കിട്ടുന്നില്ല എന്നുള്ളതാണു്. അതിനു ചിലർ സാഹിത്യകാരന്മാരാകുക. അപ്പോൾ പ്രോത്സാഹനവും കിട്ടും എന്ന പ്രതിവിധിയാണു് കുറിക്കുന്നതു്. ഒരു കാര്യം വിസ്മരിക്കുവാൻ വയ്യാ. വിദേശങ്ങളിൽ പോയി പഠിക്കുവാൻ വളരെ പേക്കു് സ്കോളർഷിപ്പും മറ്റു സഹായങ്ങളും ലഭിക്കുന്നുണ്ടു്. ഇവരിൽ എത്ര സാഹിത്യകാരന്മാരുണ്ടു്. കലാസേവകരിൽ എത്ര പേരെ നാം മറ്റു നാടുകളിൽ അയച്ചിട്ടുണ്ടു്. തത്വശാസ്ത്രമോ മറെറിതുപോലുള്ള ശാസ്ത്രമോ പഠിച്ചവരുന്നവരേക്കാൾ എത്രയധികമായി ബൗദ്ധികമണ്ഡലത്തിൽ സ്വാധീനം ചെലുത്തുവാൻ സാധിക്കും ഒരു സാഹിത്യകാരനു്. സ്വതാല്പര്യങ്ങൾ വെടിഞ്ഞു് വസ്തുനിഷ്ഠമായി ചിന്തിച്ചാൽ കാണാം. ഇതുപോലുള്ള ചില പരമാർത്ഥങ്ങൾ. ഇതിനൊക്കെ ശരിയായ സമാധാനം കണ്ടെത്തിയാലേ പ്രശ്നം പരിഹൃതമാകൂ.

പലപ്പോഴും സംഭവിക്കുന്നതു് വേണ്ടത്ര അറിവും പരിചയവും ഇല്ലാത്ത കാര്യങ്ങളെക്കുറിച്ചു് ആധികാരിക അഭിപ്രായങ്ങൾ പ്രകടിപ്പിക്കുന്നതാണു്. മാറി മറിഞ്ഞു വരുന്ന അധികാരമാർഗ്ഗത്തിന്റെ നിറമനുസരിച്ചു് കലാപരവും സാംസ്ക്കാരികവുമായ കാര്യങ്ങളെ സംബന്ധിച്ചുള്ള തീരുമാനങ്ങൾ ഒരളങ്ങാപോലെ കിടന്നു ചലിക്കുന്നതായി കാണാറുണ്ടു്. ഇന്നൊരു പുരോഗമനവാദിയാണെങ്കിൽ നാളെ വേറൊരു കുട്ടത്തിരാച്ചി. ഇതുകൊണ്ടൊക്കെ കഷ്ടപ്പെട്ടവരൊ? വെറും സാധാരണക്കാരൻ. വളരുന്ന തലമുറയുടെ തുലിക നിശ്ചലമാണം ചിലപ്പോൾ ചലിച്ചു പോകുന്നതിനിതു കാരണമാകും.

സാത്മീകരണം നടക്കണം

പ്രശ്നത്തിനു് ഒരു പ്രവർത്തനവശം കൂടെ ഉണ്ടു്. നല്ല നിലവാരം പുലർത്തുന്ന കുറെ കൃതികളും ഇറക്കുക. കേരളസംസ്ക്കാരവും ക്രിസ്തീയ തത്വങ്ങളും തമ്മിലൊരു സാത്മീകരണം നടക്കണം. രണ്ടിനെപ്പറ്റിയും സാമാന്യത്തിൽ കവിഞ്ഞൊരു അറിവു് കൂടിയേ കഴിയൂ. ഒരു കൂട്ടർ ക്രിസ്തീയ മതതത്വങ്ങളെക്കുറിച്ചു് വേണ്ടത്ര വിവരമുള്ളവരായിരിക്കാം. അതേ സമയം വേറൊരു കൂട്ടർക്കും നാടിന്റെ നാഡിയിടിപ്പും ഭംഗിയായി പകർത്തുവാൻ കഴിയും. ഇവ രണ്ടും

ഏ. മക. സി. സി. ബുള്ളറിൻ

പ്രലോഭനങ്ങളെ അഭിമുഖീകരിക്കാം

By Smiley Blanton, M, D.

(വിവർത്തകൻ— എ. എസ്. തോമസ്, മാരാരിക്കുളം).

ഗൗരവാവഹങ്ങളും ലളിതങ്ങളുമായ പ്രലോഭനങ്ങൾക്കു വിധേയനാണ് ഓരോ വ്യക്തിയും.

നാല്പതുവർഷത്തിനുമേൽ ഒരു മനഃശാസ്ത്രവിദഗ്ദ്ധൻ എന്ന നിലയിൽ എന്നെ സമീപിച്ചിരുന്ന എല്ലാ ജനങ്ങളേയും ഞാൻ ആവും വിധം സഹായിച്ചുകൊണ്ടാണിരുന്നതു്. അവരുടെ പ്രയാസങ്ങൾക്കെല്ലാം നിദാനം പ്രലോഭനങ്ങളെ യഥോചിതം നേരിടുന്നതിനുള്ള കഴിവില്ലായ്മയാണു്.

ദൈനംദിനജീവിതത്തിൽ നിങ്ങൾ എത്രതന്നെ സുരക്ഷിതരായിരുന്നാലും ശരി, നന്മയും തിന്മയും തെരഞ്ഞെടുക്കേണ്ട ഏതെങ്കിലും രംഗങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കും. തിന്മയുടെ വശീകരണത്തിൽനിന്നും ആകർഷണീയതയിൽനിന്നും, മനംമയക്കുന്ന അതിന്റെ ആനന്ദാനുഭൂതിയിൽ നിന്നും അകന്നുമാറുന്നതിനു് ആത്മാർത്ഥമായും സശക്തമായും നേരിടാതെ രക്ഷനേടുക അത്ര സുഗമമല്ല. പ്രലോഭനം സാർവ്വലൗകീകമാണു്. ഏതൻതോട്ടത്തിനോളം പഴക്കമുണ്ടതിനു്. വ്യക്തിയുടെ സന്തോഷ സന്താപാദികളെ പ്രലോഭനത്തെ നിയന്ത്രിക്കുന്നതിനുള്ള കഴിവിനെ ആശ്രയിച്ചാണിരിക്കുന്നതു്. അതിനെ നിയന്ത്രിക്കാത്ത പക്ഷം അതു് വ്യക്തികളെ അപകടത്തിലാക്കും.

ഏതു പ്രശ്നങ്ങളെ നേരിടുമ്പോഴും ആദ്യമായി അതിന്റെ സ്വഭാവത്തെപ്പറ്റി ശരിയായി ഗ്രഹിക്കണം. പ്രലോഭനങ്ങളെ സംബന്ധിച്ചിടത്തോളം പലരും പരാജിതരാകുന്നതും, ഈ കാര്യത്തിൽ വേണ്ടത്ര ശ്രദ്ധിക്കാത്തതുകൊണ്ടാണു്. മനസ്സിന്റെ പ്രവർത്തനരീതിയെപ്പറ്റി അവർ ചിന്തിക്കുന്നേയില്ല. തന്മൂലം അവനവനെക്കുറിച്ചു അറിയുന്നതിനു് അശക്തനാകുന്നു. എന്നാൽ സ്വയപരിജ്ഞാനമാണു് ആത്മനിയന്ത്രണത്തിന്റെ കാതൽ, ഈ സ്വയപരിജ്ഞാനമാകട്ടെ ഒരു യാഥാർത്ഥ്യം വെളിപ്പെട്ടുന്നുണ്ടു്. നാം പ്രകൃത്യാ സ്വാർത്ഥതയ്ക്കു പ്രഥമസ്ഥാനം നൽകുന്നു എന്നതാണതു്. സ്വാർത്ഥതയിൽനിന്നും നിശ്ശ്രേഷം വിമുക്തിപ്രാപിക്കുന്നതു് അത്ര എളുപ്പമല്ലെന്നുള്ളതു് ഇവിടെ പ്രത്യേകം സ്മരിക്കേണ്ടിയിരിക്കുന്നു. അന്തഃക്കരണം നിസ്വാർത്ഥതയിലും, ധാർമ്മികവൃത്തിയിലും എത്രമാത്രം സമുന്നതമായ നിലകൈവരിച്ചാൽപ്പോലും അപബോധമനസ്സിന്റെ ഒരു ഭാഗം ഉർവൃത്തിയിലേയ്ക്കു് അതിശക്തമായ ചാഞ്ചല്യമുള്ളതിനായി നിലകൊള്ളും. പലപ്പോഴും നാം പ്രലോഭനമെന്നു പറയുന്നതു് വ്യക്തിസത്തയുടെ ഈ ഭാഗത്തിൽനിന്നുത്ഭവിക്കുന്നതും, വ്യക്തിയുടെ അന്തഃക്കരണവുമായി സംഘർഷത്തിൽ ഏർപ്പെടുന്നതുമായ പ്രലോഭനത്തെയാണു്.

പ്രലോഭനങ്ങൾക്കു വശംവദരായവരിൽ ചിലർ ലജ്ജയോടുകൂടി എന്നെ സമീപിച്ചിരുന്ന സന്ദർഭങ്ങളിൽ അവരുടെ മാനസ്സികവൈഷമ്യങ്ങളിലേയ്ക്കു് ചുഴിഞ്ഞിറങ്ങുന്നതിനു് വേണ്ടതായ നിർദ്ദേശങ്ങളും നൽകുക പതിവായിരുന്നു. അതിനുപുറമേ പ്രലോഭനങ്ങൾക്കെതിരായുള്ള അവരുടെ പ്രതിരോധയത്നങ്ങളിൽ ചെയ്യേണ്ടതും, ചെയ്യരുതാത്തതുമായവയെക്കുറിച്ചും ഞാൻ പരാമർശിക്കാറുണ്ടു്.

നിങ്ങളുടെ ദൗർബല്യങ്ങൾ അംഗീകരിക്കുക

ഓരോരുത്തർക്കും 'തെറ്റായ പ്രചോദനങ്ങൾ' ഉണ്ടാകും. അവ യെന്താണു് എങ്ങിനെയാണു് ഉത്ഭവിക്കുന്നതെല്ലാം ശരിയായി മനസ്സിലാക്കുകയും, നിങ്ങൾക്കുമാത്രമല്ല ഇത്യാദി ബലഹീനതകൾ ഉള്ളതെന്നുമുള്ള പരമാർത്ഥം അറിയുകയും ചെയ്യുന്നതു് നന്നായിരിക്കും. ഇവിടത്തെ പ്രശ്നം സ്വയം അറിയുകയും, അങ്ങനെ സ്വയം നിയന്ത്രിക്കുകയുമാണു്. ''നിങ്ങളുടെ ശിരസ്സിനു് മുകളിൽ കൂടി പാറിപ്പറക്കുന്ന പറവകളെ നിയന്ത്രിക്കാനാവില്ല. പക്ഷേ തലയിൽ കൂടുകെട്ടുന്നതിൽനിന്നും തടയുവാൻ നിങ്ങൾക്കു് സാധിക്കും.'' ഈ ദൃശ്യമായ ഒരു ചൈനീസ്സു് പഴമൊഴിയുണ്ടു്.

നിങ്ങളുടെ അന്തഃക്കരണത്തെ ശ്വാസംമുട്ടിക്കരുതു്

മനസ്സാക്ഷിയുടെ സ്വരം പലപ്പോഴും ആക്രോശമെന്നതിനേക്കാൾ കേവലമൊരു 'മന്ത്രിക്കൽ' മാത്രമായിരിക്കും. എന്നാൽ അതു് നിരാകരിക്കുന്നതായാൽ വരാവുന്ന ഭവിഷ്യത്തു് ഒരു വൈദികനോ, അഥവാ ഒരു മനശാസ്ത്രജ്ഞനോ, വിശദീകരിക്കാവുന്നതിലും, നിങ്ങൾക്കു് ചിന്തിക്കാവുന്നതിലും വളരെയേറെ ഭയാനകമായിരിക്കും. അന്തഃക്കരണത്തെ ഒരു ദൈവനിവേശിത യന്ത്രമായിട്ടോ, മങ്ങിയ പൈതൃകാധികാരത്തിന്റെ പ്രതിദ്ധ്വനിയായിട്ടോ, അഥവാ പൗരാണികവും, സാമൂഹികവുമായ മനുഷ്യസമുദായത്തിന്റെ 'ഭ്രഷ്ടായിട്ടോ' നിങ്ങൾ പരിഗണിച്ചാലും ശരി അതു് മനുഷ്യവ്യക്തിസത്തയിലെ ഏറ്റവും നാശകരമായ വികാരവേലിയേറ്റത്തെ അഥവാ അപരാധത്തെ രേഖപ്പെടുത്തുന്ന ഒരു പ്രതീകമായി നിലകൊള്ളും.

കുറ്റബോധം അത്യന്തം വേദനാകരവും, ഹൃദയഭേദകവുമാവുകമൂലം ദുർബല

യോജിച്ചുകൊണ്ടുള്ള കൃതികളുടെ അഭാവമാണു് കേരളസംസ്കാരത്തിനു് ക്രിസ്ത്യൻ സാഹിത്യം ഇതുവരെ കരുത്തുള്ള മുതൽക്കൂട്ടു് നൽകിയിട്ടില്ലെങ്കിൽ അതിനു കാരണം.

ഇന്നാട്ടിലെ എഴുത്തുകാർ എല്ലാവരും അശ്ലീലത ചിത്രീകരിക്കുന്നതിൽ മാത്രം ബദ്ധശ്രദ്ധരാണോ! അല്ല മനശാസ്ത്രത്തിന്റെ നേട്ടങ്ങൾ ഏറെക്കുറെ പ്രതിഫലിക്കുന്നുണ്ടു് അവരുടെ കൃതികളിൽ. അശ്ലീലത സ്പർശമില്ലാത്തവയാണു് അവയെന്നു വിവക്ഷിക്കുന്നില്ല.. അവരെ വളർത്തിക്കൊണ്ടു വരുവാൻ ആളുണ്ടായിരുന്നു. അവർക്കു മാർഗ്ഗദർശം നൽകുവാൻ ആളുണ്ടായി. നമുക്കോ?

ജീവിതവീക്ഷണം

സത്യത്തെ സ്നേഹിക്കുന്ന ഒരു എഴുത്തുകാരൻ ചിലപ്പോൾ സമുദായത്തിൽ വിന്നു് മാറിനിന്നു് ചിന്തിച്ചെന്നു വരും. കല സാമൂഹ്യജീവിതത്തിൽ നിന്നകറെയൊക്കെ സ്വതന്ത്രമാണെന്നാണു് ഫ്രോയിഡ്യൻ മുതലായുള്ളവരൊക്കെ പറയുന്നതു്. എങ്കിലും ക്രിസ്തീയ നിരീക്ഷണം (Christian insight) ഇന്നത്തെ മനുഷ്യന്റെ അർത്ഥം എന്തെന്നു മനസ്സിലാക്കുവാൻ തുനിയണം.

അങ്ങനെ ക്രിസ്തീയമായ ഒരു ജീവിതവീക്ഷണം കേരളസാഹിത്യകാരനുണ്ടായിരിക്കണം. മനുഷ്യനെ പഠിക്കണം ബുദ്ധിജീവികർമ്മം ഉണരണം. മധ്യവർഗ്ഗത്തിന്റെ അനുഭവങ്ങളുടെ കലവറ സാഹിത്യകാരന്റെ മുതൽക്കൂട്ടായി മാറണം. അതിൽ അടങ്ങിയിരിക്കുന്ന എണ്ണമറ്റ പ്രശ്നങ്ങളോടു് വിശ്വസ്തത പുലർത്തുക. സത്യത്തിനും പൂർണ്ണതയ്ക്കും മറയുള്ള അടങ്ങാത്ത ആവേശം പ്രബുദ്ധരാക്കട്ടെ. അപ്പോഴും കരുത്തുറ്റ സാഹിത്യം വളരും. കേരളസംസ്കാരത്തിനു് മുതൽക്കൂട്ടാകും.

രായി തീർന്നിട്ടുള്ള നിരവധി കേസ്സുകൾ ഞാൻ കണ്ടിട്ടുണ്ട്. എന്നാൽ കുറെ ഉപബോധമനസ്സ് നിരാകരിച്ചാൽപ്പോലും അതിന്റെ മാരകമായ പ്രവർത്തനം അപബോധമനസ്സിൽ തുടരുകയുമിതിനും ഉപബോധമനസ്സിന്റെ പ്രവൃത്തി നിഷ്ഫലമായി തീരാറുണ്ട്. വി. പുസ്തകത്തിൽ പറയുംപോലെ അനാരോഗ്യം, ശക്തിക്ഷയം, അവ്യക്തമായ ഭയം, വിശ്വാസരാഹിത്യം, ആത്മഹത്യ ചെയ്യുന്നതിനുള്ള പ്രേരണപോലും ''പാപത്തിന്റെ പ്രതിഫലം'' ആകുന്നു. ''അല്പം ശ്രേഷ്ഠതയ്ക്ക് നാം വിധിക്കപ്പെട്ടവരാണ്''എന്നു റോബർട്ട് ലൂയീസ് സ്റ്റീവൻസൺ എഴുതിയിട്ടുണ്ട് അതുകൊണ്ട് അദ്ദേഹം അത്മാർത്ഥമായും മിക്കവാറും എല്ലാ മനുഷ്യരും പ്രലോഭനങ്ങൾക്ക് വഴങ്ങിക്കൊടുക്കുന്നതോടൊപ്പം ശിക്ഷിക്കപ്പെടുന്നുണ്ടെന്നാണ്. അവരുടെ പാപങ്ങൾ ഒരുപക്ഷേ അന്യരാൽ കണ്ടുപിടിക്കപ്പെടുന്നില്ലെങ്കിൽപ്പോലും അവരുടെ അന്തരാത്മാവിൽ അതിനുള്ള ശിക്ഷ അനുഭവിക്കുന്നുണ്ട്.

സഹായത്തിനായി പ്രാർത്ഥിക്കണം

ഒരു മനഃശാസ്ത്രജ്ഞനിൽനിന്നും ഈ ഉപദേശം വിസ്മയകരമായി തോന്നിയേക്കും. മാനുഷികസ്വഭാവങ്ങളെ അപഗ്രഥിക്കുന്നതിനായി ജീവിതത്തിന്റെ സിംഹഭാഗവും വിനിയോഗിച്ച ഒരു വ്യക്തിയെന്നനിലയിൽ എനിക്ക് ഉറപ്പിച്ചുപറയുവാൻ സാധിക്കും; മതപരമായ പ്രാധാന്യത്തിനു പുറമേ, പ്രാർത്ഥനയ്ക്ക് അപബോധമനസ്സാകുന്ന മഹത്തായ ഭണ്ഡാരത്തിൽനിന്നും അവശ്യം വേണ്ട ബുദ്ധിയും ശക്തിയും സമാർജ്ജിക്കുന്നതിനുള്ള കഴിവ് ഉണ്ടെന്നു്! എന്നിരുന്നാലും കേവലം പ്രാർത്ഥനയുടെ വെറും ഉച്ചാരണംകൊണ്ടോ ആവർത്തനംകൊണ്ടോ യാതൊരു പ്രയോജനവുമില്ല. സുശക്തമായ പ്രാർത്ഥനക്ക് വിനയവും ആശാനിഗ്രഹവും നിസ്സഹായാവസ്ഥയെപ്പറ്റിയുള്ള ബോധ്യവും അനുപേക്ഷണീയമാണ്. മനഃശാസ്ത്രജ്ഞനു് ഇതേപ്പറ്റി ദൈവശാസ്ത്രജ്ഞനേക്കാൾ ഉപരിയായി വിശദീകരിക്കുവാൻ സാദ്ധ്യമല്ല. എന്നിരുന്നാലും അതേപ്രകാരമാണെന്നവനറിയാം. സ്വകീയവിജയമാണതിന്റെ മർമ്മം. ഈ മനോഭാവം ഉപബോധത്തിൽ പ്രവേശിച്ച് പിന്നീട് അപബോധമനസ്സിൽ ആഴമായിപതിയുന്നതായാൽ, തന്മൂലം ആശയങ്ങളും നിർമ്മലവും ശുദ്ധവും ആയിത്തീരുകയും, ശരിയായ തീരുമാനങ്ങൾ എടുക്കുന്നതിനുള്ള കഴിവ് സിദ്ധിക്കുകയും ചെയ്യുന്നു. ആഭ്യന്തരയുദ്ധം ആരംഭിക്കുകയിൽ റോബർട്ട് ലീയ്ക്ക് ഐക്യസേനയുടെ സേനാധിപത്യം വാഗ്ദാനംചെയ്യപ്പെട്ടു. എന്നാൽ അദ്ദേഹം അതേപ്പറ്റി ഒരു തീരുമാനം എടുക്കും മുമ്പ് രാത്രി മുഴുവനും പ്രാർത്ഥിച്ചു ലീ വ്യാമോഹിതനായിരുന്നിരിക്കണം. സഖ്യകക്ഷികളുടെ വിജയം അത്ര എളുപ്പമല്ലെന്ന് അദ്ദേഹം അറിഞ്ഞുകാണും. വിജയംവരിക്കുന്ന സേനയുടെ സേനാധിപത്യം പ്രസിഡൻറുപദവിയിലെത്തിക്കുമെന്ന് അദ്ദേഹം മുൻകൂട്ടി കണ്ടുകാണും. എന്നാൽ പ്രാർത്ഥനാനന്തരം തന്റെ അന്തഃകരണം സ്വജനങ്ങൾക്കെതിരായി യുദ്ധം ചെയ്യുന്നതിനു് തന്നെ അനുവദിക്കുന്നില്ലെന്ന് അദ്ദേഹം മനസ്സിലാക്കി. അന്നെടുത്ത തീരുമാനം അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം ഏറ്റവും സമുചിതമായിരുന്നു. ഈ ശരിയായ തീരുമാനത്തിന്റെ സാധുത്വത്തെക്കുറിച്ച് പിന്നീടുള്ളവരാരും സംശയിച്ചുമില്ല.

നിങ്ങളുടെ ബലഹീനതകൾ

ആളുകളുടെ വിഭിന്നസ്വഭാവമനുസരിച്ച് പ്രലോഭനങ്ങളും വ്യത്യസ്തങ്ങളായിരിക്കും. പ്രലോഭനങ്ങളുടെ തരത്തിലും കാഠിന്യത്തിനും വ്യത്യാസമുണ്ടായിരിക്കും. ആത്മാർത്ഥമായ സ്വയവിവേചനത്തിനു് വളരെയേറെ പ്രയാസങ്ങളെ നിവാരണം ചെയ്യുന്നതിനു് കഴിയും.

നിങ്ങൾ കടുത്ത ഉൽക്കർഷേച്ഛയുള്ളവനാണോ? എങ്കിൽ നിങ്ങൾക്കു് മറ്റുള്ള എല്ലാവരെക്കാളും വിജയത്തിനായുള്ള മത്സരം ഒഴിവാക്കുന്നതിനു് പ്രയാസം തോന്നും.

നിങ്ങൾക്കു് സ്വാഭാവികമായി ഉള്ളതിൽ കൂടുതൽ പ്രാധാന്യം നേടുന്നതിനു് തൃഷ്ണയുള്ളവനാണോ? എങ്കിൽ സ്വന്ത മഹിമകളെപ്പറ്റി അവസാനമില്ലാതെ സംസാരിക്കുകയും അന്യരെ പുച്ഛിക്കുകയും ചെയ്യുന്നതിനെതിരായി നിങ്ങൾ പ്രത്യേകം ശ്രദ്ധിക്കണം.

എപ്പോഴും എല്ലാ കാര്യത്തിലും നിങ്ങൾ പരിപൂർണ്ണനാണെന്നു് തോന്നാറുണ്ടോ? എന്നാൽ നിങ്ങൾ അന്യരോടും നിങ്ങളോടുതന്നെയും വളരെ കർക്കശമായി പെരുമാറുന്നതിനെതിരായ പ്രലോഭനത്തെയാണു് നേരിടേണ്ടിവരുന്നതു്.

നിങ്ങൾക്കു് ജീവിതത്തിൽ കടുത്ത നൈരാശ്യം അനുഭവപ്പെടാറുണ്ടോ? എങ്കിൽ യാഥാർത്ഥ്യത്തിൽനിന്നും ഓടി അകലുന്നതിനായി മദ്യപിക്കുന്നതിനുള്ള ഒരാസക്തി തോന്നിയേക്കും.

ഓരോ വ്യക്തിക്കും പ്രത്യേക ദുർബലതകൾ ഉണ്ടായിരിക്കും. ആ പ്രത്യേക ദുർബലതകൾ അയാളെ നേരിടുക. പ്രലോഭനങ്ങൾ വാസ്തവത്തിൽ നമുക്കുവേണ്ടി കാത്തിരിക്കുകയല്ല. പ്രത്യുത നമ്മുടെ സ്വഭാവത്തിലുള്ള ചാഞ്ചല്യങ്ങളെ പ്രലോഭിപ്പിക്കുകയാണു്. ഉദാഹരണമായി ശരിയായ ഒരു സ്ത്രീലമ്പടനു് ഇടതടവില്ലാതെ തന്റെ സങ്കല്പലോകത്തിൽ വിഹരിക്കുന്നതിനു് സാധിക്കുമെന്നു ബോധമണ്ഡലത്തിലുള്ളതു്. സാധിക്കാവുന്ന അവസരങ്ങളിലെല്ലാം അതിനു് ഉപയുക്തമായ സാഹചര്യങ്ങളും അവൻതന്നെ സൃഷ്ടിക്കും. കാരണം ചഞ്ചലമായ തന്റെ അഹമ്മതിയെ താലോലിക്കുന്നതിനും, അവന്റെ പുരുഷത്വത്തെ സംബന്ധിച്ച രഹസ്യസംശയത്തെ ദൂരീകരിക്കുന്നതിനും, അങ്ങനെയുള്ള അവസരങ്ങളും അവനു് അനിർവ്വാര്യമാണു്. നിങ്ങളും നിങ്ങളുടെ ബലഹീനതയുടെ മൂലകാരണങ്ങളും കണ്ടുപിടിക്കുന്നതോടുകൂടി ആയോധനത്തിൽ പകുതി വിജയം കൈവരിച്ചുകഴിഞ്ഞു. (തുടരും)

ചെറുകഥ

കയ്യെത്താത്ത പൂവ്

(ജോസ് വാക്കയിൽപറമ്പിൽ, ബി. എ. ബി. എൽ.)

II

പള്ളിപിരിഞ്ഞിട്ട സമയമല്പമായിരുന്നതിനാൽ മിക്കവാറും ആളുകളെല്ലാം പൊയ്ക്കഴിഞ്ഞിരുന്നു. ഞങ്ങൾക്കുമുന്നിൽ നീണ്ടുനിവർന്നുകിടക്കുന്ന ഗ്രാമപാതതികച്ചും ജനശൂന്യമായിരുന്നു.

''ഷീലേ!'' ഞാൻ വിളിച്ചു.

''എന്തോ!'' അവൾ വിളികേട്ടു.

പിന്നീടെന്താണു പറയേണ്ടതെന്നറിയാതെ ഞാൻ പരുങ്ങി. ഇതുവരെ ഷീലയുടെ മുൻപിലെനിക്കിങ്ങനെയൊരു തിക്കുമുട്ടലനുഭവപ്പെട്ടിട്ടില്ല ആ സൗന്ദര്യറാണിയുടെ മുൻപിൽ ഞാൻ വെറുമൊരു നിസ്സാരജീവിയായിപ്പകർന്നതുപോലെ എനിക്കുതോന്നി.

വഴിവക്കിലെ കയ്യാലകളിൽ പിടിച്ചുനിന്നിരുന്ന ഓണപ്പൂക്കൾ ഞങ്ങളെ നോക്കി മന്ദഹസിക്കുന്നുണ്ടായിരുന്നു. വെയിലിന്റെ ആധിക്യത്താലായിരിക്കണം അവറ്റകളുടെ മുഖത്തല്പമൊരു വാട്ടം ദൃശ്യമായിരുന്നു.

''ഷീലേ'' എനിക്കല്പമൊരു ധൈര്യം തോന്നി. ഈ ഓണപ്പൂക്കൾ കാണുമ്പോൾ ഞാൻ നമ്മുടെ ബാല്യത്തിലെ സുന്ദരരംഗങ്ങളിലേക്കു തിരികെപ്പോവുകയാണു്, നിർമ്മലതയുടെ നിറകതിർ തൂകിയിരുന്ന ആ ബാല്യകാലം!''

: ഉം..'' ഷീല മൂളി

''അന്ന നാമീ ഓണപ്പൂക്കളം കൊണ്ടു മാലയുണ്ടാക്കി വിവാഹമഹോത്സവമാഘോഷിച്ചതു ഷീല ഓർമ്മിക്കുന്നുണ്ടോ?''

''ഉം.'' ഷീലയുടെ കവിളിണകളിൽലജ്ജാസ്ഫുരണമുണ്ടായി,

''ഞാൻ വരനും ഷീല വധുവും''

''ഉം..'' അലസഭാവത്തിൽ ഷീല വീണ്ടുംമൂളി.

''എന്റെ ഷീലേ! അത്തരമൊരു ബന്ധം ഈ ജീവിതകാലം മുഴുവൻ തുടർന്നുകൊണ്ടുപോകുവാൻ ഞാനാഗ്രഹിക്കുന്നു''

ഞാൻ തുറന്നുപറഞ്ഞു. ഹൃദയത്തിൽ നിന്നൊരു വലിയ ഭാരം ഒഴിഞ്ഞു കിട്ടിയതുപോലെ എനിക്കുതോന്നി. സൂത്രത്തിൽ ഞാൻ ഷീലയുടെ മുഖത്തേയ്ക്കൊളിക്കണ്ണിട്ട നോക്കി.

ആ പ്രേമകുസുമം കുങ്കുമഭയേണിഞ്ഞതുപോലെ കാണപ്പെട്ട. സ്ത്രീളാവൈവശ്യം ആ കോമളാനനത്തിലിഴഞ്ഞുകയറി ശൃംഗാരകാവ്യം കുറിക്കുന്ന മധുരങ്ങളായ കൊച്ചുനുണക്കുഴികളും അരുണിമയാർന്നു. കവിത വിരിയുന്ന ആ കടക്കണ്ണുകളിൽ അന്യാദൃശ്യമായി ഒരു തിളക്കം ഞാൻ കണ്ടു.

''പ്രിയപ്പെട്ട ഷിബൂ ക്ഷമിക്കുക! ആ ബന്ധംഒരിക്കലും ഒരുയാഥാർത്ഥ്യമായിത്തീരുവാൻ പോകുന്നില്ല, ഷീല മന്ദവാണിയിൽ മൊഴിഞ്ഞു.''എന്തുകൊണ്ടു?'' ഞാൻ നടുങ്ങുന്നതു ഷീലകണ്ടു കാണണം. എന്റെ വദനസരോജം വാടുന്നതും. ഗദ്ഗദാക്ഷരികളായ എന്റെ വാക്കുകൾക്കൊരു ശോകസ്പർശമുണ്ടായിരുന്നു.

''ഷിബുവിനെ ഒരു സഹോദരനായിമാത്രമാണു ഞാൻ കാണുന്നതു്. നിർമ്മലമായ നമ്മുടെ വിശുദ്ധബന്ധത്തിൽ മഷിപുരളുവാൻഞാനാഗ്രഹിക്കുന്നില്ല.''

''അപ്പോൾ ഷീല മറ്റാരേയോ സ്നേഹിക്കുന്നു..'' പരാജിതനായ ഒരു കാമുകന്റെ ഉൽക്കണ്ഠയും വേദനയും മുഴങ്ങുന്നുണ്ടായിരുന്ന എന്റെ വാക്കുകളിൽ.!

''അതേഷിബൂ! ഞാൻ സ്നേഹിക്കുന്ന ഒരു രാജകുമാരനെ!''

''രാജകുമാരനേയോ?'' എന്റെ വാക്കുകളിൽ അത്ഭുതം കൂറുന്നുണ്ടായിരുന്നു. ഇപ്പോളെവിടിരിക്കുന്ന ഷീലേ രാജാവും കുമാരനുമൊക്കെ.. എന്നാലൊരു മന്ത്രികുമാരനെയാകട്ടെ..!''

''ഷിബുവിനെന്റെ ആശയം മനസ്സിലാകാത്തതിൽ ഖേദിക്കുന്നു. ഞാൻ സ്നേഹിക്കുന്നതു് രാജകുമാരനെയുമല്ല—രാജാധിരാജനേയാണു്.. '' ഷീലയുടെ വാക്കുകൾക്കു് അസാധാരണമായൊരു ഗാംഭീര്യമുണ്ടായിരുന്നു.

''രാജാധിരാജനേയോ'' ഞാൻവീണ്ടും അജ്ഞത ഭാവിച്ചു.

''അതേ ഷിബൂ! രാജാധിരാജനെ ഹൃദയങ്ങളുടെ രാജാവിനെ അധിനാഥനെ! അദ്ദേഹത്തിന്റെ ഒരു തെളിഞ്ഞ ചിത്രം എന്റെ ഹൃദയത്തിന്റെ മാംസളഭിത്തികളിൽ ആമുദ്രിതമായിട്ടുണ്ടു്. മറെറാരു സാധാരണ ചിത്രം വേണമെങ്കിൽ ഇതാ ഷിബുവിനു കാണാം''

ഷീല സ്വന്തം പ്രാത്ഥനാപുസ്തകത്തിൽനിന്നും ക്രീസ്തുദേവന്റെ ഒരു പടമെടുത്തു കാട്ടി. നിരന്ന മുള്ളുകളും നിരക്കവേ കുത്തിയ മുൾക്കിരീടവും ചൂടി രക്താഭിഷിക്തനായി.. ശോകവേദനകളുടെ രാജാവിനെപ്പോലെ സഹനത്തിന്റെ സമുജ്ജ്വലമൂർത്തീഭാവംപോലെ കാണപ്പെട്ടന്ന ദൈവസുതന്റെ ഒരു വ്യാകുലചിത്രം! അനന്തസുന്ദരങ്ങളായ ആ അക്ഷിയുഗ്മങ്ങളം അലിഞ്ഞടഞ്ഞിരുന്ന പാപ പാരമ്യതയാർന്ന ഈ വിശ്വകടാഹത്തെ വീക്ഷിക്കുവാൻ ഭയപ്പെട്ടിട്ടെന്നപോലെ! എന്റെ ഹൃദയത്തിൽ വേദനയുടെ ഒരു വേലിയേറ്റമുണ്ടായി. പാശ്ചാത്താപത്തിന്റെ ഒരഗ്നിശലാകയയർന്നു.. ഹാവൂ! ഞാനൊന്നു ദീർഘമായിനിശ്വസിച്ചു..!

''ഈ സ്നേഹം ഇന്നും ഇന്നലെയും ആരംഭിച്ചതല്ല; അങ്ങുദൂരവിദൂരമായ ആ ബാല്യകാലത്തിലെ ശാന്തസുന്ദരമായ സുപ്രഭാതത്തിൽ പൂർവ്വദിക്കു മുഖപാളിയിൽ കുങ്കുമച്ചാറൊഴുക്കിക്കൊണ്ടു് ബാലസൂര്യൻ നീലമാമലകൾക്കപ്പുറത്തുനിന്നും എത്തിനോക്കിയപ്പോൾ.. വിനീതമായആ ഗ്രാമീണദേവാലയത്തിനുള്ളിൽ അവനതമുഖരായി അഞ്ജലീബദ്ധരായി നിന്നുകൊണ്ടു നാം പ്രഥമദിവ്യകാരുണ്യസ്വീകരണം നടത്തിയതോർമ്മിക്കുന്നുവോ? അന്നു് ആ സ്നേഹസാമ്രാട്ടു് പാവപ്പെട്ട എന്റെ ഹൃദയത്തിലേക്കെഴുന്നള്ളിവന്നപ്പോൾ..ആ മംഗളമുഹൂർത്തത്തിൽതന്നെഞാനങ്ങയെ എന്റെ ഹൃദയരാജാവായ വരോധിച്ചു, അന്നുമുതൽക്കീ പരിശുദ്ധമായ പ്രേമബന്ധം ഞാൻ തുടർന്നുകൊണ്ടു പോരികയാണു്. ഈ ജീവിതത്തിന്റെ നീണ്ടുനിവർന്ന നിമഷങ്ങം മുഴുവനും അതു നിർബ്ബാധം, നിർവ്വിഘ്നം തുടർന്നുകൊണ്ടുപോകുവാൻ ഞാനാഗ്രഹിക്കുകയും ചെയ്യുന്നു.. അതേ! അതാണെന്റെ ജീവിതലക്ഷ്യം... ചിരപ്രതീക്ഷിതമായ ജീവിതസാഫല്യം..

ഞാൻ ദീർഘമായൊന്നു നിശ്വസിച്ചു!

''പക്ഷേ ഷീലേ ദൈവംതന്ന അനർഘജീവിതത്തെ അനുഭവിച്ചാസ്വദിക്കേണ്ട അമൂല്യജീവിതത്തെ, അതേപടി ദൈവത്തിനുതന്നെ തിരിയെക്കൊട്ടുക്കുന്നതു് അക്ഷന്തവ്യമായൊരപരാധമാണെന്നാണെനിക്കു തോന്നുന്നതു്. ഷീല വായിച്ചിട്ടില്ലേ യജമാനൻ നൽകിയ നാണയം കുഴിച്ചിട്ട മൂഢഭൃത്യന്റെ പാരബിളം?''

''ഒരിക്കലുമില്ല; ആ ഉപമയും ഈ സംഗതിയുമായി കടലും കടലാടിയും തമ്മിലുള്ള ബന്ധംപോലുമില്ല..''

''എന്റെ ഷീലേ! അണിയുവാനല്ലെങ്കിൽ എന്തിനാണാഭരണം?

ആസ്വദിക്കുവാനല്ലെങ്കിൽ എന്തിനാണീയഴകു്? ദൈവംതന്ന മനോഹര ജീവിതത്തെ ആസ്വദിച്ചാനന്ദിക്കുവാൻ തന്ന അമൂല്യദാനത്തെ ദൈവത്തിനതന്നെ തിരിയെ നൽകുക, അതിനേക്കാളപരിയായ കൃതഘ്നത മറെറന്തുണ്ടു്?''

''ദൈവം തന്ന മഹത്തായ ജീവിതത്തെ.. അമൂല്യമായ മനുഷ്യാത്മാവിനെ ദൈവശുശ്രൂഷയ്ക്കായിതന്നെ ഉപയോഗിക്കുക.. അതെങ്ങനെയാണു കൃതഘ്നതയാവുക? അതിനേക്കാളപരിയായ ശ്രേഷ്ഠകൃത്യം മറെറന്തുണ്ടു്?..''ഷീല തിരിച്ചടിച്ചു.

''ശ്രേഷ്ഠകൃത്യം! മനുഷ്യനെ വിട്ടുപ്രകൃതിയിലേക്കു തിരിയൂ. എവിടെയുണ്ടു് ഒരാൺജാതി പെൺജാതിക്കുവേണ്ടിയല്ലാതെ? വിടർന്ന വികസ്വരമായിവിലസുന്ന കുസുമരാജികളം മധുപങ്ങളെ മാടിവിളിക്കുകയല്ലേ? അതാ! അങ്ങോട്ടൊന്നുനോക്കൂ, ആ കയ്യാലത്തിട്ടകളിൽ താഴേക്കുമുഖം കുനിച്ചുനിൽക്കുന്ന പുഷ്പറാണികളുടെ പൂങ്കവിളുകളിൽ നീലാളികളം ചുടുചുംബനമപ്പിക്കുന്നു. ഇതൊക്കെ കണ്ടിട്ടും എന്റെ ഷീലേ..?'' എന്റെ വാക്കുകളിൽ കരുണരസം കരകവിഞ്ഞൊഴുകുന്നുണ്ടായിരുന്നു.

''കഴിഞ്ഞുപോകുന്ന അത്തരം ആനന്ദാനുഭൂതികളിൽ ഞാൻ അള്ളിപ്പിടിക്കുന്നില്ല. അണഞ്ഞുപോകുന്നില്ല ആദർശദീപങ്ങളിൽ വ്യാമോഹിക്കുന്നുമില്ല.. എന്നെ വിശ്വസിക്കില്ലേ ഷിബൂ..''

അപ്പോഴേക്കും ഞങ്ങം എന്റെ വീട്ടുവാതിക്കലെത്തിയിരുന്നു. ഷീല സ്നേഹത്തെങ്കിലും മറുപടി നൽകുവാനെനിക്കു തോന്നിയില്ല. താന്തചിത്തനായി ഞാൻ ഗേറിന്റെ കൊളുത്തു നീക്കി. ''ഷീല കയറുന്നോ'' ഞാൻ ക്ഷണിച്ചു.

''ഓ! അയാം സോറി ഷിബു.. ഇപ്പോൾതന്നെ റയിം വളരെയായി ഞാൻ വീട്ടിലേക്കു പെല്ലട്ടെ..''

''എന്നാലാകട്ടെ, ഗുഡ്ബൈ—'' ചത്ത സ്വരത്തിൽ ഞാൻ മന്ത്രിച്ച വാക്യത്തിലെനിക്കൊരുത്സാഹവും തോന്നിയിരുന്നില്ല. എന്റെ മനസ്സിന്റെ ശക്തിയെല്ലാം നശിച്ചതുപോലെ തോന്നി. രാവിലെ കണികണ്ട മഹാപാപിയെ മനസ്സാശപിച്ചുകൊണ്ടു ഞാൻ വീട്ടിനുള്ളിലേക്കു കയറി..

ഷീല സെപ്റ്റംബർപരീക്ഷ പാസ്സായെന്ന മംഗളവാർത്ത പിറേറദിവസത്തെ പ്രഭാതപത്രം വിളംബരം ചെയ്തു. അവളുടെ രജിസ്റ്റർ നംബർ എനിക്കറിയാമായിരുന്നു.. പക്ഷേ എനിക്കൊരാനന്ദവും തോന്നിയില്ല, ആ ബാല്യകാല സഖിയുടെ വിജയത്തിൽ ഒരു പക്ഷേ എന്റെ സ്വാർത്ഥബുദ്ധിയുടെ ആധിക്യം കൊണ്ടാവാം അതേ, അതുതന്നെ. അവം ആ കതിരുകാണാക്കിളി എന്നേരത്തെല്ലന്നറിഞ്ഞ നിമിഷംമുതൽ എനിക്കവളോടു് ഉത്ക്കടമായ വെറുപ്പാണു് തോന്നിയതു്!

അന്നത്തെ സായാഹ്നം മനോഹരമായിരുന്നു.. അന്തിമേഘങ്ങളിൽ അല്പക്കുത്തുചാർത്തിക്കൊണ്ടിരുന്നസന്ധ്യാസൂര്യന്റെ കനകകിരണങ്ങം ജനാലയിലൂ

ടെ കടന്നുവന്ന മുറിയിലിരുന്ന എന്റെ പാദങ്ങളെ ചുംബിച്ചുകൊണ്ടിരുന്നു. പതിവായി ഈവനിംഗ് വാക്കിനു പോകാറുണ്ടായിരുന്ന ഞാനന്നു മുറിയ്ക്കുള്ളിൽ കതകും പൂട്ടിയിരിപ്പായിരുന്നു. എന്റെ ഉത്സാഹമെല്ലാം നശിച്ചിരുന്നു. ജീവിതം മുഴുവൻ ഒരൊഴിഞ്ഞ മൊട്ടത്തോട്ടപോലെ ശൂന്യമായി പകർന്നതുപോലെ എനിക്കുതോന്നി. പൊരിവെയ്ലേറേറു പൊള്ളിക്കുന്ന മണൽക്കാട്ടുപോലെ ശുദ്ധശൂന്യമായിപ്പകർന്നിരിക്കുന്നു. എന്റെ ജീവിതം! തലേദിനം രാവിലെ ഷീലയുമായി നടത്തിയ സംഭാഷണത്തിന്റെ ദാരുണപരിണാമം എന്റെ ഉള്ളിൽ തികട്ടിത്തികട്ടിവന്നുകൊണ്ടിരുന്നു.

ഹൃദയം വിണ്ടുകീറുന്നതുപോലെ എനിക്കുതോന്നി. കയ്യിലെടുത്തു തലോടാൻ കഴിഞ്ഞിരുന്നുവെങ്കിൽ! വിരഹാർത്തനായ ഒരു കാമുകന്റെ പ്രേമഗാനം അങ്ങകലെയൊരു റേഡിയോവിലൂടെ ഒഴുകിയൊഴുകിവരുന്നു. ഹൃദയതന്ത്രികളിൽ ചലനം സൃഷ്ടിക്കുന്ന ഒരു സംഗീതശകലം!

''ട്ടം..ട്ടം..ട്ടം'' വാതിലിലാരോ മുട്ടുന്നതുകേട്ടു. ആരായിരിക്കാം? നടക്കാനിറങ്ങാഞ്ഞതുകൊണ്ടുകൂട്ടുകാർ വല്ലവരും അന്വേഷിച്ചിറങ്ങിയതായിരിക്കുമോ?

ഞാൻ എഴുന്നേറ്റു കതകുതുറന്നു.

കയ്യിലന്നത്തെ പത്രവുമായി പൂപുഞ്ചിരി പൊഴിച്ചുകൊണ്ടുനിൽക്കുന്ന എന്റെ ഷീലയോ? ഷീലയെന്തോണെന്നാരു പറഞ്ഞു.?

''ഷിബൂ ഞാൻ ജയിച്ചു. ഇതാ എന്റെ നംബർ കണ്ടില്ലേ? 1112'' അഭിമാനപൂർവ്വം വിജയികളുടെ ലിസ്റ്റിലുണ്ടായിരുന്ന സ്വന്തം നംബർ ചൂണ്ടിക്കാണിച്ചുകൊണ്ടവൾ മൊഴിഞ്ഞു,.

''ഗ്രഡ്കൺഗ്രാച്ചുലേഷൻസ്'' ''ഞാൻ അഭിനന്ദിച്ചു. വിളറിയ ഒരു പുഞ്ചിരിഎന്റെ അധരങ്ങളിൽ വിളയാടുന്നുണ്ടായിരുന്നു.

''അധികം താമസിയാതെ തന്നെ മഠത്തിൽ ചേരണമെന്നു ഞാൻ വിചാരിക്കുന്നു. ഇന്നുതന്നെ എഴുതുന്നുണ്ട് ഒരാഴ്ചക്കകം മറുപടികിട്ടിയേക്കും''

''കൊള്ളാം! നല്ല കാര്യങ്ങൾ! ''എനിക്കാകാര്യങ്ങളിലൊന്നും വലിയുത്സാഹമില്ലാത്ത മട്ടിൽ ഞാൻ മറുപടിയരച്ചു..

''എന്താ ഷിബൂ! ഒരു സുഖമില്ലാത്തതുപോലെ?'' ഷീല ആരാഞ്ഞു.

''ഒരു തലവേദന! ഇന്നലെ അല്പം ചാറൽമഴനനഞ്ഞു..'' ഞാനൊരു ചെറിയ കള്ളം പറഞ്ഞു.

''എങ്കിൽ വല്ല സാരിസോണോ, ആസ്പ്രോയോ മറേറാ വാങ്ങിക്കഴിക്കൂ.. ഇപ്പോഴത്തെ ഈ ജലദോഷം സൂക്ഷിക്കേണ്ടതാണു!''

ഓ! വൈദ്യോപദേശമാണു; വൈദ്യോപദേശം! വിദഗ്ധമായ വൈദ്യോപദേശം!

''ഉം...'' ഞാൻ ഉദാസീനഭാവത്തിൽ മൂളി. അവളുടെ വിദഗ്ധോപദേശത്തിനുള്ള കൃതജ്ഞത കൂടി ആ മൂളലിലന്തർഭവിപ്പിച്ചിട്ടുണ്ടായിരുന്നു.

''ആൻറിയെവിടെ? ജയിച്ചതിന്റെ കാപ്പി കിട്ടിയില്ല'' ഷീല അടുക്കളഭാഗത്തേയ്ക്കു നടന്നു. ആശ്വസിക്കാനായി ഞാൻ കിടക്കയിലേയ്ക്കും.

ഹൗ! ഒന്നുറങ്ങാൻ കഴിഞ്ഞിരുന്നെങ്കിൽ! അല്പം നേരത്തേയ്ക്കെങ്കിലും ഈ ഹൃദയവേദനകളും ഒന്നു മറക്കാൻ കഴിഞ്ഞിരുന്നെങ്കിൽ! ഞാൻ കിടക്കയിൽ തിരിഞ്ഞും മറിഞ്ഞും കിടന്നു.

ഹൃദയത്തിന്റെ ശ്രീകോവിലിൽ ആദ്യമായിപ്രതിഷ്ഠിച്ച ഇഷ്ടദേവതയുടെ രൂപം, ചെറുപ്പം മുതൽക്കേ കയ്യിൽ കിട്ടിയ കാട്ടുപൂക്കളെല്ലാം കൊണ്ടു് ആത്മാർത്ഥതയോടെ അനസ്യൂതമായി അർച്ചന നടത്തിപ്പോന്ന എന്റെ ഷീലയുടെ സുന്ദരരൂപം!

ആദ്യവും അവസാനവുമായി എന്റെ മൂലധനവികാരങ്ങളെ ഇക്കിളിപ്പെടുത്തിയിട്ടുള്ള ഷീല എന്നെ വെറുത്തിരുന്നെങ്കിൽ എനിക്കതു സഹിക്കാമായിരുന്നു. പക്ഷെ അതുണ്ടാവുന്നില്ല. സ്നേഹം നിറഞ്ഞ വാക്കുകളല്ലാതെ അവൾ ഒരിക്കലും എന്നോടരിയാടിയിട്ടില്ല. കാണുമ്പോഴെല്ലാം ഹൃദയത്തിൽ കുളിർമഴ ചൊരിയുന്നതുപോലെ അവൾ പെരുമാറിക്കൊണ്ടിരുന്നു... ഹൃദയലാഘവത്തോടെ സംസാരിക്കും: സ്നേഹപൂർവ്വം പെരുമാറും...!

അപ്പോൾ എന്തായിരുന്നു ആ ബന്ധം? ബാല്യത്തിലെ തഴച്ചുവളർന്ന ആ സ്നേഹം. യൗവ്വനയുക്തരായതിനോടെ ശാഖോപശാഖകളായി വളർന്നു... ഇപ്പോഴിതാ അതു കേവലമൊരു സഹോദരസ്നേഹമായി പരിണമിച്ചിരിക്കുന്നു? നാളെ മുതൽ ഞാനെന്റെ ഷീലയെ പ്രിയപ്പെട്ട കൊച്ചനിയത്തിയായി കാണണം പോലും!

സ്ത്രീഹൃദയത്തിന്റെ നിഗൂഢമായ ഉള്ളറകളും ആരു കണ്ടു?

അവൾ കുറക്കാരിയാണോ? അല്ലെന്നു് എങ്ങനെ പറയുവാൻ കഴിയും? വിവേകമുള്ള ഒരു പെൺകുട്ടിക്കു് ഒരു യുവാവിന്റെ—പോരാ അവളുടെ ബാല്യകാലസഖാവിന്റെ സ്നേഹം നിറഞ്ഞ ഹൃദയസ്പന്ദനങ്ങളും ശ്രദ്ധിക്കാൻ കഴിയുകയില്ലേ? ബോധവതിയായിരുന്നിട്ടും അവൾ അറിഞ്ഞില്ലെന്നു ഭാവിച്ചതല്ലേ? അല്ലേ? എങ്കിൽ ആ യുവതി ആരായിരുന്നാലും അവൾ ശപിക്കപ്പെടട്ടെ!

ചിന്തയുടെ മെഴുകുകോട്ടയ്ക്കു് തീ പിടിച്ചിരിക്കുകയാണു്. അതെങ്ങനെ തല്ലിക്കെടുത്താനാണു്? എല്ലാം കത്തിയെരിഞ്ഞു സ്വയം കെട്ടടങ്ങണം!

X X X X

വിദൂരതയിലെങ്ങോ കൂടി പുകതുപ്പി പാഞ്ഞുപോകുന്ന തീവണ്ടിയുടെ ചൂളംവിളി ഉയർന്നു. മണി പന്ത്രണ്ടു കഴിഞ്ഞുകാണണം. ഇനിയും ഞാനുറങ്ങിയിട്ടില്ല. ചിന്താതരംഗങ്ങൾ ഓമ്മകളുടെ ശിലാതലത്തിൽ തട്ടി ചിന്നിച്ചിതറുകയാണു്...മനസ്സും ബുദ്ധിയും തമ്മിൽ പൊരുത്തപ്പെടുന്നില്ല! ആകപ്പാടെ ഒരസ്വസ്ഥത! ഹൃദയവും ശരീരവും ഒന്നുപോലെ വേദനിക്കുന്നു.

പുറത്തു മുല്ലപ്പൂവൊളിനിലാവു പരന്നൊഴുകുകയാണു്..പൂവിരിക്കുന്ന പൂനിലാവിൽ പ്രപഞ്ചമാകെ മുങ്ങിക്കുളിച്ചു നിൽക്കുന്നു. നീരദ്ധ്രനീലമായ നിർമ്മലാകാശത്തിൽ വെള്ളിമേഘങ്ങളും താരകഗണങ്ങളും ഉള്ളംകളിർത്തു പൊട്ടിച്ചിരിക്കുന്നു..പാൽനുര പതയുന്ന പാലൊളിപ്പൂനിലാവു് വാരിപ്പുതച്ചുകൊണ്ടു് തളർന്നുകിടന്നുറങ്ങുകയാണെന്റെ നാട്ടിൻപുറം. എങ്ങും ഒരു അനക്കോമിനക്കുമില്ല. ജാലകപ്പഴുതിലൂടെ നിലാവെളിച്ചം അരിച്ചരിച്ചിറങ്ങി എന്റെ മുറിക്കകത്തെ ചുമരുകളിൽ രജതരേഖ പാകുന്നു. വള്ളിപ്പടർപ്പുകളിൽ രാപ്പാടികളും പാട്ടുപാടുന്നു. പാതിരാപ്പൂക്കളുടെ പരിമളഭാരം വഹിച്ചുകൊണ്ടു് ഒഴുകിയൊഴുകിവരുന്ന കുളിർമ്മയുള്ള ഇളംകാറ്റു്, കാറ്റാടിമരങ്ങളുടെ തുഞ്ചത്തുരുമ്മിക്കൊണ്ടുപോകുന്ന ചൂളംവിളി രാത്രിയുടെ നിശ്ശബ്ദതയ്ക്കു് കാവൽനിന്നു. ലോകം മുഴുവൻ സുഖസുഷുപ്തിയിൽ നിമഗ്നമായിരിക്കുകയാണു്. ഞാൻ മാത്രം ചിന്താതരംഗങ്ങളും ഓമ്മയുടെ ആഴത്തിലേക്കെന്നെ കൂട്ടിക്കൊണ്ടുപോകുന്നു. എണ്ണും ചുമട്ടത്തൊന്നിരിക്കാനുള്ള പഴുതില്ല. വേദനിക്കുന്ന അനുഭവങ്ങളുടെ ഒതുക്കമില്ലാത്ത ചുരുളുകളും മാത്രം!

o o o o

നാളെ ഷീല പോകുകയാണു്. അങ്ങകലെ ആജ്മീരിൽ മിഷ്യൻ സിസ്റ്റേഴ്സിന്റെ കൂടെ സേവനമനുഷ്ഠിക്കാൻ അവൾ തീരുമാനിച്ചുകഴിഞ്ഞു!...അധികൃതരുടെ ക്ഷണം കിട്ടി. വേണ്ടപ്പെട്ടവരുടെയെല്ലാം അനുവാദവും അനുഗ്രഹാശ്ശിസ്സുകളും!...

അന്നു വൈകിട്ടു് അമ്മയോടും മറ്റും യാത്രചോദിക്കുന്നതിനായി ഷീല എന്റെ വീട്ടിൽ വന്നു..

''ഷിബൂ! നാളെ ഞാൻ പോകുകയാണു്...അറിഞ്ഞിരിക്കുമല്ലോ?...''

''ഉം...''

''നാളെ ഞാൻ ഒൻപതരയ്ക്കുള്ള ടെയിനിൽ പോകണമെന്നു വിചാരിക്കുന്നു. ടിക്കറ്റൊക്കെ ബുക്കു ചെയ്തു കഴിഞ്ഞു. ഷിബൂ, റെയിൽവേസ്റ്റേഷനിലേക്കു വരുമായിരിക്കുമല്ലോ എന്നെ യാത്രയാക്കുവാൻ.''

''ഉം..'' ഞാൻ അലക്ഷ്യഭാവത്തിൽ വീണ്ടും മൂളി...

''ഷിബൂ നമ്മുടെ നിർമ്മലമായ സ്നേഹബന്ധത്തിന്റെ ശാശ്വതസ്മരണയ്ക്കായി ഈ ഓട്ടോഗ്രാഫിൽ രണ്ടുവരികളെഴുതുക...''അവൾ കൈവശമിരുന്ന ഓട്ടോഗ്രാഫ് എന്റെ നേരേ നീട്ടി...

ഞാനതു വാങ്ങി; അലസമായി അതിലെ പേജുകളും മറിച്ചു. നീലാകാശം പോലെ, നിർമ്മലമായ, മിനുസമേറിയ പേജുകളും...ഞാനതിലെഴുതി..

എ, കെ. സി. സി. ബുള്ളറിൻ

''നീലലോലയളകങ്ങളം നീക്കി—
നിന്റെ ഫാലകത്തിൽ..
പേലവമൊരായിരം ചുംബന ങ്ങ ളം,
വാസന്തിപ്പൂക്കളംപോലെ
വാരിവിതറാൻ ഷീലേ,
വാസരമെനിക്കിനീ
ലഭിപ്പതെന്നോ?''

എന്തിനാണ്. ഞാനാ വരികളം എഴുതിയതു്? എന്തിനാണ്?എന്തിനാണ്?

പെട്ടെന്നു് ഞാനെണീറ്റു മേശ തുറന്നു. എന്റെ ഓട്ടോഗ്രാഫെടുത്തു.

''ഷീലേ, എനിക്കുവേണ്ടി ഒരു രണ്ടുവരി ഇതിലും എഴുതുക...''

ഷീല പുഞ്ചിരിയോടെ ആ ഓട്ടോഗ്രാഫ് വാങ്ങി. അവളതിലെന്തോ എഴുതി തിരിയെ തന്നു. ഞാനതു വാങ്ങി നോക്കി. അതിലെഴുതിയിരുന്നു...

''വ്യാമോഹം' വ്യാമോഹം,
വ്യർത്ഥമാം വ്യാമോഹം
ധീമയക്കീടുമീപ്രേമദാഹം!
എന്തിനിനിയുമീ സ്വപ്നങ്ങളം
നിൻമനം
നൊന്തിടുമെൻഷിബൂ!
പിന്മടങ്ങൂ!...'' ഷീല.

ഞാനതു വായിച്ചു; നെടുതായൊന്നു നിശ്വസിച്ചു.

കഥകളം നിറഞ്ഞ മാസങ്ങളം പലതു കടന്നുപോയി. ഏകദേശം ഒന്നരക്കൊല്ലത്തോളം നിരങ്ങി നീങ്ങി..

ഞാനന്നു ജോലിചെയ്തിരുന്നതു തിരുവനന്തപുരത്താണ്. ഒരു ദിവസം ഞാനാഫീസിൽനിന്നു വന്നപ്പോളം എന്നെ പ്രതീക്ഷിച്ചൊരു കവർ മേശപ്പുറത്തു കിടപ്പുണ്ടു്. ഞാനതെടുത്തു പൊട്ടിച്ചു. രക്തപുഷ്പാഭിഷിക്തമായി മുംമുടിയണിഞ്ഞ ക്രിസ്തുനാഥന്റെ ഒരു പടം,. അതിന്റെ മറുപുറത്തായെഴുതിയിരുന്നു...

''എന്റെ സഹോവസ്രസ്വീകരണസ്മാരകം!''

''കത്താവിന്റെ വിനീത ദാസി.. ലയോണി..''

കൂട്ടത്തിലൊരു കത്തുമുണ്ടായിരുന്നു. ഞാനതു തുറന്നു വായിച്ചു.

പ്രിയപ്പെട്ട സഹോദരാ!

നാളെ ഞാൻ സഹോവസ്രം സ്വീകരിക്കുകയാണ്. കത്താവിന്റെ മണവാട്ടിയായി നാളെ മുതൽ ലോകം എന്നെ അംഗീകരിക്കും...

നാളെമുതൽ ലോകത്തിന്റെ വാതിൽ എന്റെ മുന്നിൽ കൊട്ടിയടയ്ക്കപ്പെടുവയാണ്. ലോകത്തിന്റെ സുഖൈശ്വര്യങ്ങളം എനിക്കു തിക്തകസമാനമാണ്. ഹൃദയനാഥനെ ഭാരമേറിയ, പരുപരുത്ത മരക്കുരിശിനോടു ചേർത്തു് എന്റെ ശരീരവും കരചരണാദികളും ബന്ധിക്കപ്പെടുകയാണ്. വ്രതവാഗ്ദാനാദികളായ കൂർത്തു മൂത്ത ആണികളാൽ സനാതനജീവിതമാകുന്ന ക്രൂശത്തിന്റെ കുരിശിൽ ഞാൻ തറയ്ക്കപ്പെടും..!'' എന്റെ നകം മധുരമാകുന്നു. എന്റെ ചുമടുകളോ ലഘുവുമാകുന്നു.'' ഈ തിരുവാക്യം എനിക്കെല്ലാത്തിനും ശക്തിയും പ്രചോദനവും നൽകും...

''സ്വന്തം സ്നേഹിതനുവേണ്ടി സ്വജീവൻ നൽകുന്നതിൽ വലിയ ഒരു സ്നേഹപ്രവൃത്തിയില്ല.. ഞാൻ ആഗ്രഹിച്ചു കത്താവിന്റെ ദാസികളിൽ ദാസിയാകുവാൻ! ഞാൻ കൊതിച്ചു, എന്നെ മുഴുവൻ അങ്ങേ തൃപ്പാദത്തിൽ തിരുമുൽക്കാഴ്ചയർപ്പിക്കുവാൻ...!

നാളെ എന്റെ ആഗ്രഹങ്ങളം സാക്ഷാൽക്കരിക്കപ്പെടുകയാണ്! നാളെ! ബാല്യത്തിലെ പൊന്നിൻകിനാവുകളം യാഥാർത്ഥ്യങ്ങളായിപ്പുകരുകയാണ്..... നാളെ..,മഠത്തിലെ കന്യാസ്ത്രീകളെപ്പോലെ ഉടുപ്പും, സ്ക്കപ്പ്രാരെയും, കപ്പുസും, വെയിലും കറുത്ത ശിരോവസ്ത്രവുമണിഞ്ഞു് നടക്കാനുള്ള എന്റെ ആഗ്രഹങ്ങളം! ലോകവുമായുള്ള എല്ലാ ബന്ധങ്ങളും വിടർത്തി ക്രിസ്തുവിനുവേണ്ടി മാത്രമായി അങ്ങേ മണവാട്ടിയായി ഒരു തുള്ളി വെള്ളം, അതിരറ്റ അലയാഴിയിലെന്നതുപോലെ, അങ്ങിൽ നിത്യമായി ലയിക്കാനുള്ള എന്റെ അഭിനിവേശങ്ങളം—! ശൈശവത്തിലെന്നെ നോക്കി പൂ പുഞ്ചിരിപൊഴിച്ചു യൗവനത്തിലെന്റെ ഹൃദയത്തെ ആനന്ദിപ്പിച്ച നല്ല ദൈവത്തിന്റെ മുന്തിരിത്തോട്ടത്തിലെ നിത്യദാസിയായി നാളെമുതൽ ഈ പാവപ്പെട്ട ഷീലയും അംഗീകരിക്കപ്പെടും!

നാളെ——!നാളെ——!!

——വിവാഹജീവിതം ഉത്തമമാണ്. ഞാൻ സമ്മതിക്കുന്നു. എന്നാൽ സന്യാസ്ജീവിതം അത്യുത്തമമാണ്! കത്താവിന്റെ മുന്തിരിത്തോപ്പിൽ അവിടുത്തേയ്ക്കുവേണ്ടി വേലചെയ്യുക! ഹാ! അതിൽപ്പരം ആനന്ദം മറെന്താണുള്ളതു്? അതിലുമുപരിയായ ശ്രേഷ്ഠകൃത്യം മറെന്താണുള്ളതു്?

അഴിഞ്ഞുപോകുന്ന ആനന്ദാനുഭൂതികളിൽ ഇനിമുതൽ ഞാൻ അള്ളിപ്പിടിക്കുകയില്ല. അണഞ്ഞുപോകുന്ന ആദർശദീപങ്ങളിൽ വ്യാമോഹിക്കുകയുമില്ല!

നാളെ! എന്റെ ജീവിതത്തിന്റെ മാദകവസന്തം പുഞ്ചിരിക്കുകയാണ്! ഇന്നുവരെ വന്നെത്താൻ കൂട്ടാക്കാത്ത മധുരമധുരമായ വസന്തർത്തു നാളെ! ആനന്ദാധിക്യത്താൽ എന്റെ ഹൃദയം തുടിക്കുന്നു. കണ്ണുകളം നിറയുന്നു...വിരലുകളം വിറയ്ക്കുന്നു.

പ്രിയപ്പെട്ട ഷിബൂ! ഞാൻ മാപ്പു ചോദിക്കുന്നു. എന്റെ സമസ്താപരാധങ്ങളംക്കും! എന്തെങ്കിലും ഏതെങ്കിലും വിധത്തിൽ ഞാനങ്ങയുടെ മൃദുലവികാരങ്ങളെ മുറിപ്പെടുത്തിയിട്ടുണ്ടെങ്കിൽ! മാംസളചിത്തത്തെ ക്ഷതപ്പെടുത്തിയിട്ടുണ്ടെങ്കിൽ, സദയം മാപ്പുതരിക! ഈ പാവപ്പെട്ട കൊച്ചനുജത്തിക്കു ഹൃദയപൂർവ്വം മാപ്പുതരിക!

എനിക്കുവേണ്ടി പ്രാർത്ഥിക്കുമല്ലൊ!

ഷീല (സിസ്റ്റർ ലയോണി)

കത്തുമടക്കി ഞാൻ ദീർഘമായൊന്നു നിശ്വസിച്ചു. ഷീല, കവിതതുളുമ്പുന്ന കണ്ണുകളം പനിനീർപ്പൂവിതളുകളെ വെല്ലുന്ന കവിൾത്തടങ്ങളം അമൃതൊഴുകുന്ന പൂ പുഞ്ചിരിയും പുഞ്ചിരിക്കുമ്പോളം കവിതയൂറുന്ന കൊച്ചു നുണക്കുഴികളുമുള്ള ഷീല, അവളം ഇന്നെന്നോടൊപ്പമില്ല. ഈ ജീവിതത്തിൽ എന്നെ ഏകനാക്കി വിട്ടുകൊണ്ടു്, ജീവിതത്തിനു നിറപ്പകിട്ടേകിയിരുന്ന ആ അപ്സരപ്പു് കന്യകാലയത്തിന്റെ കരിങ്കൽ ഭിത്തികളംക്കുള്ളിൽ മറഞ്ഞുകഴിഞ്ഞു. ഏതു ദുഃഖത്തിലും താങ്ങും തണലുമായിരുന്ന സംഗീതസാന്ദ്രമായ ആസാന്ത്വനോക്തികളം ഞാനിനി കേൾക്കുകയില്ല. ജീവിതം ഒരൊഴിഞ്ഞ മൊട്ടത്തോടായി പകർന്നുകഴിഞ്ഞു. നീണ്ടുനിവർന്ന നിശ്ശൂന്യമായ മരുപ്രദേശം. മരുപ്പച്ചകളില്ല, സാന്ത്വനാഹകസംഘങ്ങളില്ല ചുട്ടുതപിപ്പിക്കുന്ന അനന്തങ്ങളായ മണൽക്കാട്ടകളംമാത്രം എവിടെയെത്തും? എപ്പോഴെത്തും?

കദനവും, നെടുവീർപ്പും, കണ്ണുനീരും ചിന്തുകളും!!

ഷീല! എന്റെ ഹൃദയാകാശത്തിൽ വിരിഞ്ഞു വിലസിയിരുന്ന മായാത്ത മഴവില്ലു്, ഭാവനയിൽ പ്രകാശം പരത്തിയിരുന്ന മാധുര്യത്തിന്റെ ഓമ്മയുടെ ചിതൽപ്പുറ്റുകളംക്കുള്ളിൽ ഒരു ശവകുടീരമയങ്ങുന്നു. ഷീല, എന്നെസംബന്ധിച്ചിടത്തോളം അവളൊരു കയ്യെത്താത്ത പൂവാണു്; ആദർശശുദ്ധിയുടെ ഔന്നത്യത്തിൽ വിടർന്നു വിലസുന്ന കയ്യെത്താത്ത പൂവു്!

ഷീല അവളം തിരഞ്ഞെടുത്ത മാർഗ്ഗം കല്പം മുള്ളുംനിറഞ്ഞു കണ്ടകാകീർണ്ണമായി എനിക്കു തോന്നുമെങ്കിലുംവാസ്തവത്തിൽ സനാതനസൗഭാഗ്യത്തിലേക്കുള്ള രാജപാതയാണു്. സാക്ഷാത്തായ സൗന്ദര്യത്തിന്റെ നിത്യപദവീസായാണു്.

ഉദാസീനഭാവത്തിൽ ഞാൻ പുറത്തേക്കു നോക്കി.

അസ്തമനാർക്കന്റെ കനകകുന്ദളങ്ങളം അങ്ങകലെ ഉയർന്നുനിൽക്കുന്ന ഉത്തുംഗമായ ദേവാലയത്തിന്റെ പൊൻതാഴികക്കുടങ്ങളെ ക്ഷേതിപൂർവ്വം ചുംബിക്കുന്നു!

(അവസാനിച്ചു)

ഏ. കെ. സി. സി. യും ഇതരസമുദായ സംഘടനകളും.

(അറയ്ക്കൽ ജെ. ആന്റണി)

ആധുനികയുഗത്തിലെ അപ്രതിരോധ്യമായ ശക്തിദർഗ്ഗങ്ങളാണ് സംഘടനകളും; പ്രത്യേകിച്ചും ജനാധിപത്യം നിലവിലിരിക്കുന്ന രാജ്യങ്ങളിൽ. ഏതു ഒപ്പാത്തപ്രശ്നങ്ങളും പരിഹൃതമാകണമെങ്കിൽ സംഘടിതശബ്ദം അനിവാര്യമായ ഒരു സ്ഥിതിവിശേഷം ഇന്നു സംജാതമാക്കിയിരിക്കുന്നു. സംഘടിത ശക്തി സമാർജ്ജിക്കാൻ കഴിവില്ലാത്ത ജനപദങ്ങളും അഗണ്യകോടിയിൽ തള്ളപ്പെടുന്നതിനു് ഉദാഹരണങ്ങളും ചൂണ്ടിക്കാണിക്കാൻ കഴിയും. ''യോജിച്ചാൽ നിലനില്പും അല്ലെങ്കിൽ നശിക്കും'' എന്നുള്ള സർവ്വലൗകികതത്വം മനസ്സിലാക്കിയതുകൊണ്ടാണു് കലാസാംസ്കാരികരംഗങ്ങളിലും തൊഴിൽ രംഗത്തും വ്യവസായരംഗത്തുമെല്ലാം പൃത്തൻപൃത്തൻ സംഘടനകളും രൂപം കൊള്ളുന്നതു്.

സമുദായങ്ങളെ പ്രതിനിധീകരിക്കുന്ന സംഘടനകൾ

വിവിധ സമുദായങ്ങളും മൈത്രീഭാവത്തിൽ കഴിഞ്ഞുകൂട്ടുന്ന ഒരു കൊച്ചു സംസ്ഥാനമാണു് കേരളം. സ്വസമുദായാംഗങ്ങളുടെയും സമുദായത്തിന്റെ തന്നെയും ഉയർച്ചയ്ക്കുവേണ്ടി ഓരോ സമുദായത്തിനും പ്രത്യേകം സംഘടനകളുമുണ്ടു്. സാമുദായികസംഘടനകളും കേരളത്തിന്റെ സാമൂഹ്യ—സാമ്പത്തിക—സാംസ്കാരികരംഗങ്ങളിൽ നിസ്തുലങ്ങളായ നിരവധി സംഭാവനകളും നിതരാം നൽകുന്നുമുണ്ടു്. രാഷ്ട്രീയരംഗത്തും അവയ്ക്കുള്ള സ്വാധീനം അവഗണനാതീതമാണു്, ഇങ്ങനെയുള്ള സമുദായസംഘടനകളാണു് നായർ സർവ്വീസ് സൊസൈറ്റി, എസ്. എൻ. ഡി. പി., കത്തോലിക്കാ കോൺഗ്രസ്, മുസ്ലീം ലീഗ് തുടങ്ങിയവ.

ജനസമ്മതനായ ഒരു നേതാവു്

പ്രബലസമുദായങ്ങളെ പ്രതിനിധീകരിക്കുന്ന സംഘടനകളാണു് മേല്പറഞ്ഞതു്, അവയെ നയിക്കുന്നതും നിയന്ത്രിക്കുന്നതുമെല്ലാം സമുദായത്തിലെ പ്രധാനവ്യക്തികളും തന്നെ. കേരളത്തിലെ 'നായർ' സമുദായാംഗങ്ങളുടെ സർവ്വതോന്മുഖമായ അഭിവൃദ്ധിക്കുവേണ്ടി പരിശ്രമിക്കുന്ന സംഘടനയാണു് എൻ. എസ്സ്. എസ്സ്., സമുദായാംഗങ്ങളുടെ സമുന്നതിക്കുവേണ്ടി 'സർവ്വീസ് സൊസൈറ്റി അനവരതം ശ്രമിച്ചുകൊണ്ടിരിക്കുന്നു. ആ പ്രവർത്തനങ്ങളുടെ കുഞ്ഞലകളും ഗ്രാമങ്ങളിൽ പോലും പ്രതിഫലിക്കുന്നുവെന്നതാണു് അതിന്റെ ഉയർച്ചയ്ക്കു് നിദാനമായ ഒരു സംഗതി സർവ്വപ്രവർത്തനങ്ങളേയും നയിക്കുവാനും നിയന്ത്രിക്കുവാനും കഴിവുള്ള ജനസമ്മതനായ ഒരു നേതാവുണ്ടെന്നുള്ളതാണു് സർവ്വീസ് സൊസൈറ്റിയുടെ അത്ഭുതാവഹമായ ഉയർച്ചയ്ക്കുള്ള മറ്റൊരു സംഗതി.

കെല്പുള്ള പത്രം

അസംഘടിതരും അതിൽ തന്നെ അവഗണനാപാത്രവുമായിരുന്ന ഒരു സമുദായമായിരുന്ന കേരളത്തിലെ ഈഴവസമുദായം അടുത്ത കാലം വരെ. പ്രതിഭാസമ്പന്നരും സമുദായപ്രേമികളുമായ ഡോ. പല്പു, കുമാരനാശാൻ, സി. കേശവൻ, സഹോദരൻ അയ്യപ്പൻ, സി. വി. കുഞ്ഞുരാമൻ എന്നിവർ സമുദായത്തിന്റെ ശോചനീയസ്ഥിതിയുള്ള പരിഹാരമാർഗ്ഗം ഒരു സംഘടനയാണെന്നു മനസ്സിലാക്കിയതിന്റെ അനന്തരഫലമായിരുന്നു എസ്സ്. എൻ. ഡി. പി. ഏതു കുഗ്രാമത്തിലും അതിനു ശാഖകളും പ്രവർത്തനങ്ങളുമുണ്ടു്. ഈഴവന്റെ കാര്യം പറയാൻ കെല്പുള്ള ഒരു പത്രവും അവയ്ക്കുണ്ടു്, അങ്ങനെ കേരള രാഷ്ട്രീയക്കളരിയിലെ മറ്റൊരു അജയ്യശക്തിയായി അവർ വളർന്നുകൊണ്ടിരിക്കുന്നു.

പേടിസ്വപ്നം

മലബാർ കൂടി ചേർത്തു് കേരളരൂപംകൊണ്ടതോടുകൂടിയാണു് മുസ്ലീംലീഗ് ഒരു ശക്തിയായി പൊതുജനമദ്ധ്യത്തിൽ പ്രത്യക്ഷപ്പെട്ടതു്. മേൽ വിവരിച്ച സമുദായസംഘടനയിൽനിന്നു് 'ലീഗി'നു് ഒരു വ്യത്യാസമുണ്ടു്. രാഷ്ട്രീ 'ഗോദാ'യിലിറങ്ങാനും സ്വന്തം സ്ഥാനാർത്ഥികളെ നിറുത്താനും കഴിവുള്ള ഒരു വർഗ്ഗീയപാർട്ടി കൂടെയാണതു്. അതിനാൽത്തന്നെ 'ലീഗ്' കേരളരാഷ്ട്രീയത്തിലെ 'നേതാക്കൾ'ക്കു് ഒരു പേടിസ്വപ്നമാണു്.

ഏ. കെ. സി. സി.

ഇതിൽ നിന്നെല്ലാം വിഭിന്നമായ ഒരു നിലപാടാണു് കത്തോലിക്കാകോൺഗ്രസിനേറ്റതു്. അതിനു് രാഷ്ട്രീയമില്ല. ഇടവകകളും തോറും ശാഖകളില്ലി പ്രചരണത്തിനു് പ്രചാരമുള്ള ദിനപ്പത്രവുമില്ല. എന്നിട്ടും ''അണ്ണാറക്കണ്ണനും തന്നാലായതു്'' എന്നു പറയുന്നതുപോലെ സമുദായനന്മയ്ക്കുവേണ്ടി അതു് നിരന്തരം പ്രവർത്തിക്കുന്നു. കത്തോലിക്കർക്കു് പത്രങ്ങളുണ്ടു്. പക്ഷെ അതൊന്നും കേരള കത്തോലിക്കാസമുദായത്തിന്റെ ഒന്നടങ്കമുള്ള പ്രവർത്തനത്തെ സഹായിക്കുന്നില്ലെന്നുള്ളതാണു വാസ്തവം. അതിനു് ഒരുപാധിയേയുള്ളൂ. അതാണു് ഏ. കെ. സി. സി.

കത്തോലിക്കാകോൺഗ്രസിനു് സമുദായത്തിലെ സാധാരണക്കാരുടെ ഇടയിൽ സ്വാധീനം കിട്ടാതിരുന്നതിനു് പല കാരണങ്ങളുണ്ടു്. 1) കത്തോലിക്കർ തന്നെ സഭയുടെ അംഗങ്ങളാണു്. അതിനാൽ മറ്റൊരു സംഘടനയുടെ ആവശ്യബോധം കഴിഞ്ഞകാലം വരെയുണ്ടായില്ല. 2) സാധാരണക്കാരന്റെ ജീവിതപ്രശ്നങ്ങളുമായി ബന്ധമുള്ള കാര്യങ്ങളിൽ സംഗതിവശാൽ വളരെ ഒന്നും പ്രവർത്തിക്കാൻ കഴിഞ്ഞിട്ടില്ല. എന്നാൽ അടുത്ത കാലത്തു് സമുദായം നേരിടേണ്ടിവന്ന ചില പ്രശ്നങ്ങളും ഈ കാരണങ്ങളെ ഉന്മൂലമാക്കുകയും സംഘടനാശക്തിയാർജ്ജിക്കേണ്ടതാണെന്നുള്ള ബോധം ഉദയം ചെയ്യുകയും ചെയ്തു.

വൈയ്ക്കോൽത്തുരുമ്പു്

ഇന്നു് പൊതുരംഗത്തു് നമ്മുടെ സമുദായാംഗങ്ങളും നിരന്തരം അവഗണനകൾക്കു് പാത്രമായിക്കൊണ്ടിരിക്കുന്നു. പ്രാമാണികരായ പലരേയും ഉന്നതസ്ഥാനങ്ങളിൽ നിന്നു് പുറന്തള്ളാനുള്ള ശ്രമങ്ങളാണു് നടന്നുകൊണ്ടിരിക്കുന്നതു്. ഉദ്യോഗസ്ഥന്മാരുടെ ഇടയിൽ ഒരു 'ജാതിസ്പിരിറ്റു്' കുത്തിവെച്ചുകൊണ്ടിരിക്കുന്നു. ഇങ്ങനെ അവഗണനകളുടെ അലയാഴിയിൽ സമുദായം മുങ്ങിത്താണു തുടങ്ങിയപ്പോഴാണു് കണ്ടെത്തിയ ഒരു വൈയ്ക്കോൽത്തുരുമ്പാണു് ഏ. കെ. സി. സി., ക്രമത്തിൽ ക. കോൺഗ്രസിനു് ഇന്നു് സാധാരണക്കാരുടെ ഇടയിൽ സ്വാധീനം കിട്ടിവരുകയാണു്.

ഒരഭ്യർത്ഥന

ഈ അവസരത്തിൽ ബഹുവന്ദ്യരായ അതിരൂപതാദ്ധ്യക്ഷന്മാരോടു് ഒരു അഭ്യർത്ഥനയുണ്ടു്, എല്ലാ ഇടവകകളിലും അതിരൂപതകളിലും, അങ്ങിനെ അഖിലകേരളാടിസ്ഥാനത്തിൽ കോൺഗ്രസ് ശക്തിപ്പെടുന്നതിനു വേണ്ടതു ചെയ്യണമെന്നുള്ളതാണതു്. സഭയുടെ സാമൂഹ്യപ്രവർത്തനങ്ങളും പ്രാവർത്തികമാക്കുന്നതിനുള്ള മാദ്ധ്യമമായി കോൺഗ്രസ് അംഗീകരിക്കപ്പെടണം. അദ്ധ്യാത്മികനേതൃത്വത്തെ വെല്ലുവിളിക്കുമെന്നോ സഭാപിതാക്കന്മാർ വിമർശിക്കപ്പെടുമെന്നോ ആരും ഭയപ്പെടേണ്ടതില്ല. പ്രത്യുത അവരുടെ സഹായത്തോടെ സമുദായാംഗങ്ങളുടെ ജീവിതമണ്ഡലങ്ങളിൽ പ്രവർത്തിച്ചു്

സംഘടനാകാര്യം

അഖിലകേരളകത്തോലിക്കാ കോൺഗ്രസ്സ് ഹെഡാഫീസിൽ നിന്നും അറിയിക്കുന്നു.

അഖിലകേരള കത്തോലിക്കാ കോൺഗ്രസ്സിന്റെ ഓരോ ശാഖയും 1965 ജനുവരി 31—ാംതീയതിക്കകം പ്രസിഡണ്ട്, ട്രസക്രട്ടറി, ഖജാൻജി എന്നീ ഭാരവാഹികളുംപ്പെടെ 7—ൽ കുറയാതെയും 11—ൽ കവിയാതെയും ഉള്ള ഒരു ശാഖാകമ്മറിയെ ശാഖാപൊതുയോഗത്തിൽ വച്ച് തെരഞ്ഞെടുത്തു ഫെബ്രുവരി 15—ാംതീയതിക്കകം തെരഞ്ഞെടുപ്പുവിവരം രൂപതാസംഘം സെക്രട്ടറിയേയും, കേന്ദ്രകാര്യാലത്തേയും അറിയിക്കേണ്ടതാകുന്നു. ഓരോ ശാഖയ്ക്കും ആയുഷ്ക്കാലസാമാജികരുടെയും മൊത്തം സംഖ്യയുടെ 25—നു് ഒന്നു് എന്ന അനുപാതത്തിൽ പ്രതിനിധികളെ തെരഞ്ഞെടുക്കാവുന്നതാണു്. എന്നാൽ കേന്ദ്രകാര്യാലയത്തിലോ രൂപതാസംഘത്തിലോ അടയ്ക്കേണ്ട ഏതെങ്കിലും സംഖ്യ അടച്ചിട്ടില്ലാത്ത ശാഖകൾക്കു് ആവക സംഖ്യകൾ അടക്കുന്നതുവരെ വക്കിംഗ്കമ്മറിയംഗങ്ങളുടെയും ഉദ്യോഗഭാരവാഹികളുടെയും തെരഞ്ഞെടുപ്പിൽ പങ്കുകൊള്ളുവാൻ അവകാശമുണ്ടായിരിക്കുന്നതല്ല.

പുതിയ ഭരണഘടന നടപ്പിലായതിനുശേഷം വരുന്ന ആദ്യത്തെ തെരഞ്ഞെടുപ്പാണു് 1965—ൽ നടക്കേണ്ടതു്. കത്തോലിക്കാകോൺഗ്രസ്സിന്റെ നിരവധി ശാഖകളും ഭരണഘടനയനുസരിച്ചുള്ള തെരഞ്ഞെടുപ്പുകളും നടത്താതെയും കേന്ദ്രകാര്യാലയത്തിൽ അടയ്ക്കേണ്ട വിഹിതങ്ങളും അടയ്ക്കാതെയും നിർജ്ജീവമായികഴിയുന്നുണ്ടു്. ചിലഇടവകകളിൽ 25—ൽ അധികം ആയുഷ്ക്കാലസാമാജികർ ഉണ്ടായിരുന്നിട്ടും അവരെ എങ്കിലും വിളിച്ചുകൂട്ടി ശാഖാപ്രവർത്തനം പുനർജീവിപ്പിക്കുന്നതിനു് ബന്ധപ്പെട്ട വൈദികരും കോൺഗ്രസ്പ്രവർത്തകരും ശ്രദ്ധപതിക്കണമെന്നഭ്യർത്ഥിക്കുന്നു.

സംഘടനകളുടേതായ ഈ യുഗത്തിൽ കേരളകത്തോലിക്കാസമുദായം സംഘടിതമായി നിന്നു് പല രംഗങ്ങളിലും പ്രവർത്തിക്കേണ്ടതായുണ്ടെന്നു് ഈ അടുത്തകാലത്തെങ്കിലും ഒരഭിപ്രായം സമുദായത്തിൽ പൊതുവേ ഉളവായിട്ടുണ്ടു്. കേരളത്തിലെ ഇന്നത്തെ പ്രത്യേകമായ സാമൂഹ്യവും, സാമ്പത്തികവും രാഷ്ട്രീയവുമായ പരിതസ്ഥിതിക്കും മനസ്സിലാക്കുന്ന എല്ലാ കത്തോലിക്കാസഹോദരങ്ങളും സംഘടനയുടെ ആവശ്യത്തെ മനസ്സിലാക്കി ഓരോ ഇടവകയിലും ഓരോ ശാഖ സ്ഥാപിക്കുന്നതിനു് മുൻകൈ എടുത്തു് പ്രവർത്തിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

അടുത്തുവരുന്ന ക. കോൺഗ്രസ്സിന്റെ തെരഞ്ഞെടുപ്പുകളിൽ കേരളത്തിലെ എല്ലാ രൂപതകൾക്കും ഇടവകകൾക്കും പ്രാതിനിദ്ധ്യം കിട്ടുന്നതിനു വേണ്ടി ഓരോ രൂപതയിലേയും പ്രവർത്തകർ 1965 ജനുവരി 31—ാംതീയതിക്കകം ഇടവകതോറും ശാഖകൾ സ്ഥാപിച്ചു് ക. കോൺഗ്രസ്സിനെ ശക്തമാക്കേണ്ടിയിരിക്കുന്നു. അംഗങ്ങളെ ചേർക്കുന്നതിനും മറ്റുമുള്ള ഫാറങ്ങൾ കേന്ദ്രകാര്യാലയത്തിൽനിന്നും ആവശ്യപ്പെട്ടാൽ അയച്ചുതരുന്നതും വേണ്ടപ്പെട്ട നിർദ്ദേശങ്ങൾ നൽകുന്നതുമായിരിക്കും.

ബ. വൈദികരുടെയും സമുദായാഭിമാനികളായ എല്ലാ സഹോദരീസഹോദരന്മാരുടെയും അകമഴിഞ്ഞ സഹകരണം ഒരിക്കൽകൂടി അഭ്യർത്ഥിക്കുന്നു.

(ജനറൽസെക്രട്ടറി)

കോട്ടയം
12—1—1965

പ്രതിനിധിയോഗം വിശേഷാൽ സമ്മേളനം.

അഖിലകേരള കത്തോലിക്കാകോൺഗ്രസ്സ് പ്രതിനിധിയോഗം വിശേഷാൽ സമ്മേളനം 18—10—64ഞായറാഴ്ച പകൽ 2—30—നു് കോട്ടയം സെൻറാൻസ്സ് ഹൈസ്കൂൾ ഹാളിൽ സമ്മേളിച്ചു. പ്രസിഡൻറ് ശ്രീ പി സി എബ്രാഹം ബി. ഏ. ബി എൽ അദ്ധ്യക്ഷത വഹിച്ചു. പ്രാരംഭപ്രാർത്ഥനയ്ക്കും ഉപക്രമപ്രസംഗത്തിനും ശേഷം ജനറൽ സെക്രട്ടറി കഴിഞ്ഞ യോഗത്തിന്റെ റിപ്പോർട്ട വായിക്കുകയുംആയതു പാസ്സാക്കപ്പെടുകയുംചെയ്തു.

പ്രതിനിധികൾ അയച്ചിരുന്ന ചോദ്യങ്ങൾ വായിക്കുകയും അവയ്ക്ക് വക്കിങ്ങ് കമ്മിറ്റി തയാറാക്കിയ ഉത്തരങ്ങളും നൽകുകയും ചെയ്തു. ചോദ്യോത്തരങ്ങൾക്കു ശേഷം പ്രമേയങ്ങൾ അവതരിപ്പിച്ചു.

പ്രമേയങ്ങൾ

കത്തോലിക്കാ കോൺഗ്രസ്സ് വക്കിംഗ്കമ്മിറ്റി അവതരിപ്പിക്കുന്ന പ്രമേയം.

കേരള സംസ്ഥാനത്തു് ഇപ്പോൾ സംജാതമായിട്ടുള്ള രാഷ്ട്രീയ സ്ഥിതിഗതികൾ കത്തോലിക്കാ കോൺഗ്രസ്സ് പ്രതിനിധിസഭയുടെ അവഗാഢമായ പരിഗണനയ്ക്കു് വിഷയമായി.

ജനാധിപത്യ രാഷ്ട്രീയകക്ഷികൾ പരസ്പരം മത്സരിച്ചു് നിരീശ്വരവാദികൾക്കും ജനാധിപത്യവിരുദ്ധർക്കും വിജയസാദ്ധ്യത വർദ്ധിപ്പിക്കുന്ന സാഹചര്യമാണു് ഇന്നു കേരളത്തിൽ കാണുന്നതു്.

ഈ വിപത്തു് ഒഴിവാക്കുന്നതിനു വേണ്ടി വിട്ടുവീഴ്ചകൾക്കു തയ്യാറായി യോജിച്ചുനിന്നു് തെരഞ്ഞെടുപ്പിനെ നേരിടണമെന്നു് എല്ലാ ജനാധിപത്യകക്ഷികളോടും ഈ സഭ അഭ്യർത്ഥിക്കുന്നു.

പ്രസ്തുത പ്രമേയത്തെ ശ്രീ പി ജെ ജോസഫ് മണിയങ്കുളം അനുകൂലിച്ചു സംസാരിച്ചു. ശ്രീ കെ ജെ ലാസ്സർ ഇരിഞ്ഞാലക്കുട പ്രമേയം ഏകകണ്ഠമായി പാസ്സാക്കണമെന്നു് ആവശ്യപ്പെടുകയും അങ്ങനെ പ്രമേയം ഐകകണ്ഠ്യേന പാസ്സാക്കപ്പെടുകയും ചെയ്തു.

മറ്റു പ്രമേയങ്ങൾ

1. അഖിലകേരള കത്തോലിക്കാ കോൺഗ്രസ്സ് സംഘടനയ്ക്കു് അതിന്റെ അന്തസ്സിനുതക്കവിധം സ്വന്തമായി ഒരു കെട്ടിടവും സമുദായത്തിന്റെ ഉന്നതിക്കും ഉൽക്കർഷത്തിനും വേണ്ടിയുള്ളതായ ഏതെങ്കിലും രീതിയിലുള്ള സാമ്പത്തിക വരുമാനമാർഗ്ഗങ്ങളും യാതൊന്നും ഇല്ലാത്തതു് ഏറ്റവും പരിതാപകരമാകുന്നു. ആയതിനാൽ ശ്രീ തോമസ് സെബാസ്റ്റ്യൻ ഉന്നയിച്ച ഓരോ കത്തോലിക്കനിൽനിന്നും 10 പൈസാവീതം സംഭാവനയായ പിരിവു് മൂന്നുലക്ഷം രൂപാ

സമുദായത്തിനു് ഉൽക്കർഷമുണ്ടാക്കുകയാണു് ലക്ഷ്യം.

നിർണ്ണായകമായ ഒരു തെരഞ്ഞെടുപ്പു് നമ്മെ സമീപിക്കുകയാണു്. നമ്മുടെ ഭാവി ഉരുത്തിരിയുന്നതു് ആ തിരഞ്ഞെടുപ്പുഫലത്തിന്റെ അടിസ്ഥാനത്തിലായിരിക്കും. നാം ഉറങ്ങുകയാണു്. അന്ധകാരത്തിന്റെ ശക്തികൾ ഉണർന്നു പ്രവർത്തിക്കുന്നു. അവർ കുഞ്ഞാടുകളുടെ തോലണിഞ്ഞു് നമ്മെ സമീപിക്കുന്നു എന്നതാണു് നാം ഉണർന്നു പ്രവർത്തിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. ജാഗ്രതയോടിരിക്കുക. അല്ലെങ്കിൽ വിനാശമാണു ഫലം.

ഫണ്ട് ഉണ്ടാക്കി സ്വന്തമായി ഒരു എ സ്റ്റേറ്റോ, മറ്റേതെങ്കിലും സ്ഥാപന മോ ഉണ്ടാക്കി സംഘടനയ്ക്ക് സാമ്പത്തി കശേഷിയും പുരോഗതിയും ഉണ്ടാക്കണ മെന്ന ആശയത്തോട് ഈ യോഗം അനു കൂലിക്കുകയും അതിനുള്ള സത്വരനടപ ടികളും കഴിയുന്നത്ര വേഗത്തിൽ എടുക്കു വാൻ കേന്ദ്രകമ്മിറ്റിയോടു് ആവശ്യ പ്പെടുകയും ചെയ്യുന്നു,

അവതാരകൻ—റവ. കെ ചാക്കപ്പൻ
അനുവാദകൻ—ജോൺ കടിച്ചീനി.

പ്രസ്തുത പ്രമേയം വർക്കിംഗ് കമ്മിറ്റി ചർച്ചചെയ്ത് വർക്കിംഗ് കമ്മിറ്റിയുടേതായി അംഗീകരിച്ച് പ്രതിനിധിസഭായോഗത്തിൽ അവതരിപ്പിക്കുകയും പ്രമേയം ഐകകണ്ഠ്യേന പാസ്സാക്കപ്പെടുകയും ചെയ്തു.

പ്രമേയം 2

മലയാളഭാഷയുടെ അച്ചടിപ്രസ്ഥാനത്തിനും വിദ്യാഭ്യാസത്തിനും ഗദ്യസാഹിത്യത്തിന്റെ ആവിർഭാവത്തിനും വേണ്ടി ആദ്യമായും അക്ഷീണമായും യത്നിച്ച കരിയാറ്റിൽ മാർ യൗസേപ്പ് മെത്രാപ്പോലീത്തായുടെയും, ഭാഷയിൽ ആദ്യമായി ഒരു യാത്രാവിവരണം സുന്ദരമായ ഗദ്യരീതിയിൽ നിർമ്മിച്ച പാറേമ്മാക്കൽ തോമ്മാ ഗോവർണ്ണദോരുടെയും ഒരുമിച്ചുള്ള ഉദ്യമങ്ങളെയും ഭാഷാസേവനത്തെയും സമുദായ സേവനത്തെയും അഭിനന്ദിച്ചും അനുസ്മരിച്ചുംകൊണ്ട് പരേതരായ ആ പുണ്യപുരുഷന്മാർക്ക് സമുചിതമായ ഒരു സ്മാരകം ഏർപ്പെടുത്തണമെന്ന് ഈ യോഗം തീരുമാനിക്കുകയും അതിലേയ്ക്ക് താഴെപ്പറയുന്നവർ ഒരു കമ്മിറ്റിയായിരിക്കണമെന്നും ഈ പ്രതിനിധി സമ്മേളനം തീരുമാനിക്കുകയും ചെയ്യുന്നു.

അവതാരകൻ:—ജോൺ കച്ചിറമറ്റം, രാമപുരം

അനുവാദകൻ:— സി. എം. സെബാസ്റ്റ്യൻ അതിരമ്പുഴ

ഇതിലേയ്ക്ക് താഴെ പേരുപറയുന്നവരെ കമ്മിറ്റി അംഗങ്ങളായി തെരഞ്ഞെടുത്തു.

കമ്മിറ്റിയംഗങ്ങൾ

1. മെ. പി സി ഏബ്രാഹം ബി ഏ ബി എൽ
2. ഇ എം ജോസഫ് ബി ഏ ബി എൽ
3. കെ എം ജോസഫ് ബി ഏ ബി എൽ
4. എം സി ചാക്കോ മാഞ്ഞൂരാൻ
5 റവ: ഫാ. ജോൺ മറ്റം എം എ (വൈസ് പ്രിൻസിപ്പാൾ സെൻറ് തോമസ്സ് കോളജ് പാലാ)
6. തോമസ് സെബാസ്റ്റ്യൻ ബി ഏ എൽ റ്റി
7. വി ഒ ജോൺ ബി എ, ബി എൽ—എറണാകുളം
8. മാത്യു ഉലകംതറ എം.ഏ.
9. ലോനപ്പൻ നമ്പാടൻ
10. മോൺ: തോമസ് വടശ്ശേരി, തിരുവല്ല.
11. വി. സി ജോർജ്ജ്
12. ജോൺ കച്ചിറമറ്റം
13. സി എം സെബാസ്റ്റ്യൻ (കൺവീനർ

മെ. ജോൺ കച്ചിറമറ്റം, സി എം സെബാസ്റ്റ്യൻ, ബേബി തോമസ് ആനിക്കാട്ട് എന്നിവർ പ്രമേയത്തെ അനുകൂലിച്ച സംസാരിച്ചു. സ്മാരകം പണിയേണ്ടതു് ഒരത്യാവശ്യമായ കാര്യമാണെന്നും ശ്രീ സി എം സെബാസ്റ്റ്യൻ എടുത്തുപറയുകയുണ്ടായി. ശ്രീ ജോൺ മാഞ്ഞൂരാനും പ്രസ്തുത പ്രമേയത്തെ പരാമർശിച്ച് സംസാരിച്ചു. ഇങ്ങനെയുള്ള കാര്യങ്ങളും പ്രാവർത്തികമാക്കേണ്ടതാണെന്നും അതു സമുദായത്തിലെ എഴുത്തുകാർക്കും മൊത്തത്തിൽ കത്തോലിക്കർക്ക് പുരോഗമനപരമായിട്ടുള്ളതാണെന്നും അതുകൊണ്ട് കത്തോലിക്കർ ഈ വക സംഗതികളും പ്രാവർത്തികമാക്കുന്നതായാൽ അതു സമുദായത്തിനു അഭിമാനത്തിനു വക നൽകുന്നതാണെന്നും പറയുകയുണ്ടായി. ഇങ്ങനെയുള്ള സ്മാരകങ്ങളും കുറഞ്ഞ ചെലവിൽ സ്ഥാപിക്കേണ്ടതാണെന്നു പിന്നീടു സംസാരിച്ച ശ്രീ ജോസഫ് കലയത്തിനാൽ അഭിപ്രായപ്പെട്ടു. അങ്ങനെ ശ്രീ ജോൺ കച്ചിറമറ്റം അവതരിപ്പിച്ച പ്രസ്തുത പ്രമേയം സഭ അംഗീകരിച്ചു.

പ്രമേയം 3

അടിസ്ഥാന നികുതിനിയമം ഭരണഘടനയുടെ 9—ാം ഷെഡ്യൂളിൽ ഉൾപ്പെടുത്തിക്കൊണ്ടുള്ള 17—ാമതു് ഭരണഘടന ഭേദഗതിനിയമം പാർലമെൻറ് അംഗീകരിച്ചതിന്റെ ഫലമായി തന്നാണ്ടത്തെ അടിസ്ഥാനനികുതിയും മുൻകൊല്ലങ്ങളിലെ നികുതിയും ഒന്നിച്ചടയ്ക്കേണ്ടതായിട്ടാണ് വന്നിരിക്കുന്നതു്. തന്നാണ്ടത്തെ നികുതിമാത്രം കൊടുക്കുവാൻ വളരെയധികം വിഷമിക്കുന്ന കേരളത്തിലെ സാമാന്യജനങ്ങൾക്ക് ഭക്ഷ്യധാന്യങ്ങളുടെ വില അമിതമായി വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഈ സാഹചര്യത്തിൽ കടിശ്ശിഖനികുതി ഉൾപ്പെടെ തന്നാണ്ടത്തെ നികുതിയും ഒന്നിച്ചടയ്ക്കുവാൻ വളരെയധികം പ്രയാസമാണു്. അതിനാൽ സാമാന്യജനങ്ങളുടെ വിഷമകരമായ ഈ പരിതസ്ഥിതി കണക്കിലെടുത്ത് കടിശ്ശിഖനികുതി പല ഗഡുക്കളിലായി അടയ്ക്കുവാൻ സാവകാശം നൽകണമെന്നു് ബഹു: കേരള ഗവൺമെൻറിനോടഭ്യർത്ഥിക്കുന്നു.

പ്രസ്തുത പ്രമേയം ശ്രീ ജോൺ കച്ചിറമറ്റം അവതരിപ്പിച്ചു. പ്രമേയത്തെ പിൻതാങ്ങിക്കൊണ്ട് ശ്രീ ജോൺ മാഞ്ഞൂരാൻ സംസാരിച്ചു. കൂടാതെ മെ: ഏ മാരേട്ട് ജോസഫ് കലയത്തിനാൽ കഴി എന്നിവരും അഭിപ്രായങ്ങളും രേഖപ്പെടുത്തി. അനന്തരം പ്രമേയം ഐകകണ്ഠ്യേന പാസ്സാക്കപ്പെടുകയും ചെയ്തു.

പ്രമേയം 4

കേരളത്തിലെ ശ്രുപതകളിലും ഇടവകകളിലുമായി ചിന്നിച്ചിതറിക്കിടക്കുന്ന വാസനാസമ്പന്നരായ കത്തോലിക്കയുവജനങ്ങളെ ഒരുമിച്ചു ചേർത്തു് അവരിൽനിന്നും കല, സാഹിത്യം, സ്പോർട്സ്, ഗയിംസ് എന്നിങ്ങനെയുള്ള വിവിധ രംഗങ്ങളിൽ പ്രശോഭിക്കാൻ പ്രാപ്തരായവരെ തേടിപിടിക്കുന്നതിലേക്ക് ശ്രുപതാലവലിലും കേരളാലവലിലും സാഹിത്യകായികവിനോദമത്സരങ്ങളും വർഷന്തോറും ഏ കെ. സി. സി മുൻകൈയ്യെടുത്തു് സംഘടിപ്പിക്കേണ്ടതാണെന്നു് ഈ യോഗം അഭിപ്രായപ്പെടുന്നു. കൂടാതെ കത്തോലിക്കരായ സാഹിത്യകാരന്മാരും, വൈദികമേലദ്ധ്യക്ഷന്മാർ നിർദ്ദേശിക്കുന്നവരും ഉൾക്കൊള്ളുന്ന ഒരു മാനേജിംഗ് ബോർഡ് ഏ. കെ. സി.സി.യുടെശ്രമത്തിൽ വർഷംതോറും ഈ ആവശ്യത്തിലേയ്ക്കു സംഘടിപ്പിക്കേണ്ടതും യുവജനങ്ങളിൽ പ്രതിഭാശാലികളായവർക്ക് വേണ്ട പ്രോത്സാഹനവും പരിശീലനവും നൽകേണ്ടതിലേക്കു ഒരു ഫണ്ടു ശ്രുപീകരിക്കേണ്ടതുമാണെന്നു് ഈ യോഗം തീരുമാനിക്കുകയും ചെയ്യുന്നു.

അവതാരകൻ— ശ്രീ. കെ. ഡി. ജോസഫ് പ്രസിഡൻറ് ഏ. കെ. സി. സി. ബ്രാഞ്ച്— ഒല്ലൂർ.

പ്രസ്തുത പ്രമേയത്തെ ശ്രീ. ഫ്റാൻസീസ് അക്കര പിന്താങ്ങി. ശ്രീ. ജോസഫ് കലയത്തിനാൽ കഴി—ചേറുതോട് ഈ ആശയത്തോടു അനുകൂലിക്കുകയും അതംഗീകരിക്കണമെന്നു് ആവശ്യപ്പെടുകയും ചെയ്തു. കൂടാതെഒരു നല്ലഫണ്ടു ശ്രുപീകരിച്ചതിനു ശേഷം മാത്രം ഇതു് ഏറ്റെടുത്താൽ മതിയെന്നും പറയുകയുണ്ടായി. പിന്നീടു് സംസാരിച്ച ശ്രീ. ഏ. മാരേട്ട് അഭിപ്രായപ്പെട്ടതു് ഉടനടി ഈ ആശയം പ്രവൃത്തിപഥത്തിൽ കൊണ്ടുവരണമെന്നായിരുന്നു. അനന്തരം ശ്രീ. ഇ. എം. ജോസഫിന്റെ വിശദീകരണത്തിനുശേഷം പ്രമേയം പാസാക്കപ്പെട്ടു.

ചാലിൽ ശാഖയുടെ പൊതുയോഗത്തിൽ ചർച്ചചെയ്ത പാസാക്കിയ 'അഖിലകേരള കത്തോലിക്കകോൺഗ്രസ്പുനസംഘടിപ്പിക്കണം' എന്ന പ്രമേയം ഭരണഘടനയെ സംബന്ധിക്കുന്നതാകയാൽ അതു് ഈ യോഗത്തിൽ ചർച്ചചെയ്യത്തക്കതല്ലെന്നു് വർക്കിംഗ്കമ്മറ്റിയുടെ അഭിപ്രായത്തോടു് ശ്രീ. ജോൺ മാഞ്ഞൂരാൻ അനുകൂലിച്ചുസംസാരിച്ചു. പ്രസ്തുത പ്രമേയം ബുള്ളറ്റിനിൽ പ്രസിദ്ധപ്പെടുത്തിയാൽ മതിയെന്നു തീരുമാനിച്ചു.

റവ; ഫാദർ ജോസഫ് ചാലിൽ സംഘടനയുടെ ഇന്നത്തെ പ്രയോജനഹിതമായ നിലപാടിനെപ്പറ്റി സംസാരിച്ചു. അടുത്തതായി വൈസ് പ്രസിഡൻറ് ശ്രീ. ഇ. എം. ജോസഫ് ഇ

ല ക്ഷൻ കമ്മറിയെ അഭിമുഖീകരിച്ചിരിക്കുന്ന ഇന്നത്തെസാഹചര്യത്തെപ്പറ്റി സംസാരിക്കുകയും, അടുത്ത തെരഞ്ഞെടുപ്പ് ഉടനെ നടത്തുന്നതിനു് അംഗീകാരം നൽകണമെന്നു് അഭ്യർത്ഥിച്ചുകൊണ്ടു് ഒരു പ്രമേയം അവതരിപ്പിച്ചു.

ശ്രീ ജോൺ മാഞ്ഞൂരാൻ പ്രസ്തുത പ്രമേയത്തെ എതിർത്തുകൊണ്ടു് നിലവിലിരിക്കുന്ന വർക്കിംഗ്കമ്മറിയും ഉദ്യോഗഭോരവാഹികളും തുടർന്നുപോകണമെന്നാവശ്യപ്പെട്ടുകൊണ്ടും ശ്രീ. ജോസഫ്. സി. തെള്ളി പിന്താങ്ങിയുള്ള പ്രമേയം അവതരിപ്പിച്ചു.

പ്രമേയം

ഇന്നത്തെ പ്രസിഡൻറിൻെറയും വക്കിംഗ് കമ്മറിയുടെയും കാലാവധി 1965 മെയ് ഒന്നുവരെ നീട്ടിയിരിക്കുന്നതായും കത്തോലിക്കകോൺഗ്രസിൻെറ ഈ പ്രതിനിധിസമ്മേളനം അതിൽ ഭരണഘടനയനുസരിച്ചു് നീക്കുപുമായിരിക്കുന്ന അധികാരമുപയോഗിച്ചു് തീരുമാനിക്കുന്നു.

മെ; ബേബിതോമ്മസ്സും, സി. എം, സെബാസ്റ്റ്യനും. എൻ. എം. സ്റ്റീയായും പ്രമേയത്തെ അനുകൂലിച്ചുകൊണ്ടു് സംസാരിച്ചു. ഭരണഘടന അനുശാസിക്കുന്നപ്രകാരംമാത്രം തെരഞ്ഞെടുപ്പ നടത്തേണ്ടതാണെന്നു ശ്രീ. മാത്യു ജെ. പള്ളിത്താനം പറയുകയുണ്ടായി. ശ്രീ. ജോസഫ് കലയത്തിനാൽ കൂഴിയും വൈസ്പ്രസിഡൻറു് കൊണ്ടുവന്ന പ്രമേയത്തെ എതിർത്തു് സംസാരിക്കുകയും നിലവിലിരിക്കുന്ന വർക്കിംഗ് കമ്മറിറി തുടർന്നുപോകണമെന്നു് അഭ്യർത്ഥിക്കുകയും ചെയ്തു.

30—10—64—ഓട്ടുകൂടി തന്നെ ജനറൽ സെക്രട്ടറി സ്ഥാനത്തുനിന്നും ഒഴുവാക്കണമെന്നു് അഭ്യർത്ഥിച്ചുകൊണ്ടു് ജനറൽ സെക്രട്ടറി സംസ്സാരിച്ചു.

സമുദായം ഇന്നു രണ്ടു നേതൃത്വത്തിനു വിധേയമാണെന്നും അവ ആത്മായരുടെയും, വൈദികമേലദ്ധ്യക്ഷന്മാരുടെയും കീഴിലാണെന്നുള്ളതു് മൗലികമായ ഒരു ന്യൂനതയാണെന്നു ശ്രീ. ജോൺ മാഞ്ഞൂരാൻ പറയുകയുണ്ടായി. കൂടാതെ സ്വാതന്ത്ര്യപ്രേമികളായ നമ്മുടെ നമ്മുടെ വാസനകളെ ഇന്നത്തെ ഭരണസമിതിയിൽപ്രകടിപ്പിക്കണമെന്നും, വക്കിംഗ്കമ്മറിഅംഗങ്ങളും ഇടവകകളും തോറും സഞ്ചരിച്ചു് നമ്മുടെ സംഘടനയിൽ അംഗങ്ങളെ കൂട്ടതലായി ചേർക്കണമെന്നും ആവേശഭരിതനായി അഭിപ്രായപ്പെട്ടു.

ഫണ്ടു് രൂപീകരണത്തിനു് ആവശ്യമായ ഉപാധികളും കണ്ടുപിടിക്കുന്നതിനു് വേണ്ടതു മാർഗ്ഗങ്ങളും ശ്രീ. ഇ. എം. ജോസഫ് നിർദ്ദേശിച്ചു.

റവ: ഫാദർ ജോസഫ് ചാലിൽ സംഘടനാപരമായ പ്രവർത്തനങ്ങളെപ്പറ്റി സംസാരിച്ചു. എല്ലാ ഭക്തസംഘടനകളും രൂപതാടിസ്ഥാനത്തിൽ സംഘടിപ്പിക്കേണ്ടതും അങ്ങനെ എല്ലാ രൂപതകളിലും ഭക്ത സംഘടനകളും രൂപംകൊള്ളുമ്പോൾ അവ കത്തോലിക്കകോൺഗ്രസ്സിനോടു് സംയോജിപ്പിക്കണമെന്നും അദ്ദേഹം പറഞ്ഞു.

കൂടാതെ എല്ലാവർഷവും ഏതെങ്കിലും ഒരു ഞായറാഴ്ച കത്തോലിക്കകോൺഗ്രസിൻെറ ഫണ്ടുശേഖരണത്തിനായി ഉപയോഗിക്കണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. 10 പൈസാപ്രകാരമുള്ള ഫണ്ടുപിരിവു് ഡിസംബർമാസത്തിൽ നടത്തണമെന്നും എല്ലാ കത്തോലിക്കദിനപത്രങ്ങളും ഇക്കാര്യത്തിൽ വേണ്ടത്ര പ്രോത്സാഹനങ്ങളും നൽകുന്നതിലേയ്ക്കു് ആവശ്യപ്പെടേണ്ടതാണെന്നും തീരുമാനിച്ചു.

പ്രതിനിധിയോഗത്തിൽ സംബന്ധിച്ച അംഗങ്ങളിൽ നിന്നും സംഘടനാപ്രവർത്തനപരമായിമുന്നോട്ടുവരുവാൻ തയ്യാറായ 20 പേർക്കു് നവംബർ ഒന്നാം തീയതി ഒരു സെമിനാർ ഹെഡോഫീസിൽവച്ചു നടത്തുന്നതിനു നിശ്ചയം ചെയ്തു.

കേരളത്തിൻെറ വിഭിന്നഭാഗങ്ങളിൽനിന്നുമായി ശാഖകളെ പ്രതിനിധീകരിച്ചു് 90 അംഗങ്ങളും യോഗത്തിൽ സംബന്ധിച്ചിരുന്നു. ഉപസംഹാര പ്രസംഗത്തിനുശേഷം യോഗത്തിൽ സംബന്ധിച്ച എല്ലാ പ്രതിനിധികൾക്കും ജനറൽസെക്രട്ടറി ഹൃദയം നിറഞ്ഞ നന്ദി രേഖപ്പെടുത്തി.

യോഗം ഉദ്ദേശം 5—30—നു് സമംഗളം പര്യവസാനിച്ചു.

ജനറൽ സെക്രട്ടറി

(കെ. എം. ജോസഫ് ബി. ഏ. ബി. എൽ.)

വർക്കിംഗ്കമ്മറിയോഗം

അഖിലകേരള കത്തോലിക്കാ കോൺഗ്രസ് വക്കിംഗ് കമ്മറിയോഗം 14—11—1964 ശനിയാഴ്ചകൽ10—30—നു് ഹെഡോഫീസിൽകൂടി. പ്രസിഡൻറു് ശ്രീ. പി. സി. എബ്രാഹം B.A B.L അദ്ധ്യക്ഷത വഹിച്ചു. പ്രാരംപ്രോത്ഥനസ്സു ശേഷം ജനറൽസെക്രട്ടറി 18—10—64—ലെ വക്കിംഗ്കമ്മറിയോഗത്തിൻെറ മിനിറ്റ്സ് വായിച്ചു. ആയതു പാസ്സാക്കപ്പെട്ടു.

യോഗത്തിൽ സംബന്ധിക്കുന്നതിനു വന്നുചേരുവാനുള്ള അസൗകര്യം കാണിച്ചുകൊണ്ടു് മെ. ഇ. പി. വറുഗീസ് പി എസ് വില്യം എന്നിവർ അയച്ചിരുന്ന കത്തുകളും വായിച്ചു റിക്കാർഡ്ചെയ്തു.

ശ്രീ. ജോസഫ് ജെ. മറ്റം, കത്തോലിക്കാകോൺഗ്രസിൻെറ ഭരണഘടനയ്ക്കു ചില ഭേദഗതികളും നിർദ്ദേശിച്ചുകൊണ്ടു് വർക്കിംഗ്കമ്മറിയുടെ ചർച്ചക്കായി അയച്ചതന്ന 11—11—64—ലെ കത്തു് അടുത്ത വക്കിംഗ്കമ്മറിയിലേക്കു് മാറ്റിവച്ചു. ശ്രീ. കുര്യൻ എസ്. മണവാളൻ, കാത്തലിക്കു് ആക്ഷൻ തൃശ്ശൂർ, വിദ്യാഭ്യാസസ്ഥാപനങ്ങളിലെ പ്രവേശനസംവരണം തിട്ടപ്പെടുത്തുന്നതിനു് ഒരു കമ്മീഷൻ നിയമിതമായിട്ടുള്ള വിവരങ്ങളും കാണിച്ചു്, അയച്ചതന്നിട്ടുള്ള കത്തുകളും വായിച്ചു. അതു സംബന്ധിച്ചു വേണ്ടതുചെയ്യുവാൻ ഒരു പ്രത്യേക കമ്മറിയെ നിയമിച്ചിട്ടുണ്ടെന്നുള്ള വിവരം അദ്ദേഹത്തെ അറിയിക്കുന്നതിനും പ്രസ്തുത കത്തുകളും നിയുക്തകമ്മറിയെ ഏല്പിച്ചു് ആവശ്യമായ കാര്യങ്ങളും തീരുമാനിച്ചു ചെയ്യുന്നതിനു് ചുമതലപ്പെടുത്തുകയും ചെയ്തു.

മാന്നാനം ആശ്രമദേവാലയത്തിലെ അവശകത്തോലിക്കരുടെ സിമിത്തേരി, കൊവേന്തായധികാരികൾ കോളേജ് പണിയിക്കുന്നതിലേക്കു് മണ്ണിട്ടു പൊക്കിയെടുക്കുന്നുവെന്നും പ്രസ്തുത ശ്രമത്തിൽനിന്നും അവരെ പിന്തിരിപ്പിക്കുന്നതിനു കത്തോലിക്കാകോൺഗ്രസ് സത്വര നടപടികളും സ്വീകരിക്കണമെന്നു് അഭ്യർത്ഥിച്ചുകൊണ്ടു് ഇടവകകമ്മറിക്കുവേണ്ടി ശ്രീ. ഒ. ജെ. തോമസ് ഒറക്കപ്പുലമാവുങ്കൽ സമർപ്പിച്ചിരുന്ന അപേക്ഷ കമ്മറി പരിശോധിക്കുകയും, പ്രസ്തുത അപേക്ഷയുടെ ഒരു കോപ്പി മാന്നാനം കൊവേന്ത പ്രിയോർക്കു് അയച്ചുകൊടുക്കുന്നതിനും ഇക്കാര്യം സംബന്ധിച്ചു തീരുമാനമെടുത്തുകാണുവാൻ ആഗ്രഹിക്കുന്നതായുള്ള ഒരു കത്തയയ്ക്കുവാനും തീരുമാനമെടുത്തു.

കേരളാടിസ്ഥാനത്തിൽ കത്തോലിക്കരുടേതായി ഒരു പബ്ളിഷിംഗ്സെൻറർ കത്തോലിക്കാകോൺഗ്രസിൻെറ നേതൃത്വത്തിൽ ഉണ്ടാകുന്നതു് അഭിലഷണീയമാണെന്നും, അതിൽ കത്തോലിക്കാകോൺഗ്രസ്സിൻെറ നിലപാടെന്താണെന്നുമുള്ളആഗ്രഹംപ്രകടിപ്പിച്ചുകൊണ്ടു റവ. ഫാദർ ജോസഫ് കണികത്തോട്ടു് (മാന്നാനം കൊവേന്ത) 24—10—64— ൽ അയച്ചിരുന്ന കത്തു വായിച്ചു. അദ്ദേഹത്തിൻെറ ആശയത്തോടനുകൂലിക്കുന്നുവെന്നും അതു നല്ലൊരഭിപ്രായമാണെന്നുംകാണിച്ചു് മറുപടി അയയ്ക്കുന്നതിനും തീരുമാനിച്ചു.

23—10—64— ൽ ശ്രീ. ഇ. ജെ. സി. വറുഗീസ് ആലപ്പുഴ, അയച്ചിരുന്ന കത്തുപൈസാ പദ്ധതിയെ സംബന്ധിച്ചുള്ള കത്തുവായിച്ചു. അദ്ദേഹത്തിനു മറുപടി അയയ്ക്കുന്നതിനു നിശ്ചയിക്കുകയും ചെയ്തു.

1965—ലേയ്ക്കുള്ള നക്കൽബഡ്ജറ്റ് ട്രഷറർ ശ്രീ. എം. സി. ചാക്കോ അവതരിപ്പിച്ചതു്, കമ്മറി അംഗീകരിച്ചു.

അടുത്ത വക്കിംഗ്കമ്മറിയോഗം 27—12—64— ഞായറാഴ്ച രാവിലെ 10—30 നു് ഹെഡോഫീസിൽവച്ചു വിഷയനിർണ്ണയക്കമ്മറിയോഗം ഉച്ചകഴിഞ്ഞു് 1 മണിക്കും, പ്രതിനിധിസമ്മേളനം 2 മണിക്കും കോട്ടയം സെൻറാൻസ് ഹൈസ്കൂൾ ഹാളിൽ കൂടുന്നതിനും തീരുമാനിച്ചു.

വിഷയനിർണ്ണയക്കമ്മറിയിൽ ര

ഴെപ്പറയുന്നവർ ഉണ്ടായിരിക്കുന്നതാണ്.

കത്തോലിക്കാകോൺഗ്രസിന്റെ ഉദ്യോഗഭാരവാഹികളും, വക്കിംഗ്കമ്മറ്റി അംഗങ്ങളും, കോൺഗ്രസിന്റെ മുൻകാലങ്ങളിലെ കോൺഗ്രസ് സാമാജികരായ ഉദ്യോഗഭാരവാഹികളും, രൂപതാസംഘങ്ങളും അംഗസംഘടനകളും ഇവയുടെ പ്രസിഡൻറന്മാരും സെക്രട്ടറിമാരും കൂടാതെ താഴെപറയുന്ന പത്തുപേരെയും വക്കിംഗ്കമ്മറ്റി നോമിനേറ്റു ചെയ്യുകയുണ്ടായി.

മെ: 1. ജോസഫ് എം. വൈപ്പന പാലാ
2. കുര്യപ്പ് എബ്രാഹം, ഇലഞ്ഞിക്കൽ, കോതമംഗലം
3. കെ. എം. ഡോമനിക്ക ബി.എ എൽ. റ്റി. കരിപ്പാപറമ്പിൽ, കാഞ്ഞിരപ്പള്ളി
4. കെ പി. മാത്യു കട്ടതോടിൽ, കോട്ടയം
5. കെ. സി ജോസഫ് ബി. എ കൂട്ടിപ്പറമ്പിൽ, കോട്ടയം
6. വി. ജെ. മാത്യു വടക്കേക്കളം, തലശ്ശേരി
7. പി. റ്റി. ചാക്കോ എം .എ എൽ. എസ്പി. എസി (ലുവെയിൻ) മൂവാറ്റുപുഴ
8. ഏ. ഏ. ജോസഫ് ബി. എ ബി. എൽ അഡ്വക്കറ്റ് കോട്ടയം
9. റ്റി. ചാണ്ടി ബി. എ ബി. എൽ; ആലപ്പുഴ
10. ക്രിസ്റ്റഫർ എം. ലോപ്പസ് കയ്യാലയ്ക്കകം, മുരിക്കുംപുഴ.

N. B. കോതമംഗലം, തലശ്ശേരി, തിരുവനന്തപുരം അതിരൂപത, ആലപ്പുഴ, കൊല്ലം ഈ രൂപതകളിൽ രൂപതാസംഘങ്ങളും രൂപീകരിക്കുന്നതിനു വക്കിംഗ്കമ്മറ്റി വേണ്ടതു ശ്രമങ്ങളും ചെയ്യേണ്ടതാണെന്നും നിശ്ചയിച്ചു.

പത്തുപൈസാപിരിവ് 1964 ഡിസംബർ 25—ാം തീയതിമുതൽ 1965 ജനുവരി 25—ാം തീയതിവരെ നടത്തേണ്ടതാണെന്നും അതു സംഘടനമാസമായി നിശ്ചയിക്കുകയും ചെയ്തു.

ഫണ്ടുപിരിവു സംബന്ധിച്ചു പബ്ളിസിറ്റി തുടങ്ങിയ എല്ലാക്കാര്യങ്ങളും ശ്രീ.തോമസ് സെബാസ്റ്റ്യനെ ചുമതലപ്പെടുത്തി അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളിൽ സഹായിക്കുന്നതിനു ശ്രീ. സി. എം. സെബാസ്റ്റ്യനെയും നിശ്ചയിച്ചു.

രണ്ടായിരംരൂപാ സൗത്ത് ഇൻഡ്യൻ ബാങ്കിലെ സ്ഥിരം നിക്ഷേപത്തിൽനിന്നും ലോൺ ആയി എടുക്കുന്നതിനു തീരുമാനിച്ചു.

യോഗത്തിൽ മെ. പി സി ഏബ്രാഹം, കെ. എം. ജോസഫ് (ജനറൽസെക്രട്ടറി) ചാക്കോ, എൻ. എൽ. ജോസഫ് തോമസ്സെബാസ്റ്റ്യൻ; വി.ജെ. കുര്യൻ, ഡോമനിക്ക് ജോസഫ് കരുവിനാക്കുന്നേൽ എന്നിവർ സംബന്ധിച്ചിരുന്നു.

യോഗം 4 മണിക്കു് സമംഗളം പര്യവസാനിച്ചു.

(ജനറൽസെക്രട്ടറി)

രൂപവാർത്തകൾ

ഇരിഞ്ഞാലക്കുട

അഖിലകേരള കത്തോലിക്കാ കോൺഗ്രസ് ഇരിഞ്ഞാലക്കുട ശാഖയുടെ ആഭിമുഖ്യത്തിൽ ഇരിഞ്ഞാലക്കുട സെൻറ് മേരീസ് സ്കൂൾഹാളിൽ വച്ചു ഇന്നത്തെ രാഷ്ട്രീയ — സാമുദായികസ്ഥിതിഗതികളെപ്പറ്റി ഒരു ചർച്ചാസമ്മേളനം നടത്തുകയുണ്ടായി. സമ്മേളനത്തിൽ വിവിധ വിഷയങ്ങളെപ്പറ്റിയുള്ള ചർച്ചകൾ അവതരിപ്പിച്ചു സംസാരിച്ചു.

ചർച്ചായോഗത്തിൽ മുനിസിപ്പൽ ചെയർമാൻ ശ്രീകെ.വി.ജോൺ എം.ഏ. എൽ എൽ. ബി. അദ്ധ്യക്ഷത വഹിച്ചു. ശ്രീ. ടി. ഒ. പോൾ ബി. എ. ബി. എൽ. കത്തോലിക്കരും രാഷ്ട്രീയവും, ശ്രീ. എ. പി. ജോർജ്ജ് ബി. എ.ബി എൽ. സംഘടനയും സമുദായവും, ശ്രീ. ടി എ റപ്പായി ബി എ ബി എഡ്; സമുദായത്തിൽ വ്യക്തികളുടെ സ്വാതന്ത്ര്യം, ശ്രീ ടി ടി ജോൺ സമുദായസംഘടനകളും രാഷ്ട്രീയവും, ശ്രീ ജോർജ്ജ് നെല്ലായി കത്തോലിക്കരും സാഹിത്യവും എന്നീ വിഷയങ്ങൾ ആസ്പദമാക്കി നാലു മണിക്കൂർ ചൂടേറിയ ചർച്ചകൾ നടത്തപ്പെട്ടു. തൃശ്ശൂർ രൂപതാസംഘപ്രസിഡണ്ട് ശ്രീ. ലോനപ്പൻ നമ്പാടൻ ചർച്ചയിൽ പങ്കെടുത്തു സംസാരിക്കുകയുണ്ടായി.

സ്റ്റഡീസർക്കിൾ

ഒല്ലൂർ ശാഖയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ചിട്ടുള്ള സ്റ്റഡീസർക്കിളിന്റെ ഉൽഘാടനം ഇന്നലെ ശ്രീ. കെ. ഡി. ജോസഫിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന പൊതുയോഗത്തിൽ വച്ചു് റവ. ഫാ. ജെ. കവാൽ നിർവഹിച്ചിരിക്കുന്നു. ശ്രീ. പോൾ പൊറുത്തൂർ സദസ്സിനു സ്വാഗതം പറഞ്ഞു. 'യുവജനങ്ങളും കത്തോലിക്കാ പ്രവർത്തനവും' എന്ന വിഷയം അവതരിപ്പിച്ചുകൊണ്ടു് ശ്രീ. ജെ. പി. ഒല്ലൂർ സംസാരിച്ചു.

മാളശാഖ

അഖിലകേരള കത്തോലിക്കാ കോൺഗ്രസ്സിന്റെ ഒരു യോഗം സ്ഥലം ഹൈസ്കൂൾഹാളിൽ ശ്രീ ജോൺ കടിച്ചീനിയുടെ അദ്ധ്യക്ഷതയിൽ ചേരുകയുണ്ടായി. സംഘടനയുടെ പ്രവർത്തനത്തെ ഊർജ്ജിതപ്പെടുത്തുവാൻ വേണ്ടി ഒരു ചർച്ചാസമ്മേളനം ആവശ്യമെന്നും യോഗം തീരുമാനിച്ചു. ശ്രീ. തോമസ്സ് സെബാസ്റ്റ്യൻ ഉന്നയിച്ച 10 പൈസാ പരിപാടിയെ അനുകൂലിച്ചു് ശ്രീ. ജോൺ കടിച്ചീനി അവതരിപ്പിച്ച പ്രമേയവും, റീത്തുമാറ്റത്തെ സംബന്ധിച്ചു് ശ്രീ. ഉമ്മച്ചൻ അവതരിപ്പിച്ച പ്രമേയവും യോഗം ഐക്യകണ്ഠ്യേന പാസ്സാക്കുകയുണ്ടായി.

മണിയാംകുളം

മണിയാംകുളം ക. കോഗ്രസ്സ് ശാഖാക്കമ്മറ്റി റവ. ഫാ. ജോസഫ് പടന്നമാക്കൽ അവർകളുടെ അദ്ധ്യക്ഷതയിൽ 25—12—'64—ൽ സമ്മേളിച്ചു. ഏ. കെ. സി. സ. ആവിഷ്കരിച്ചിരിക്കുന്ന മൂന്നു ലക്ഷം ഫണ്ടിന്റെ പത്തു പൈസാ പിരിവിനെപ്പറ്റി ശ്രീ. പി. ജെ. ജോസഫ് എം. ഏ. പല്ലാട്ട് ഒരു വിശദീകരണപ്രസംഗം നടത്തി. ഫണ്ടുപിരിവും മെമ്പർഷിപ്പു പുതുക്കലും ഉൽഘാടനം ചെയ്യുന്നതിനു് ബ. അദ്ധ്യക്ഷനോടു് ശാഖാപ്രസിഡണ്ടു് അഭ്യർത്ഥിക്കുകയും ഏതാനും പേരിൽനിന്നു സംഭാവന സ്വീകരിച്ചുകൊണ്ടു് ഫണ്ടു് ഉൽഘാടനം ചെയ്യുകയും, 2—1—'65 മുതൽ ഇടവകയിലെ എല്ലാ ഭവനങ്ങളും ഒരു പദയാത്രയായി സന്ദർശിക്കുന്നതിനു് തീരുമാനിച്ചുകൊണ്ടു് യോഗം സമംഗളം പര്യവസാനിച്ചു.

കോതനല്ലൂർ

അ. കേ. കത്തോലിക്കാകോൺഗ്രസ്സ് 137—ാം നമ്പർ കോതനല്ലൂർ ശാഖയുടെ ഒരു പൊതുയോഗം ശാഖാ വൈസ് പ്രസിഡണ്ടു് ശ്രീ. ജോസഫ് തെങ്ങുംപള്ളിപ്പറമ്പന്റെ അദ്ധ്യക്ഷതയിൽ കൂടുകയുണ്ടായി.

കേരള കത്തോലിക്കർ ഒന്നടങ്കം കോൺഗ്രസ്സിൽ അംഗങ്ങളായി ചേരേണ്ട ആവശ്യകത വ്യക്തമാക്കിക്കൊണ്ടു് ശ്രീ. കെ. എസ്. വക്കി ഒരു പ്രസംഗം നടത്തി. അദ്ദേഹം തന്റെ പ്രസംഗത്തിൽ, ഇന്നു കത്തോലിക്കർ അനുഭവിച്ചുകൊണ്ടിരിക്കുന്ന വിഷമപ്രശ്നങ്ങളിലേയ്ക്കു് വിരൽ ചൂണ്ടുകയും അവയെ സംഘടിതമായി നേരിടേണ്ടതിന്റെ ആവശ്യകത വ്യക്തമാക്കുകയും ചെയ്തു.

തുടർന്നു് ഈ ഇടവകയിൽ കത്തോലിക്കാകോൺഗ്രസ്സു് ശക്തിപ്പെടേണ്ടതിനാവശ്യമായ സുപ്രധാനങ്ങളായ പല തീരുമാനങ്ങളും കൈക്കൊണ്ടു. കേന്ദ്രനിർദ്ദേശാനുസരണം 1964 ഡിസംബർ 25 മുതൽ 65 ജനുവരി 25 വരെയുള്ള കാലം ഒരു പ്രചരണമാസമായി ആചരിക്കുന്നതിനു് തീരുമാനിച്ചു. കത്തോലിക്കാകോൺഗ്രസ്സിന്റെ മഹനീയസന്ദേശം ഈ ഇടവകയിലെ എല്ലാ വീടുകളിലും എത്തിക്കുന്നതിനും സംഘടനയിൽ കൂടുതൽ അംഗങ്ങളെ ചേർക്കുന്നതിനും, 10 സ. പിരിവു് വിജയിപ്പിക്കുന്നതിനുമായി ശ്രീ. ജോസഫ് തെങ്ങുംപള്ളിപ്പറമ്പിൽ കൺവീനറായും, സർവ്വശ്രീ വി റ്റി ഗർവാസീസ്, ജോൺ കിഴക്കേപ്പുല്ലുക്കണ്ണാപ്പുള്ളിൽ, വക്കി ചന്ദ്രപുരയിൽ, വക്കി നെടിയകാലാ

ഏ. കെ. സി. സി.
ഹെഡ്ഓഫീസ് നാഗമ്പടം,
കോട്ടയം 14–1–65

അഖിലകേരള കത്തോലിക്കാ കോൺഗ്രസ് ഹെഡ്ഓഫീസിൽ വന്നുകൊണ്ടിരിക്കുന്ന 3 ലക്ഷം ഫണ്ടിലേയ്ക്കുള്ള സംഭാവനത്തുകകളും ദി ട്രാവൻകൂർ സ്റ്റേറ്റ് ബാങ്കിന്റെ കോട്ടയം ബ്രാഞ്ചിൽ 8147–ാം നമ്പർ അക്കൌണ്ടിലും പടി നിക്ഷേപിച്ചുവരുന്നു.

കൺവീനർ,

ഒപ്പ്

തോമസ് സെബാസ്റ്റ്യൻ

യിൽ, പി.എം ജോസഫ്, കെ.എസ് വക്കി, ചാണ്ടി കുളംപള്ളിൽ, മാത്യു മലയിൽ, വിൻസന്റ് ആര്യങ്കാലായിൽ, കുര്യൻ തയ്യിൽ ഇവർ അംഗങ്ങളായും ഒരു കമ്മറ്റിയേയും തെരഞ്ഞെടുത്തു. യോഗം കൃത്യം 1.30–ന് സമംഗളം പര്യവസാനിച്ചു.

വാഴക്കുളം
10–1–65

വാഴക്കുളം ഏ. കെ. സി. സി. ശാഖയുടെ ഒരു പൊതുയോഗം വാഴക്കുളം ഫൊറോനാപ്പള്ളി വികാരി ഫാ. വ. ഫാദർ ജേക്കബ് തേവർപാടം അവർകളുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ സംഘടനയുടെ അഭിവൃദ്ധികാര്യങ്ങളെപ്പറ്റി അദ്ധ്യക്ഷൻ പ്രസംഗിക്കുകയും, പത്തുപൈസാ പിരിവിനെപ്പറ്റി വേണ്ട നിർദ്ദേശങ്ങളും നൽകുകയും ചെയ്തു. അടുത്തകൊല്ലത്തെ ഭാരവാഹികളായി മെ: റവ. പി. മത്തായി തെക്കേക്കര അവർകളെ പ്രസിഡൻറായും, ഒ. എം. മാത്യു ഓലിക്കൽ, എം. വി. കുര്യൻ മക്കോളി എന്നിവരെ യഥാക്രമം സെക്രട്ടറി, ഖജാൻജിമാരായി തെരഞ്ഞെടുത്തു. ഫൊറോനാടിസ്ഥാനത്തിൽ വിപുലമായ ഒരു സമ്മേളനം ഫെബ്രുവരിയിൽ വിളിച്ചു കൂട്ടുന്നതിനും തീരുമാനിച്ചു.

ഒല്ലൂർ
7–1–65

അഖിലകേരളകത്തോലിക്കാ കോൺഗ്രസ് ഒല്ലൂർ ശാഖാവാർഷികവും ക്രിസ്തുരാജദിനവും ജനുവരി 3–ാംനു ഞായറാഴ്ച ക്രിസ്തുരാജനഗറിൽവച്ച് ആഘോഷിക്കുകയുണ്ടായി. പൊതുസമ്മേളനത്തിൽ ശ്രീ. തോമസ് സെബാസ്റ്റ്യൻ ബി. എ; എൽ. റ്റി, (ചങ്ങനാശ്ശേരി) അദ്ധ്യക്ഷത വഹിച്ചു. ശ്രീ. എം. ഒ. ജോസഫ് നെടുങ്കുന്നം, റവ. ഫാ. ബെർണാഡ് ഒ. എഫ്. എം., ശ്രീ. ടോം ജോസ് ബി. എ.ബി. എഡ്, കുമാരി

ഏ. കെ. സി. സി. ബുള്ളറ്റിൻ

രണ്ടു ദീപങ്ങൾ

(ആർ. സി. വരിക്കയിൽ)

(ഓട്ടംതുള്ളൽ)

മഹിമകനിറയും മലയാളത്തിനു
മകുടമൊരുക്കിമിനുക്കിയപോലേ
ചെറുമലമുകളാം മാന്നാനത്തൊരു
നവമുകളാഭയുദിച്ചുപരന്നു.
ജടിലതപുണ്ഭവനാന്തരഭംഗിയി–
ലുടയവനാത്മസമപ്പണഗീതം
കരംമിടിവൊത്തു മുഴങ്ങിയനേരം
തരുലതപോലും തരളിതമായി.
സ്ഫടികളൊരുക്കിയ പിച്ചകമലരും
മരിയസുതാശിഷമധുകണനിരയും
അധരമൊടധരം ചേർത്തുലസിപ്പൊരു
മുനിഗണഭവനമതിന്നും ദീപ്തം.
തലമുറതലമുറ കൈമാറീടുമീ–
ക്കനലൊളിയാരാൽപ്പുളകിതമായീ?
ഇരുമഹിതാത്മികയും മല്പാന്മാരും
നട്ടവിലു സിറിയക് ചാവറതാനും
വിരചിതമായാൽ: ചിത്രം മൂന്നും
തരുമൊരു വിശദീകരണംപൂണ്ണം.
പരിമിതിമൂലം സഹജരെ, ഇപ്പോഴം
നട്ടവിലിരിപ്പതുമാത്രം ചിന്ത്യം.
പുകഴ്പെട്ടമുന്നതപകലോമറവും
നിരയിൽ മുളച്ചീനിമ്മലതാരം
മടിയിലിരുന്ന മയങ്ങിയമകനുടെ
മുറിവചനങ്ങളിലൂടെ ജനിത്രീ
ജപമധുരോക്തികളരുവിടുവാനൊരു
സുഹസിതഹൃദയം തീർത്തുകൊടുത്തു.
തുടരെയുദിച്ചഭിലാഷവിശേഷം
ബലിയുടെപീഠം കരഗതമാക്കാൻ
പടിപടിയായതിനണയുന്നേരം
വികസിതമായീ ബുദ്ധിയുമകമേ.
നറുവചനങ്ങളിന്നാക്കിയൊരുക്കി–
പ്പൊരുളുനിറഞ്ഞപ്രഭാഷണമോടും
നരനയനത്തിനുമഖിലകുപേശനു–
മതിമുദമേറും മുഖവടിവോടും
ജഗതിയിലൊരുവൻ വിപുലഗാന–
ത്തിരകളിളക്കാൻ നിശ്ചയമോടും
കുരിയനൊരുത്തമവൈദികനായി
പ്പരിചയമേന്തിയിറങ്ങുകയായി
ഹൃദയവിഷാദപ്പെരുമയിലുലകം
വിഷമയമെന്ന കരഞ്ഞാൽമതിയോ?
ഒരുവകയാപത്തന്തയിതങ്ങനെ
മുറിയിലിരുന്നു ജപിച്ചാൽമതിയോ?
മനുജനുപ്രവണത ദൈവം തന്നവ
പറകുംകുമഴ്ത്തിമറിച്ചാൽമതിയോ...?
പോരാ പോരാ ജീവിതസമരം
നേരേപൊരുതി ജയിച്ചേപറ്റൂ.
പോരിനിറങ്ങി ചാവറയച്ചൻ
പോരിനു കൊതിയില്ലാത്ത മനോജ്ഞൻ
നരകം നൽകിയ മൂന്നുപരീക്ഷയിൽ
വിജയംനേടിയ നാഥനോടൊപ്പം
ഭവനം, ജഡവും നിജവാഞ്ഛകളും
ത്രിവിധവ്രതാപ്പണവിധിയിലണച്ചൂ.
തിമിരംതിങ്ങിയ നാട്ടകവും തോറും
കളരികളും പലവകകെട്ടിയുയർത്തീ.
അതുകൊണ്ടാശകളടിയാതൊന്നാം–
കിടയൊരു വൈദിക വിദ്യാലയമായ്.
കുമ്പകുംപൊട്ടിവിരിഞ്ഞുതുടങ്ങീ
ചെമ്പകമൊട്ടവിരിഞ്ഞുതുടങ്ങീ
കേരള കമ്മലജീവിതനാളം
ശ്രീകരഭാവിവരിച്ചുതുടങ്ങീ.
വാളകുംവായുവിലൊട്ടുപുളഞ്ഞു
കോളകുംകായലിലെത്തിമറിഞ്ഞു
മേലുസെന്നും റോക്കോസെന്നും
നൂലാമാലകരുത്തുകഴിഞ്ഞു.
ഇടതടവറ്റ പയറ്റിതാതൻ
കുടിലതപോലും തോറ്റുമറിഞ്ഞു.
കമ്മലസഭമേൽ, കേരളസഭമേൽ
നിർമ്മലമാനസരഖിലരിലും മേൽ
കർമ്മസുയോഗീവരനുടെ പ്രാവേ
മുണ്ടയിലൊട്ടതെളിഞ്ഞുതുടങ്ങീ.
തിരുവനന്തപുരത്തിൽ ഭദ്രതിനിറഞ്ഞോ–
രരിയമഹാരഥനാഗ്രഹമായീ,
കനിവെഴുമംബുജകുടിമലർതേടും
വനിതകളും കമ്മലപുരിയിൽ
വിളങ്ങാൻ.
നിനവുകളും നിയതിക്കൊത്തുചലിപ്പൂ
കനികളണിഞ്ഞുമുറുജ്ജുലസിച്ചൂ.
വിനയമെഴുന്ന വിശുദ്ധർക്കുണ്ടോ
ശകുനികളാലൊരു തടവുവരുന്നു.
ശ്രമണികളും തിങ്ങും സദനമനേകം
തലകളുയർത്തിനിരക്കുന്നില്ലേ!
അവയുടെ മൂലം ക്ഷീണമ്മാവിൽ
ചെറിയപരമ്പുമറച്ചൊരു പൂരതാൻ!
ഈയിടെയോല, പരമ്പുംമേഞ്ഞൊരു
കുടിലുവളർന്നു വിഹാരമതായീ.
പലവകകന്യകജീവിതചര്യ–
ക്കുന്നുഗുണമായവ പെരുകിവരുമ്പോഴം
തളിരുനിറഞ്ഞൊരു മോഹനഗേഹേ
ഭരണങ്ങാനം ക്ഷീരമഠത്തിൽ
വിപുലജ്ഞാന വിശ്രുതികളാമൊരു
പുലരിത്താരമുദിച്ചുകിളർന്നു.
കുഴിമാടത്തിൽക്കുമ്പിട്ടോരേ–
ക്കുഴയാതേറെയനുഗ്രഹമേകി
പഴകിയരോഗംപോലും തീർത്തി–
ട്ടുഴകൊടയുന്നൽഫോൻസാമ്മ
ഒരുനാഥം മാന്നാനത്തു ജ്വലിച്ചിട്ട–
ട്ടധികം കാളിമകാട്ടിയദീപം
പതിയെത്തെളിയും പ്രതിബിംബം–
പോൽ
സുതയെക്കാണുന്നുന്നതലേകേ.

ചിന്നമ്മ ജോസഫ് ബിഎ;ബി എഡ് എന്നിവർ പ്രസംഗിച്ചു. സമ്മേളനത്തിനു സെക്രട്ടറി ശ്രീ. പോറ്റൂർ സ്വാഗതം പറഞ്ഞു. ശ്രീ. സി. എ. റപ്പായി പ്രമേയങ്ങളും അവതരിപ്പിച്ചു. പ്രസിഡണ്ട് ശ്രീ.കെ.ഡി.ജോസഫ് നന്ദിരേഖപ്പെടുത്തി. ഇടയ്ക്കിടെ കുട്ടികളുടെ കലാപ്രകടനങ്ങളും യോഗാനന്തരം കാഥികൻ ഭഗവാൻ രാജൻ "ലഡാക്കിലേയ്ക്ക്" എന്ന കഥാപ്രസംഗവും ഉണ്ടായിരുന്നു.

സെക്രട്ടറി

ഏ. കെ. സി. സി.

കേരളത്തിലെ അഭിവന്ദ്യ തിരുമേനിമാരുടെ

വരാപ്പുഴ മെത്രാപ്പോലീത്താ മോസ്റ്റ് റവ. ഡോ. ജോസഫ് അട്ടിപ്പേററി തിരുമേനി

അഖിലകേരള കത്തോലിക്കാ കോൺഗ്രസ്സിന്റെ ധനശേഖരണത്തിനായി ആരംഭിച്ചിരിക്കുന്ന പത്തു പൈസ പ്രസ്ഥാനത്തിനു് സർവ്വവിജയവും നാം ആശംസിച്ചുകൊള്ളുന്നു. (ഒപ്പു്)

ചങ്ങനാശ്ശേരി മെത്രാപ്പോലീത്താ മോസ്റ്റ് റവ. ഡോ. മാത്യു കാവുകാട്ടു് തിരുമേനി

അഖിലകേരള കത്തോലിക്കാകോൺഗ്രസ്സിനുവേണ്ടി ഒരു ശാശ്വതനിധി രൂപീകരിക്കുന്നതിനായി ഓരോ കത്തോലിക്കനും പത്തു പൈസ വീതം സംഭാവന ചെയ്യണമെന്നുള്ള ഏ. കെ. സി. സി. യുടെ ആഹ്വാനത്തെ നാം അംഗീകരിക്കുകയും പ്രസ്തുത സംരംഭത്തിനു് സകലവിധ വിജയങ്ങളും ആശംസിക്കുകയും ചെയ്യുന്നു. (ഒപ്പു്)

തിരുവനന്തപുരം മെത്രാൻ റൈറ്റ് റവ. വിൻസന്റ് ഫെരേരാ തിരുമേനി

I wish all success to the all Kerala Catholic Congress,

(Sd)

കൊല്ലംമെത്രാൻ റൈറ്റ് റവ. ജറോം) എം. ഫെർണ്ണാണ്ടസ് തിരുമേനി

അഖിലകേരള കത്തോലിക്കാ കോൺഗ്രസ്സിന്റെ ധനശേഖരണാർത്ഥം ആരംഭിച്ചിരിക്കുന്ന പത്തു പൈസ പിരിവു പ്രസ്ഥാനത്തിനു് സർവ്വവിജയവും നേർന്നുകൊള്ളുന്നു.

(ഒപ്പു്)

കോട്ടയംമെത്രാൻ റൈറ്റ് റവ ഡോ. തോമസ് തറയിൽ തിരുമേനി

അഖിലകേരള കത്തോലിക്കാ കോൺഗ്രസ്സിനു് ഒരു ശാശ്വതനിധി ഉണ്ടാക്കുന്നതിനു് ആരംഭിച്ചിരിക്കുന്ന പത്തുപൈസ പിരിവിനു് അഭിവന്ദ്യപിതാവു് വിജയംനേരുകയും ഈ പിരിവിൽ സഹകരിക്കുന്നവരെയും ഇതിന്റെ സംഘാടകരെയും ഹൃദയപൂർവ്വം ആശീർവദിക്കയും ചെയ്യുന്നു.

കല്പനപ്രകാരം,
സെക്രട്ടറി, (ഒപ്പു്)

വിജയപുരം മെത്രാൻ റൈറ്റ് റവ. ഡോ. അബ്രാസോള്ളാതിരുമേനി

Whole heartedly do we approve the project envisaged by the All Kerala Catholic Congress of Collecting of fund of Rs. 300000/- and we cordially bless all those who will contribute to this fund.

(Sd)

തൃശ്ശൂർമെത്രാൻ റൈറ്റ് റവ. ജോർജ്ജ് ആലപ്പാട്ടതിരുമേനി

അഖിലകേരള കത്തോലിക്കാ കോൺഗ്രസ്സിനു് ഒരു ശാശ്വത ഫണ്ടുണ്ടാക്കുന്നതിനുള്ള പത്തുപൈസ സംഭാവന പ്രസ്ഥാനത്തെയും അതിന്റെ വിജയത്തിനായി പരിശ്രമിക്കുകയും സഹകരിക്കുകയും ചെയ്യുന്ന ഏവരേയും നാം ഹൃദയപൂർവ്വം ആശീർവദിക്കുന്നു.

(ഒപ്പു്)

തിരുവല്ലാമെത്രാൻ റൈറ്റ് റവ. സഖറിയാസ് മാർ അത്തനാസ്യസ് തിരുമേനി

അഖിലകേരള കത്തോലിക്കാ കോൺഗ്രസ്സിന്റെ ധനശേഖരണാർത്ഥം വിഭാവനം ചെയ്യുന്ന പത്തു പൈസ പിരിവിനെ നാം ഹാർദ്ദമായി അംഗീകരിക്കുകയും അതിനെ യഥാശക്തി വിജയിപ്പിക്കണമെന്നു് ഏവരേയും ഉൽബോധിപ്പിക്കുകയുംചെയ്യുന്നു.

(ഒപ്പു്)

മൂന്നുലക്ഷം ഫണ്ട്

വിജയാശംസകളും അനുഗ്രഹാശിസുകളും!

തിരുവനന്തപുരം മെത്രാപ്പോലീത്താ മോസ്റ്റ് റവ. ബനഡിക്ട് മാർ ഗ്രിഗോറിയസ് തിരുമേനി

അഖിലകേരള കത്തോലിക്കാകോൺഗ്രസ്സിന്റെ ധനശേഖരണത്തിനായി കേരളത്തിലെ എല്ലാ കത്തോലിക്കരേയും സഹകരിപ്പിക്കത്തക്കവണ്ണം ആവിഷ്ക്കരിച്ചിരിക്കുന്ന പത്തുപൈസ പരിവിനു നാം എല്ലാ വിജയങ്ങളും ആശംസിക്കുകയും ഈ പരിവിൽ സഹകരിക്കുന്ന ഏവരേയും ഇതിന്റെ സംഘാടകരേയും നാം ഹൃദയപൂർവ്വം അനുഗ്രഹിക്കുകയും ചെയ്തുകൊള്ളുന്നു.

(ഒപ്പ്)

ആലപ്പുഴ മെത്രാൻ റൈറ്റ് റവ. മൈക്കിൾ ആറാട്ടുകുളം തിരുമേനി

അഖിലകേരള കത്തോലിക്കാ കോൺഗ്രസ്സിന്റെ പത്തുപൈസ പരിവു പ്രസ്ഥാനം നാം ആശീർവദിക്കുകയും അതിനു പരിപൂർണ്ണ വിജയം ആശംസിക്കുകയും ചെയ്യുന്നു.

(ഒപ്പ്)

തലശ്ശേരി മെത്രാൻ റൈറ്റ് റവ. ഡോ. സെബാസ്റ്റ്യൻവള്ളോപ്പള്ളി തിരുമേനി

അഖിലകേരള കത്തോലിക്കാ കോൺഗ്രസ്സിനു ഒരു ശാശ്വതനിധി ശേഖരണാർത്ഥം ആരംഭിച്ചിരിക്കുന്ന പത്തുപൈസ പരിവിനെ നാം ഹൃദയപൂർവ്വം അംഗീകരിക്കുകയും ആശീർവദിക്കുകയും ഈ സംരംഭത്തിനു പരിപൂർണ്ണ വിജയം ആശംസിക്കുകയും ചെയ്യുന്നു.

(ഒപ്പ്)

എറണാകുളംമെത്രാപ്പോലീത്താ മോസ്റ്റ് റവ. ഡോ. ജോസഫ് പാറേക്കാട്ടിൽ തിരുമേനി

നമ്മുടെ ജനങ്ങളുടെയിടയിൽ വിദ്യാഭ്യാസപരമായും തൊഴിൽപരമായും അവശതയനുഭവിക്കുന്നവരുടെ സമുദ്ധാരണത്തിനായി അഖിലകേരള കത്തോലിക്കാകോൺഗ്രസ്സിന്റെ ആഭിമുഖ്യത്തിൽ ആളൊന്നുക്കു പത്തുപൈസ എന്ന തോതിൽ സമാരബ്ധമായിരിക്കുന്ന ധനശേഖരണപ്രസ്ഥാനത്തിനു എല്ലാ വിജയങ്ങളും ആശംസിക്കുകയും അതിന്റെ പ്രയോക്താക്കളെ അനുമോദിക്കുകയും ചെയ്യുന്നു. (ഒപ്പ്)

കോതമംഗലം മെത്രാൻ റൈറ്റ് റവ. ഡോ. മാത്യു പോത്തനാമൂഴി തിരുമേനി

അഖിലകേരള കത്തോലിക്കാ കോൺഗ്രസ്സിനു ഒരു ശാശ്വതനിധി സമ്പാദിക്കുന്നതിനായി കരുപിടിപ്പിച്ചിരിക്കുന്ന പത്തുപൈസ പ്രസ്ഥാനത്തെ നാം സ്വാഗതംചെയ്യുകയും ഹൃദയപൂർവ്വം ആശീർവദിക്കുകയും അതിനു സകല വിജയങ്ങളും ആശംസിക്കുകയും ചെയ്യുന്നു. (ഒപ്പ്)

ചാലാമെത്രാൻ റൈറ്റ് റവ. ഡോ. സെബാസ്റ്റ്യൻ വയലിൽ തിരുമേനി

അഖിലകേരള കത്തോലിക്കാ കോൺഗ്രസ്സിനു ഒരു ശാശ്വതനിധി ഉണ്ടാക്കുന്നതിനുവേണ്ടിയുള്ള പത്തുപൈസ പ്രസ്ഥാനത്തെ നാം സ്വാഗതം ചെയ്യുകയും ഹൃദയപൂർവ്വം ആശീർവദിക്കുകയും സകലവിജയങ്ങളും ആശംസിക്കുകയും ചെയ്യുന്നു.

(ഒപ്പ്)

"UNITED WE STAND, DIVIDED WE FALL."

ബഡ്ജറ്റ് പ്രസംഗം

(ധനകാര്യമന്ത്രി- എ. സി. ചാക്കോ മാന്യതരത്തിൽ)

സംപൂജ്യനായ അദ്ധ്യക്ഷാ, ബ. അച്ചാ, പ്രിയപ്പെട്ട സ്നേഹിതന്മാരെ,

തുടർച്ചയായി നാലാം പ്രാവശ്യം കത്തോലിക്കാകോൺഗ്രസിന്റെ ഈ പരമാധികാര സഭയുടെ മുമ്പാകെ ഒരു ബഡ്ജറ്റ് അവതരിപ്പിക്കുന്നതിനു് എനിക്കതിയായ സന്തോഷമുണ്ടു്. 1964 ഒക്ടോബർ അവസാനംവരെയുള്ള യഥാർത്ഥ വരവുചെലവുകണക്കുകൾ നിങ്ങൾക്കയച്ചുതന്നിട്ടുള്ളതിൽ നിന്നും ഈവർഷം പ്രതീക്ഷിച്ചിരുന്ന മാതിരിയുള്ള സാമ്പത്തികപുരോഗതി കൈവന്നിട്ടില്ലെന്നുള്ള പരമാർത്ഥം വെളിപ്പെടുമല്ലൊ.

കേരളകത്തോലിക്കരുടെ രാഷ്ട്രീയവും സാമുദായികവും സാമ്പത്തികവും സാംസ്ക്കാരികവും മതപരവും ആയ താല്പര്യങ്ങളുടെ പരിരക്ഷണത്തിനും സമുദായത്തിന്റെ സർവ്വതോമുഖമായ ഉൽക്കർഷത്തിനുവേണ്ടി യത്നിക്കുന്നതിനുകത്തോലിക്കാകോൺഗ്രസ്സുപോലെയുള്ള ഒരു പൊതുസംഘടന അത്യന്താപേക്ഷിതമാണെന്നും അതുകൊണ്ടു് കത്തോലിക്കാകോൺഗ്രസിനെ ശക്തിപ്പെടുത്തുകയല്ലാതെ ഗത്യന്തരമില്ലെന്നും അങ്ങനെ ശക്തിപ്പെടുത്തിയില്ലെങ്കിൽ സമുദായം അധ:പതിക്കുമെന്നും ഇപ്പോൾ എല്ലാവരും അംഗീകരിക്കുന്നുണ്ടു്. പക്ഷേ എല്ലാവരും ആശിക്കുന്നതുപോലെയുള്ള വളർച്ച കോൺഗ്രസിനുണ്ടാകുന്നില്ല. അതിന്റെ കാരണങ്ങളെപ്പറ്റിക്കൂടി ചിന്തിക്കുന്നതു പ്രയോജനകരമായിരിക്കും.

കേരളത്തിലെ കത്തോലിക്കരുടേതൊഴിച്ചുള്ള മറ്റു പ്രബലസമുദായ സംഘടനകളും രാഷ്ട്രീയത്തിലും രാജ്യഭരണത്തിലും ഗണ്യമായ സ്വാധീനം ചെലുത്തുന്നുണ്ടു്. യഥാർത്ഥം പറഞ്ഞാൽ ജനാധിപത്യമല്ല സമുദായാധിപത്യമാണു് ഇവിടെ നടമാടുന്നതു്. എന്നാൽ കത്തോലിക്കാ രാഷ്ട്രീയക്കാരുടെ ചിന്താഗതി ഇങ്ങനെയൊന്നുമല്ല. താൽക്കാലികമായ നേട്ടങ്ങളെ ലാക്കാക്കി സമുദായസംഘടനയെതരംതാഴ്ത്തി കാണിക്കാനാണു് ഇവരുടെ ശ്രമം. തങ്ങളുടെ ഉയർച്ചയ്ക്കു സമുദായസംഘടന വിലങ്ങുതടിയാകുമെന്നു കരുതി ഈ സംഘടനയെ നാമാവശേഷമാക്കുന്നതിനുപോലും അവർശ്രമിക്കുന്നുണ്ടു്. ഇങ്ങനെ സമുദായ സംഘടനയെ അവഗണിച്ചുകൊണ്ടു് രാഷ്ട്രീയ സംഘടനകളുംകൊണ്ടു മാത്രം തൃപ്തിപ്പെടുവാൻപോയ കത്തോലിക്കരിൽ പലർക്കും നല്ല തിരിച്ചടി കിട്ടിയിട്ടുണ്ടു്. പെട്ടെന്നു വലിയവരാകാമെന്നുകരുതി സ്വന്തസമുദായത്തേയും അതിന്റെ സ്ഥാപനങ്ങളേയും അവഗണിച്ചുകൊണ്ടു രാഷ്ട്രീയത്തിലിറങ്ങിയ കത്തോലിക്കരിൽ പലരും മറ്റുള്ളവരുടെ ചവുട്ടും തൊഴിയും കൊണ്ടു അവശരായി അധ:പതിച്ചിരിക്കുന്നതാണു് ഇന്നത്തെ അനുഭവം. അവരെത്തന്നെ രക്ഷിക്കുന്നതിനൊ സമുദായത്തെ രക്ഷിക്കുന്നതിനൊ അവർക്കു കഴിയാതെയായിരിക്കുന്നു. കെട്ടുറപ്പുള്ള ഒരു സമുദായവും അതിന്റെ സ്ഥാപനങ്ങളും പിന്നിലില്ലാത്തവർ ഇവിടത്തെ രാഷ്ട്രീയത്തിൽ ആരുമല്ലെന്നുള്ള രാഷ്ട്രീയ ബാലപാഠം ഇവർ പഠിക്കുവാൻ തുടങ്ങിയിട്ടുള്ള. മറ്റുള്ളവർ എട്ടത്തെറിഞ്ഞാൽ താഴെവീണ തലപൊട്ടാതെ നോക്കുന്നതിനുപോലും സ്വന്തസമുദായവും അതിന്റെ സ്ഥാപനങ്ങളുമെ ഉണ്ടാകൂ എന്നുള്ള പരമാർത്ഥം അവർ ഇനിയെങ്കിലും പഠിക്കേണ്ടതാണു്. അതുകൊണ്ടു് എതെല്ലാം അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടായിരുന്നാലും ഒരു സമുദായസംഘടനയുള്ളതിനെ പുഷ്ടിപ്പെടുത്തുവാൻ എല്ലാ കത്തോലിക്കരും ഇനിയുള്ള കാലമെങ്കിലും ഒത്തുചേർന്നു പ്രവർത്തിക്കുമെന്നു് നമുക്കാശിക്കാം.



സംഘടനാപ്രവർത്തനം

കത്തോലിക്കാ കോൺഗ്രസിന്റെ വളർച്ചയ്ക്കു സർവപ്രധാനമാ

യത്ര അംഗസംഖ്യ വർദ്ധിപ്പിക്കുകയാണല്ലോ. അതിനായി കഴിഞ്ഞവർഷം 22 ഓർഗനൈസറന്മാരെ നിയമിക്കുകയും അവരുടെ പ്രവർത്തനഫലമായി കുറെ പുരോഗതി ഉണ്ടാകുകയും ചെയ്തു. അവരുടെ ശ്രമഫലമായി സംഘടിപ്പിച്ച ശാഖകൾ സജീവമായി തുടർന്ന പ്രവർത്തിച്ചെങ്കിലേ ഉദ്ദേശിക്കുന്ന ഫലം ഉണ്ടാകുകയുള്ളല്ലോ. 351 പഴയ ശാഖകൾ ഇപ്പോൾ പ്രവർത്തന രഹിതമായി കഴിയുകയാണു്. പുതുതായി സംഘടിപ്പിക്കപ്പെടുന്നതും സജീവമാകുന്നതുമായ ശാഖകൾ നിദ്രയിൽ ആണ്ടുപോകാതെ സൂക്ഷിക്കുന്നതിനു വേണ്ടതു ചെയ്യേണ്ടിയിരിക്കുന്നു. ശാഖകൾ സജീവമായി പ്രവർത്തിക്കുന്നതിനു് ഓരോ പള്ളിപരിസരങ്ങളിലും ഓരോ ഓഫീസു സ്ഥാപിച്ചു വായനശാല, കായിക വിനോദങ്ങൾ, ചർച്ചാക്ലാസ്സുകൾ, ഇവ നടത്തിയും വിദ്യാഭ്യാസനിധികൾ, ലഘുനിക്ഷേപ പദ്ധതികൾ, വിവാഹ—ശവസംസ്ക്കാരനിധികൾ മുതലായവ ഏർപ്പെടുത്തിയും ഇടവകയിൽ പൊതുവായും അംഗങ്ങളുടെ ഇടയിൽ പ്രത്യേകിച്ചും ഉണ്ടാകുന്ന അഭിപ്രായ വ്യത്യാസങ്ങൾ പറഞ്ഞുതീർത്തും ജീവകാരുണ്യപരമായ സാമൂഹ്യപ്രവർത്തനങ്ങൾ ചെയ്തും ഇടവകയിലെ എല്ലാ പ്രവർത്തനമണ്ഡലങ്ങളിലും ഏർപ്പെട്ടു് സജീവമായി പ്രവർത്തിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ കത്തോലിക്കാകോൺഗ്രസ്സു നേതൃത്വം കൊടുത്തിട്ടുള്ളതനുസരിച്ചു ചെയ്യുകയാണു വേണ്ടതു്. ഇങ്ങനെ സജീവമായും ഉപകാരപ്രദമായും പ്രവർത്തിക്കുന്നപക്ഷം അംഗങ്ങൾ ചേരുന്നതിനു പ്രേരിതമാകുന്നതാണു്.

സംഘാടകരെ നിയമിച്ചുപ്രവർത്തിക്കുക അത്ര ഫലവത്തായ കാര്യമല്ലെന്നു തെളിഞ്ഞുകഴിഞ്ഞിരിക്കുകയാണു്. ഇനി ശേഷിക്കുന്നതു ഓരോ രൂപതാസംഘങ്ങളും ഇതിന്റെ ചുമതല ഏറ്റെടുത്തു ഫൊറോനാ അടിസ്ഥാനത്തിൽ സ്വയമേവ പ്രവർത്തിക്കുവാൻ നന്മനസ്സോടുകൂടി മുന്നോട്ടുവരുന്ന ഓർഗനൈസറന്മാരെ ചുമതലപ്പെടുത്തി പ്രവർത്തിച്ചുനോക്കുകയാണു്. അതിനു ചങ്ങനാശേരി രൂപതാസംഘവും പാലാ രൂപതാസംഘവും മുൻകൈ എടുത്തു പ്രവർത്തിക്കുവാൻ തുടങ്ങിയിരിക്കുന്നതു് അഭിനന്ദനീയമാണു്. ഇങ്ങനെ സംഘടനാപ്രവർത്തനത്തിനും ഫണ്ടുപിരിവിനുംവേണ്ടി ഓരോ രൂപതയിലും സേവനസന്നദ്ധതയുള്ള ഓരോ വൈദികരെ ചുമതലപ്പെടുത്തി പ്രവർത്തിപ്പിക്കുന്നതു് ഏറ്റവും അഭിലഷണീയമാണു്. ഇങ്ങനെ പ്രതിഫലേച്ഛകൂടാതെ സമുദായപ്രവർത്തനം നടത്തുന്നതിനു സന്മനസ്സോടെ മുന്നോട്ടു വന്നിട്ടുള്ള പാലാ രൂപതയിൽനിന്നും ബ. ജോസഫു് ചാലിൽ അവർകളേയും ചങ്ങനാശേരി രൂപതയിൽനിന്നും ബ. സി. വി. മാത്യുചെങ്ങളം അവർകളേയും ഞാൻ ആത്മാർത്ഥമായി അഭിനന്ദിക്കുകയും ഹൃദയംഗമമായി അവർക്കു നന്ദി പറയുകയും സകലവിധ ഭാവുകങ്ങളും ആശംസിക്കുകയും ചെയ്യുന്നതിനുകൂടി ഈ അവസരം വിനിയോഗിച്ചുകൊള്ളട്ടെ. ഇവരുടെ മാതൃക ബ. അച്ചന്മാരും സ്വീകരിച്ചിരുന്നെങ്കിൽ—എന്നു ഞാൻ ആശിക്കുകയാണു്.

ശാഖകൾ പ്രവർത്തനരഹിതമായി തീരുന്നതോടുകൂടി എല്ലാവർഷവും കൊടുക്കേണ്ടുന്ന സാധാരണ സാമാജികഫീസായ അൻപതുപൈസ കൊടുക്കാതിരിക്കുകയും അങ്ങനെ അവരുടെ അംഗത്വം നഷ്ടപ്പെട്ട ശാഖകൾ നാമാവശേഷമായി തീരുകയുമാണുചെയ്യുന്നതു്. ഇങ്ങനെ സാധാരണ സാമാജികരുടെ അംഗത്വം നഷ്ടപ്പെടാതിരിക്കുന്നതിനുള്ള ഒരു പദ്ധതി കണ്ടുപിടിക്കേണ്ടിയിരിക്കുന്നു. എത്ര നിസ്സാരമായ വാർഷിക ഫീസാണെങ്കിലും അതു എല്ലാവർഷവും കൃത്യമായി കൊടുക്കുക എന്നതു് ഒരു നടക്കാത്ത കാര്യമായി അനുഭവപ്പെട്ടിരിക്കുകയാണു്. ഇതിനൊരു പരിഹാരമാർഗം ആലോചിച്ചു കണ്ടുപിടിക്കേണ്ടിയിരിക്കുന്നു. എനിക്കു തോന്നുന്ന ഒരു മാർഗ്ഗം സാധാരണക്കാർക്കുകൂടി കൊടുക്കുവാൻ പ്രയാസമില്ലാത്ത വിധം ഒരു ആയുഷ്ക്കാലഫീസു നിശ്ചയിക്കുക എന്നതാണു്. ഇപ്പോൾ പത്തുരൂപായാണു് ആയുഷ്ക്കാല സാമാജികഫീസു്. ഇതു സാധാരണക്കാരനുകൊടുക്കുവാൻ കുറച്ചു ബുദ്ധിമുട്ടുള്ളതാണു്. അതുകൊണ്ടു ആയുഷ്ക്കാലഫീസു അഞ്ചുരൂപ എന്നാക്കി കുറയ്ക്കുകയും ആ തുക കമ്മറ്റി നിശ്ചയിക്കുന്ന ഗഡുക്കളിൽ കൊടുത്താൽ മതി എന്നു വ്യവസ്ഥ ചെയ്യുകയും ചെയ്താൽ കൊള്ളാമെന്നാണു എനിക്കു തോന്നുന്നതു്. ഇതുകൊണ്ടും പ്രയോജനം ഉണ്ടാകുമോ എന്നുള്ള കാര്യം നിങ്ങളുടെ അവഗാഢമായ ചിന്തയ്ക്കു സമർപ്പിക്കുകയാണു്.

ഏതുവിധമായാലും എല്ലാ ഇടവകകളിലും ശാഖാസംഘംസ്ഥാപിക്കുകയും ആ ശാഖാസംഘങ്ങൾ സജീവമായി പ്രവർത്തിക്കുകയും, ചേരുന്ന അംഗങ്ങൾ ആജീവനാന്തം അംഗങ്ങളായി തുടരുകയും ചെയ്യുന്നതിനുള്ള പദ്ധതികൾ ആസൂത്രണംചെയ്തുപ്രാവർത്തികമാക്കേണ്ടതത്യന്താപേക്ഷിതമാണു്. അതിനായി ത്യാഗസന്നദ്ധതയോടുകൂടിഏവരുംമുന്നോട്ടുവന്നുഅവനവന്റെ കഴിവനുസരിച്ചു പ്രവർത്തിച്ചെങ്കിലേ വിജയിക്കുകയുള്ളൂ. അതല്ലാതെ ഇതൊരു കടലാസുകപ്പലാണു്, മരക്കുതിരയാണു്—എൻ. എസ്. എസ്സിനും എസ്. എൻ. ഡി. പി.ക്കും ഉള്ള കെട്ടറപ്പില്ല, എന്നൊക്കെ വിമർശിച്ചതുകൊണ്ടു യാതൊരു പ്രയോജനവും ഉണ്ടാകുവാൻപോകുന്നില്ല.

കത്തോലിക്കാ കോൺഗ്രസ്സിന്റെ പ്രവർത്തകരായി വന്നിട്ടുള്ളവരിൽ മഹാഭ്രൂരിപക്ഷവും ഒരു ത്യാഗമായികരുതിപ്രതിഫലേച്ഛകൂടാതെവല്ലതും ചെയ്യണമെന്നുകരുതി വന്നിട്ടുള്ളവരാണെന്നാണെന്റെ ബോദ്ധ്യം, പക്ഷേ അവർക്കു അവരവരുടെ സ്വന്തം ജോലിതിരക്കുകൊണ്ടു വളരെ ഒന്നും പ്രവർത്തിക്കുവാൻ സാധിച്ചിട്ടില്ലായിരിക്കുമെന്നേയുള്ളൂ. അജീവനാന്ത പ്രവർത്തകരെന്ന മട്ടിൽ മറ്റു സമുദായങ്ങളുടേതുപോലെ കത്തോലിക്കരിൽ ആരും ഇതേവരെ ഇറങ്ങിപ്രവർത്തിക്കാനില്ലായിരുന്നു എന്നുള്ളതും ഒരു ന്യൂനതയാണു്. സമുദായപ്രതിനിദ്ധ്യമനുസരിച്ചു ഉദ്യോ

ഗംകിട്ടിയ കത്തോലിക്കർ ഉദ്യോഗത്തിലിരിക്കുമ്പോഴൊ റിട്ടയർ ചെയ്തശേഷമോ നമ്മുടെ കോൺഗ്രസിനുവേണ്ടി യാതൊരു സേവനവും ചെയ്യുന്നതിനു സന്നദ്ധത പ്രകടിപ്പിക്കാറില്ലെന്നുള്ളതും നമ്മുടെ പരാധീനതയിൽ ഒന്നാണു്.

എ. കെ. സി. സി. ബുള്ളറിൻ

സമുദായത്തിന്റെ പൊതുആവശ്യങ്ങളെപ്പറ്റിയും അതിനുള്ള പ്രതിവിധികളെപ്പറ്റിയും അഭിപ്രായം സംഘടിപ്പിക്കുന്നതിനും സമുദായത്തോടു ചെയ്യുന്ന അനീതികളെ പ്രതിഷേധിക്കുന്നതിനും സമുദായാംഗങ്ങൾക്കുവേണ്ട ഉത്തേജനവും നേതൃത്വവും നൽകുന്നതിനു കോൺഗ്രസ്സിന്റെ വകയായി നല്ല ഒരു പ്രസിദ്ധീകരണം അത്യന്താപേക്ഷിതമാണു്. ഇങ്ങനെ സമുദായത്തിന്റെ ഔദ്യോഗീകനാവായി. പ്രചാരമുള്ള ഒരു പ്രതിദിനപത്രം വളരെയധികം പ്രയോജനം കൈവരുത്തും. ഇപ്പോൾ കത്തോലിക്കരുടെ പരിപൂർണ്ണചുമതലയിൽ നടത്തുന്ന നാലു പ്രതിദിന പത്രങ്ങളുണ്ടു്. എന്നാൽ സമുദായത്തെ സ്പർശിക്കുന്ന കാര്യത്തിൽ തന്നെ അവർ പലപ്പോഴും അഭിപ്രായവ്യത്യാസമുള്ളവരായിട്ടാണു കാണുന്നതു്. ഇങ്ങനെ വ്യത്യസ്തമായ വീക്ഷണഗതിയിൽ കൂടി പോയാൽ സമുദായത്തിനു വലിയ ഗുണമൊന്നും ചെയ്യുവാൻ സാധിക്കുകയില്ലെന്നു കണ്ടിട്ടാണു് ഈ പത്രപ്രവർത്തകരെ ഏറണാകുളത്തു് വിളിച്ചുകൂട്ടുന്നതിനു കത്തോലിക്കാകോൺഗ്രസ്സ് നേതൃത്വം നിശ്ചയിച്ചതു്. അങ്ങനെകൂടിയ കോൺഫ്രൻസിൽ അഭിപ്രായ ഐക്യം ആവശ്യമാണെന്നു തീരുമാനിച്ചു പിരിഞ്ഞതല്ലാതെ പിന്നീടുകാര്യമായിട്ടൊന്നുംതന്നെ ചെയ്തിട്ടില്ല. ഈ കാരണങ്ങൾകൊണ്ടൊക്കെയാണു് തൽക്കാലം പ്രതിമാസം പ്രസിദ്ധീകരിക്കുന്ന എ. കെ. സി. സി. ബുള്ളറിൻ പരിഷ്ക്കരിച്ചു 1963 മെയ്മുതൽ പ്രസിദ്ധീകരിക്കുവാൻ തുടങ്ങിയതു്. ഇതുമൂലം പല ഗുണങ്ങളുമുണ്ടായിട്ടുണ്ടു്. ബുള്ളറിലെ ലേഖനങ്ങളും ചെയ്തികളും വായിച്ചു് കത്തോലിക്കാകോൺഗ്രസ്സിന്റെ പ്രവർത്തനങ്ങളെപ്പറ്റി കൂടുതൽ മതിപ്പും പ്രയോജനവും ഉണ്ടായിട്ടുണ്ടെന്നു് തുടർച്ചയായി ഇവിടെ കിട്ടിക്കൊണ്ടിരിക്കുന്ന എഴുത്തുകളും മുഖേനയും മറ്റും അറിയാവുന്നതാണു്.

1963 മെയ്മുതൽ 1964 ഒക്ടോബർ അവസാനംവരെ ബുള്ളറിൻ പ്രസിദ്ധീകരണത്തിനു 15589–44 രൂപാചെലവായിട്ടുണ്ടു്. വരിസംഖ്യ ഇനത്തിൽ 4598–82 രൂപായും പരസ്യംവകയിൽ 1335–70 രൂപായും സംഭാവനയായി 1737 രൂപായും കിട്ടിയിട്ടുണ്ടു്. വരിസംഖ്യകുടിശിക 6646 രൂപാ പിരിഞ്ഞുകിട്ടുവാനുമുണ്ടു്. വരിസംഖ്യ ശരിയായി പിരിഞ്ഞുകിട്ടാത്തതുമൂലം തുടർന്നുള്ള പ്രസിദ്ധീകരണത്തിനു പണമില്ലാതെ പ്രയാസപ്പെടുകയാണു്. കഴിഞ്ഞവർഷം പതിനായിരം വരിക്കാരെ ചേർക്കണമെന്നു പ്രതീക്ഷിച്ചിട്ടു സാധിച്ചില്ല. ഈ പ്രാവശ്യവും പതിനായിരം വരിക്കാരെ ചേർക്കാമെന്നുള്ള പ്രതീക്ഷയിലാണു് ഈബഡ്ജറ്റു തയാറാക്കിയിരിക്കുന്നതു്. പതിനായിരം വരിക്കാരുണ്ടായിരിക്കുകയും കൺട്രോംവില്യു കടലാസ്സു കിട്ടുകയും ഒരു പ്രസ്സു സ്വന്തമായി ഉണ്ടായിരിക്കുകയുംചെയ്താൽ ബുള്ളറിൻ ആദായകരമായി നടത്തുവാൻസാധിക്കും. ഇതിനായിശ്രമിച്ചുവരികയാണു്. ശാഖാസംഘങ്ങളും ഊർജ്ജിതമായി പ്രവർത്തിച്ചാൽ ബുള്ളറിൻ വിതരണം നിഷ്പ്രയാസം നടത്താവുന്നതാണു്. ശാഖകൾക്കു കിട്ടുന്ന 25 ശതമാനം കമ്മീഷൻകൊണ്ടു ശാഖകളുടെ അത്യാവശ്യ ചെലവുകളും നിർവഹിക്കുകയും ചെയ്യാം. ഇങ്ങനെ ബുള്ളറിൻപ്രസിദ്ധീകരണം ശാഖകളുടെ ഒരു ധനാഗമമാർഗമായിക്കൂടി തീരുന്നതാണു്.

ഹെഡ്ഓഫീസു്

കത്തോലിക്കാ കോൺഗ്രസ്സിനു ഒരു ഹെഡ്ഓഫീസു പണിയുന്നതിനു ഇതേവരെ സാധിക്കാത്തതു ഒരു വലിയ പോരായ്കതന്നെയാണു്. കത്തോലിക്കാകോൺഗ്രസ്സിന്റെ കാഞ്ഞിരപ്പള്ളി സമ്മേളനത്തിൽവച്ചു ഹെഡ്ഓഫീസുണ്ടാക്കുന്നതിനുവേണ്ടി ഒരു കമ്മറ്റിയെ നിയോഗിച്ചു. ഇവർ സമുദായാംഗങ്ങളിൽനിന്നും പണംപിരിച്ചുകോട്ടയത്തു കുറെ സ്ഥലം വാങ്ങിയിട്ടുണ്ടു്. 'കത്തോലിക്കാട്രസ്റ്റ്' എന്ന പേരിൽ ലാഭവിഭജനം ലക്ഷ്യമാക്കാത്ത ഒരു കമ്പനി രജിസ്റ്റർചെയ്തു അതിന്റെ കീഴിലാക്കിയിരിക്കുകയാണു്. ഇങ്ങനെ കിടക്കുവാൻതുടങ്ങിയിട്ടു ഏതാണ്ടു കാൽശതാബ്ദക്കാലം കഴിഞ്ഞു. ട്രസ്റ്റിന്റെ ഭാരവാഹികളിൽ ഏതാനുംപേർ മരിച്ചു. ബാക്കിയുള്ളവർക്കു പോലും ഏതുദ്ദേശത്തിനുവേണ്ടി സ്ഥലം വാങ്ങിയൊ ആ ഉദ്ദേശം സ്ഥലീകൃതമാകുന്നതിനു ശ്രമിക്കാതെ ഇങ്ങനെ ഇട്ടുകൊണ്ടിരിക്കുന്നതു കഷ്ടംതന്നെയാണു്. നമ്മുടെ പ്രസിഡണ്ടു ഇതു വിട്ടുകിട്ടുന്നതിനുവേണ്ടി നിരന്തരം ശ്രമിച്ചുകൊണ്ടിരിക്കുകയാണു്. ട്രസ്റ്റിന്റെ കൈവശമുള്ള സ്ഥലവും കെട്ടിടവും താമസംവിനാ നമുക്കു വിട്ടുകിട്ടുമെന്നും അങ്ങനെ ഹെഡ്ഓഫീസുകെട്ടിടത്തിന്റെ പ്രശ്നം പരിപൂർത്തമാകുമെന്നും നമുക്കു പ്രതീക്ഷിക്കാം.

ഈ സ്ഥലം വിട്ടുകിട്ടിയാലുടനെ മുപ്പതു മുറികളും എങ്കിലും വാടകയ്ക്കു കൊടുത്തുകൊണ്ടുവിധത്തിലും മറ്റാഫീസുമുറികളും, പ്രസ്സു്, പ്രസിദ്ധീകരണശാല, ഇൻഫർമേഷൻബ്യൂറോ, കാത്തലിക്സെന്റർ മുതലായവക്കാവശ്യമായ സ്ഥലസൗകര്യങ്ങളോടുകൂടിയ ഒരു ഹെഡ്ഓഫീസുകെട്ടിടം പണിയണമെന്നുദ്ദേശമുണ്ടു്. ഇതു സാധിച്ചാൽ കെട്ടിടത്തിന്റെ വാടകകൊണ്ടുതന്നെ കോൺഗ്രസ്സിന്റെ ചെലവുകളും നടത്തിക്കൊണ്ടുപോകാവുന്നതാണു്. ഇതിനാവശ്യമായപണം ഭാഗ്യക്കുറി നടത്തി ഉണ്ടാക്കാമെന്നുകരുതി അതിന്റെ അനുവാദത്തിനു എത്രകണ്ടു ശ്രമിച്ചിട്ടും നമ്മുടെ മന്ത്രിമാരുടെയും എം എൽ എ മാരുടെയും നിസ്സഹകരണംമൂലം സാധിച്ചില്ല. മറ്റുവിധത്തിൽ പണം ശേഖരിക്കുന്നതിനു പ്രയത്നിക്കുകയാണു്.

ശേഷം 6–ാംപേജിൽ



(അപ്പച്ചൻ ആറുമാനൂർ)

ഇംഗ്ലീഷ് തീരെ അറിഞ്ഞുകൂടാത്ത ഒരു കുട്ടിയോട് അദ്ധ്യാപകൻ ചോദിച്ചു. ''I don't Know ''എന്നു പറഞ്ഞാൽ എന്താണു് കുട്ടി?

കുട്ടി:– സാർ ''എനിയ്ക്കറിഞ്ഞുകൂടാ.''

അദ്ധ്യാപൻ:– സബാഷ്, ഇരിക്കണം.

o o o

പ്രാസംഗികൻ സദസ്യരിൽ ശേഷിച്ച ഒരാളോടു്'' എന്താ നിങ്ങളും മാത്രം ഇങ്ങനെ ഇരിക്കുന്നതു് മറ്റവരെല്ലാം പോയല്ലോ. ''ഓ. ഒന്നുമല്ല. ഞാനാണു് അടുത്ത പ്രാസംഗികൻ''

o o o

''പുകവലി നിറുത്തുവാൻ യാതൊരു പ്രയാസവുമില്ല''

''ആരുപറഞ്ഞു പ്രയാസമില്ലെന്നു്?''

ഞാനല്ലേ പറഞ്ഞതു്. ഈ മാസത്തിൽ തന്നെ ഏഴുതവണ പുകവലി നിറുത്തിയവനാ ഈ ഞാൻ.

o o o

ഒരു മാനസികരോഗി:–ഡോക്ടർ എനിയ്ക്കു് ചിലപ്പോഴും സ്വയം മരിക്കണമെന്നുപോലും തോന്നിപ്പോകും.

ഡോക്ടർ:– സാരമില്ല, അതു ഞാനേറ്റിരിക്കുന്നു.

o o o

അച്ഛനെയും അമ്മയെയും വധിച്ചു എന്ന കൊലക്കുറ്റത്തിന്റെ വിധി പറയുന്നതിനുമുൻപു് കോടതി കൊലപ്പുള്ളിയോടു ചോദിച്ചു.

''നിങ്ങൾക്കു് അവസാനമായി എന്തെങ്കിലും പറയുവാനുണ്ടോ?

കൊലപ്പുള്ളി:–ബഹുമാനപ്പെട്ട കോടതി അറിയുവാൻ ഞാനൊരനാഥനാണു്. എനിയ്ക്കു് അച്ഛനില്ല, അമ്മയില്ല, എന്നോടു കരുണയുണ്ടാവണം.

o o o

കുത്ത ക്ലിംഗ്ഗ് ഗ്ലാസ് വച്ച ഒരുവൻ തന്റെ സ്നേഹിതനോടു ചോദിച്ചു.

ജോസേ, ഞാൻ ക്ലിംഗ്ഗ്ഗ്ലാസ് വച്ചിട്ടു് ഷയിൻ ചെയ്യുന്നുണ്ടോ?

ഉവ്വു്, മുമ്പിലിത്തേതിലും നന്നായിട്ടുണ്ടു്. മാത്രമല്ല. മുഖത്തു് അത്രയും ഭാഗത്തെ വ്രണങ്ങളുമാറി.

o o o

പത്രാധിപർ:– ഈ കവിത നിങ്ങൾഎഴുതിയതാണെന്നാണോ പറഞ്ഞതു്?

''തീർച്ചയായും''

എന്നിട്ടിതു് ജി. ശങ്കരക്കുറുപ്പിന്റെ ഒരു പുസ്തകത്തിൽ ഞാൻ വായിച്ചിട്ടുണ്ടല്ലോ.

''ഉണ്ടായിരിക്കും, ഇവിടെ എഴുതിയതു് ഞാനാണെന്നല്ലേ പറഞ്ഞുള്ളൂ.''

o o o

ദീനാമ്മേ:– ക്ഷമിക്കണം, ഞങ്ങളുടെ കോഴി നിങ്ങളുടെ നെല്ലു തിന്നു''

മേരിക്കുട്ടി:– ഓ. സാരമില്ല, ക്ഷമിക്കണം നിങ്ങളുടെ കോഴിയെ ഞങ്ങളും തിന്നു.

o o o

അച്ചാമ്മൻ:– നിനക്കു് സ്കൂളിൽ പ്രവേശനം കിട്ടിയോടാ?

ഇല്ലച്ഛാ; അവിടെ സീറ്റെല്ലാം തികഞ്ഞു. ഇനി പ്രവേശനമില്ല.

,,അതു് എങ്ങിനെ മനസ്സിലായടാ''?

ഹെഡ്മാസ്റ്ററുടെ മുറിയുടെ വാതുക്കൽ എഴുതിവച്ചിട്ടുണ്ടു് ''പ്രവേശനം'' ഇല്ലെന്നു്.

o o o

അച്ചാമ്മാ, ''എന്തിനാ നമ്മുടെ പന്നിയുടെ മൂക്കു തുളച്ചു് ഈ വളയം ഇട്ടിരിക്കുന്നതു്.?

അതു് നമ്മുടെ കപ്പേം കാച്ചിലും ഒക്കെ കുത്തി നശിപ്പിക്കാതിരിക്കാൻ.

അപ്പോഴും അമ്മച്ചീടെ മൂക്കുതുളച്ചിട്ടിരിക്കുന്നതോ?

o o o

അദ്ധ്യാപകൻ:–ഈ ക്ലാസ്സിൽ ഇരട്ടപെറ ആരെങ്കിലും ഉണ്ടോ?

ഒരു കുട്ടി എഴുന്നേറ്റിട്ടു്; മറ്റൊരുവനെ ചൂണ്ടിക്കാണിച്ചുകൊണ്ടു പറഞ്ഞു:– ''സാർ, ഇവനിരട്ടപെറതാണു്.''

സാർ, ആ കുട്ടി കള്ളംപറയുന്നതാണു്. ഞാനല്ല. എന്റെ അമ്മയാണു് ഇരട്ട പ്രസവിച്ചതു്.

പത്തു പൈസാ സംഭാവന

അഖിലകേരള കത്തോലിക്കാ കോൺഗ്രസ്

മൂന്നുലക്ഷം ഫണ്ടിലേയ്ക്ക്

ഉദാരമായി സംഭാവന ചെയ്യുവിൻ

എല്ലാവരും **A·K. C. C.** യിൽ അംഗങ്ങളാകുവിൻ

ഫണ്ടുപിരിവും

സംഘടനാപ്രവർത്തനവും

1964 ഡിസംബർ 25 മുതൽ 65 ജനുവരി 25 വരെ

Edited, Printed and Published for the Working Committee of the All Kerala Catholic Congress by Joseph Kalampukattussery, at Deepika Press, Kottayam.